305
OCTOBER - NOVEMBER 2023

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association




# കേരളീയം 2023

## വിദ്യാഭ്യാസ പതിപ്പ്

KERALA PRIVATE
COLLEGE TEACHER

OCT-NOV 2023 **305**

EDITORIAL BOARD

Editor
**Dr. N. Renuka**

Issue Editor
**Dr. Vidhu Narayan**

Managing Editor
**P. Haridas**

Assistant Editor
**Dr. Vidhu Narayan**
**Dr. Devi K Varma**

**Members**
Dr. C. Padmanabhan
Shajitha S
Dr. Manoj T R
Pramod Vellachal
Dr. Sumesh A.S
Dr. M.R. Rajesh
Harinarayanan S
Dr. Bindumol B
Sreelekshmi A R
Shilujas M
Vaisakhan Thampi
Dr. Sreevidhya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives


- *എഡിറ്റോറിയൽ* 3
- *സാമ്രാജ്യത്വം, വിദ്യാഭ്യാസം, നവകേരളം*
**ഡോ. സി. പത്മനാഭൻ** 4
- *തീയപേക്ഷ*
**സഞ്ജയൻ പി.** 6
- *'കേരളീയം' കേരളത്തിന്റെ ഉത്സവം*
**പിണറായി വിജയൻ** 7
- *ഗ്രന്ഥശാലകളും സഹകരണമേഖലയും: തുറസ്സുകൾ നഷ്ടമാകുമ്പോൾ*
**ഡോ. പ്രദീപ്കുമാർ കെ.** 10
- *ഉന്നതവിദ്യാഭ്യാസമേഖല: ദേശീയ മാനങ്ങൾ*
**ജോജി അലക്സ്** 14
- *വനിതാ സംവരണബിൽ: ആശങ്കകളും പ്രതീക്ഷകളും*
**അഡ്വ. പി. സതീദേവി** 18
- *സമവാക്യങ്ങളെ ആർക്കുവേണം!*
**വൈശാഖൻ തമ്പി ഡി.എസ്.** 19
- *ഇന്ത്യയിൽ നിന്നും ഭാരതത്തിലേക്ക്*
**ഡോ. ബിജു ആർ.ഐ., ലിജോ സെബാസ്റ്റ്യൻ** 22
- *കലാപഠനങ്ങളുടെ പ്രസക്തിയും രീതിശാസ്ത്രപരമായ സാധ്യതകളും*
**ഡോ. അനൂപ് വി.** 30
- *ഉന്നതവിദ്യാഭ്യാസപരമ്പരകൾ സമൂഹത്തോട് ചെയ്യുന്നത്*
**കെ.പി. ജയകുമാർ** 33
- *കേരളത്തിലെ കാഴ്ചയില്ലാത്തവരുടെ വിദ്യാഭ്യാസ അവസരങ്ങളും തൊഴിലും അതിജീവനവും ഒരു ഹ്രസ്വ ചരിത്ര വായന*
**ഡോ. ഹബീബ് സി.** 46
- *കായികവിദ്യാഭ്യാസം: പരിവർത്തനത്തിന്റെ വഴികൾ*
**ഡോ. സോണി ജോൺ ടി.** 52


Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

## എഡിറ്റോറിയൽ



ഇന്ത്യയുടെ ചരിത്രവഴികളിൽ എല്ലായ്പ്പോഴും നെടുമ്പാതകൾ ഉപേക്ഷിച്ച് നാട്ടുപാതകളും ഉൾപ്രതലങ്ങളും അന്വേഷിച്ച് പോയ അനുഭവങ്ങളാണുള്ളത്. അതുകൊണ്ടുതന്നെ അതെപ്പോഴും ഏകസ്വരതയെ ചിതറിച്ചു കൊണ്ടിരുന്നു. വൈദേശിക ബന്ധങ്ങൾ, കൊളോണിയൽ കാലഘട്ടം, ഭക്തിപ്രസ്ഥാനം, അബ്രാഹ്മണിക ധാരകൾ, ഫ്യൂഡൽകാലഘട്ടം, നവോത്ഥാന ഘട്ടം എന്നിങ്ങനെയുള്ള സാമൂഹിക പരിണാമഘട്ടങ്ങളിലെല്ലാം ഇന്ത്യയുടെ യാഥാർത്ഥ്യങ്ങൾ പലതായിരുന്നു. പലമയുടെ നാൾവഴികളിൽ വിദ്യാഭ്യാസവും ജനാധിപത്യാനുഭവങ്ങളും ജീവവായു പോലെ ഇന്ത്യയുടെ ഉപദേശീയതകളിലേയ്ക്ക് പടർന്നു. തന്മൂലം ഭരണകൂട ഭീകരതയോടും വംശീയ കലാപങ്ങളോടും വർഗ്ഗീയതയോടും ഏകാധിപത്യ പ്രവണതകളോടും വൈജ്ഞാനികമായി പ്രതിരോധിക്കാൻ എല്ലാക്കാലത്തും ഇന്ത്യൻ ജനത തയ്യാറായി. നവോത്ഥാനത്തിനു ശേഷം ആധുനികമായും ജനകീയമായും പരിഷ്കരിക്കപ്പെട്ട വിദ്യാഭ്യാസ മേഖലയും സ്വാതന്ത്ര്യാനന്തരം നവീകരിക്കപ്പെട്ട കലാപഠന മേഖലയും ഉന്നതമായ മാനവികസങ്കല്പങ്ങളുമായി ഗ്രാമങ്ങളിലേക്ക് പടർന്ന ഗ്രന്ഥശാലകളും സഹകരണമേഖലയും ക്ഷേമരാഷ്ട്രം എന്ന ഉദാത്ത സങ്കല്പത്തെ യാഥാർത്ഥ്യമാക്കുക തന്നെയായിരുന്നു. എന്നാൽ വിവിധ തരത്തിലുള്ള ഏകാധിപത്യ പ്രവണതകളിലൂടെ ഇന്ത്യയുടെ ബഹുസ്വരതയെയും മതേതരത്വത്തെയും ജനാധിപത്യത്തെയും ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്ന കേന്ദ്രഭരണത്തിനെതിരെ നവകേരളം എന്ന ആശയത്തിലൂന്നിക്കൊണ്ട് വൈജ്ഞാനികമായും മാനുഷികമായും  കേരളം ഉയർത്തെഴുന്നേൽക്കുകയാണ്. 'കേരളീയം 2023' എന്ന ഉത്സവഭരിതമായ പരിപാടിയിൽ ജ്ഞാനോദയത്തിന്റെ സ്ഫുരണങ്ങളുണ്ട്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്.

**എഡിറ്റർ**
collegeteacheredt@gmail.com
9746527501




ഡോ. സി. പത്മനാഭൻ

# സാമ്രാജ്യത്വം, വിദ്യാഭ്യാസം, നവകേരളം

ലോകമനഃസാക്ഷിയെ നടുക്കുന്ന സാമ്രാജ്യത്വമോഹങ്ങളും അധിനിവേശ പ്രവണതകളും അഭയാർത്ഥിത്വവും ഇസ്ലാം വിരുദ്ധ നിലപാടുകളും യുദ്ധവും അശാന്തിയും അരക്ഷിതത്വവും ആഗോളതലത്തിൽ മനുഷ്യസമൂഹങ്ങളെ ചിതറിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ മാതൃകാപരമായ രാജ്യാന്തര മേളയ്ക്ക് തുടക്കമിടുന്നത്. കേരളീയം 2023 എന്ന പരിപാടിയിൽ മനുഷ്യരുടെ സർവതോമുഖമായ വികസനത്തിന് സംസ്ഥാന ഭരണകൂടം നേതൃത്വം കൊടുക്കുന്ന വഴികളെക്കുറിച്ച് നടത്തുന്ന താത്വിക വിശകലനങ്ങളും വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രദർശനങ്ങളും ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അനേകം കോണുകളിൽ നിന്ന് നോക്കിക്കാണുവാനും സ്വയംവിമർശനപരമായി നവീകരിക്കുവാനും സഹായിക്കുന്ന ഒന്നാണ്. നവകേരള നിർമ്മാണത്തിന്റെ പരിപ്രേക്ഷ്യം രൂപീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടക്കുന്ന പ്രബന്ധാവതരണങ്ങളിൽപ്പോലും ഒരു നാടിന്റെ പുരോഗതി അവിടുത്തെ വൈജ്ഞാനിക മണ്ഡലത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്ന രാഷ്ട്രീയ ധ്വനിയുണ്ട്.

സാങ്കേതിക വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നിങ്ങനെ അറിവുല്പാദനത്തിന്റെയും വിതരണത്തിന്റെയും വഴികളിൽ എല്ലാം കേരളം തിരഞ്ഞെടുത്തത് ദേശീയ മാതൃകയല്ല. വംശീയദ്വേഷത്തിനും അന്ധവിശ്വാസങ്ങൾക്കും അശാസ്ത്രീയതയ്ക്കും ബദലായി മനുഷ്യത്വവും ശാസ്ത്രീയതയും മതേതരത്വവും ആഭ്യന്തര മൂല്യങ്ങളായി വരുന്ന രീതിയിലാണ് കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. നവോത്ഥാനത്തിൽ നിന്ന് ആരംഭിച്ച ശാസ്ത്രബോധവും വിമതസ്വഭാവമുള്ള സമൂഹസങ്കല്പങ്ങളും ജനകീയമായ വിദ്യാഭ്യാസ പദ്ധതികളും വികസനനയങ്ങളും വിവിധ സാമൂഹിക പരിണാമഘ


Courtesy: The Wire

> **നവോത്ഥാനത്തിന്റെ ചരിത്രാനുഭവങ്ങളിൽനിന്ന് ഏകാധിപത്യത്തിന്റെയും മതാത്മകതയുടെയും മനുഷ്യവിരുദ്ധതയുടേതുമായ തലങ്ങളിലേക്ക് ഉപദേശീയതകളെ നയിക്കുവാൻ യതിക്കുന്ന കേന്ദ്രഭരണകൂടം ഇവിടെ നിലനിൽക്കുന്നു എന്നത് തന്നെയാണ് നമുക്ക് മുൻപിലുള്ള സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വെല്ലുവിളി.**

ട്ടങ്ങളിലൂടെ പുരോഗതിയിലേക്ക് നീങ്ങുന്ന കാഴ്ച തന്നെയാണ് ഏറ്റവും സാർത്ഥകമായ ജനാധിപത്യാനുഭവം.

നവോത്ഥാനത്തിന്റെ ചരിത്രാനുഭവങ്ങളിൽനിന്ന് ഏകാധിപത്യത്തിന്റെയും മതാത്മകതയുടെയും മനുഷ്യവിരുദ്ധതയുടേതുമായ തലങ്ങളിലേക്ക് ഉപദേശീയതകളെ നയിക്കുവാൻ യതിക്കുന്ന കേന്ദ്രഭരണകൂടം ഇവിടെ നിലനിൽക്കുന്നു എന്നത് തന്നെയാണ് നമുക്ക് മുൻപിലുള്ള സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വെല്ലുവിളി. യുക്തീകരണ പ്രക്രിയയുടെ ഭാഗമെന്ന നിലയിൽ വികലമായും വിഭാഗീയമായും നടക്കുന്ന പാഠപുസ്തക സംശോധനങ്ങളും ഏകീകരണ പ്രവർത്തനങ്ങളും പൊതുമേഖലാ സംവിധാനങ്ങളെ സൂക്ഷ്മതലത്തിൽ തന്നെ ശിഥിലമാക്കുകയാണ്. സഹകരണമേഖലയിലേയ്ക്കുള്ള കടന്നുകയറ്റങ്ങളും സംസ്ഥാന പട്ടികയിൽ ഉൾപ്പെട്ടുന്ന ഗ്രന്ഥശാലകളെ സമവർത്തി പട്ടികയിൽ ഉൾപ്പെടുത്താനുള്ള നീക്കങ്ങളും പ്രതിപക്ഷ സ്വരങ്ങളെ അടച്ചുകളഞ്ഞു കൊണ്ടുള്ള മാധ്യമവേട്ടയും തീവ്രഹിന്ദുത്വ ആശയങ്ങളുടെ പ്രത്യക്ഷ സൂചകമെന്ന നിലയിൽ 'ഇന്ത്യ'യിൽ നിന്ന് 'ഭാരത' ത്തിലേയ്ക്കുള്ള പിൻയാത്രയും പരമാധികാരത്തെ സാംസ്കാരികമായി ഉറപ്പിക്കാനുള്ള ശ്രമങ്ങളാണ്. ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 111 എന്ന സ്ഥാനത്തേയ്ക്ക് എത്തിച്ചേർന്നിരിക്കുന്ന എന്ന കണക്ക് തന്നെ കേന്ദ്രഭരണകൂടത്തിന്റെ ക്ഷേമരഹിത സങ്കല്പങ്ങൾക്ക് തെളിവാണ്.

നവോത്ഥാന സങ്കല്പങ്ങളും പുനരുത്ഥാനവാദങ്ങൾക്കു മറവിൽ രൂപപ്പെടുന്ന ജനവിരുദ്ധ ആശയങ്ങളും ഒരേപോലെ നിലനിൽക്കുന്ന സങ്കീർണ്ണമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ ആണ് കേരളം നവകേരള പദ്ധതിയുമായി ആഗോള നിലവാരത്തിലേയ്ക്ക് കുതിക്കുന്നത് എന്നത് ആശാവഹമായ ഒന്നാണ്. വിജ്ഞാന വിസ്ഫോടനത്തിലൂടെ ഗവേഷണത്തെയും സംരംഭകത്വത്തെയും സാമൂഹിക സാഹചര്യത്തെയും പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പരിഷ്കരണ യജ്ഞം ലോകത്തിന് തന്നെ മാതൃകയാവുകയാണ്. ചരിത്രം, സാമൂഹിക ശാസ്ത്രം, ശാസ്ത്രം, മാധ്യമപഠനം, ഭാഷ, കലാപഠനം എന്നിങ്ങനെ വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളും ഘടനാപരമായ പരിഷ്കാരങ്ങളും സർവകലാശാല തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വൈജ്ഞാനിക ചർച്ചകൾക്ക് മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല.

**സഞ്ജയൻ പി.**
എസ് ഡി. കോളേജ് ആലപ്പുഴ

# തീയുഴപ്പക്കി

ഇടിവെട്ടലിന്റേം
പേമാരീടേം കൂടെയിരുന്ന്
പള്ളിക്കൂടത്തിൽ
വെയില് പോലെ പഠിക്കണം

ഇപ്പോ തകർന്നുവീഴുമെന്ന
പെട്ടിക്കടയിലെ
സിഗററ്റ് മൊട്ടായി തിന്നണം

ആരുമില്ലെന്ന നോട്ടത്തിനൊപ്പം
വാലാട്ടി നടന്ന്
ഒളിവടി കൊണ്ട്
ചാവാലി ജീവിതം നുണയണം

രാവിലേ,യുണ്ട
ചോറ്,
കടുവറവിൽ
ഒന്നൂടെ മണക്കണം

നാലഞ്ച് ചീത്തകേൾക്കണം

പറമ്പിലെ
ചെളിതട്ടിത്തെറിപ്പിച്ച്
സിന്ദൂരം തൊടണം

പുളിമരം
ചുറ്റിക്കയറണം

പല വഴക്കിനും
സാക്ഷിയാവണം

പാതിയുറങ്ങുന്ന
പശുവാകണം
അരയുന്ന
പുല്ലാവണം

ഓർമ്മയിലെ
ബാല്യത്തെ
ഓതി വരുത്തണം

ഉരുകി
ഉരുക്കലിൻ
കഥ കാര്യമാക്കണം..

ഇട
യ്ക്കിടെ
യുടച്ചു
വാർക്കണം..!

**പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി

# 'കേരളീയം' കേരളത്തിന്റെ ഉത്സവം

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ചക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേരളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജ്ജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരിക തനിമയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകത്തുതന്നെ അത്യപൂർവം ഭാഗങ്ങളിലുള്ള ദേശങ്ങൾക്കു മാത്രം സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങളുള്ള നാടാണ് നമ്മുടേത്. ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടും സാംസ്കാരിക സവിശേഷതകൾ കൊണ്ടും ആർജിച്ച നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. അങ്ങനെയുള്ള ഒരു നാടിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്നതാണ് 'കേരളീയം 2023' മുന്നോട്ടുവയ്ക്കുന്ന ആശയം.



'കേരളീയത' ഒരു വികാരമാവണം. ആ വികാരത്തിൽ കേരളീയരാകെ ഒരുമിക്കണം. തീർച്ചയായും ഭാരതീയതയുടെ ഭാഗമായിത്തന്നെ നിൽക്കുന്ന, ഭാരതത്തിനാകെ അഭിമാനം നൽകുന്ന, കേരളീയത എന്താണെന്ന് ലോകമറിയണം. കേരളീയത്തിലേക്ക ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായിനൊബേൽ ജേതാക്കളടക്കമുള്ള അതിപ്രഗത്ഭർ എത്തുകയാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള പ്രമുഖരുടെ സാന്നിധ്യം നമുക്ക് പ്രയോജനപ്പെടുത്തണം. അവർ തിരികെപ്പോയി കേരളത്തെക്കുറിച്ച് സ്വന്തം നാട്ടുകളിൽ പറയുന്നത്, എഴുതുന്നത് ഒക്കെ കേരളത്തിന്റെ ഭാവിക്കും വളരെയേറെ പ്രയോജനപ്പെടും.


മാറുന്ന കാലത്തിനനുസരിച്ച് അതിവേഗം മുന്നോട്ടു നീങ്ങുന്ന സമൂഹമാണ് കേരളം. ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോൾത്തന്നെ നമ്മൾ ലോകത്തിനു മാതൃകയാണ്. സാക്ഷരത, പൊതുജനാരോഗ്യം, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പെൻഷനുകൾ, കലാ-സാഹിത്യ സാംസ്കാരിക മികവ്, വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിലെ ആധുനിക സംവിധാനങ്ങൾ, സ്ത്രീ - പുരുഷ സമഭാവന, ട്രാൻസ്ജെൻഡറുകളെ അടക്കം ഉൾച്ചേർക്കുന്ന പുരോഗതി, അധികാരവികേന്ദ്രീകരണം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവഹണവും, ഉയർന്ന ജീവിതനിലവാരം, ശാസ്ത്രബോധം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്.

ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. ഇങ്ങനെ ഭൗതികവും മാനസികവുമായ പുരോഗതി ഒരുപോലെ ആർജിച്ച സമൂഹമാണ് കേരളം. ഈ പ്രത്യേകതകൾ ലോകമറിയുന്നതിന് 'കേരളീയം 23' ഉപകരിക്കും.

ഇരുട്ടിലായിപ്പോയ ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. അവിടെനിന്നും നവോത്ഥാന - പുരോഗമന - രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മളെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തി. മനുഷ്യനെ മനുഷ്യനായി കാണാനും മനുഷ്യാന്തസ്സിന്റെ മഹത്വം മനസ്സിലാക്കാനും ആ സാമൂഹിക മുന്നേറ്റങ്ങൾ നമ്മളെ സഹായിച്ചു. ഐക്യകേരളം രൂപപ്പെടുമ്പോൾത്തന്നെ, സമൃദ്ധമായ ഈ ചരിത്രം ഭാവികേരളം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന് വലിയ സംഭാവന നൽകിയിരുന്നു. അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും കേരളീയം.

മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപ്പം തന്നെ ഉയർന്നുവന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക മുന്നേറ്റത്തിൽ മലയാളിസമൂഹവും വലിയ പങ്കുവഹിച്ചു. ആ നാട്ടുകൾക്ക് നമ്മളോട് വലിയ താൽപര്യമുണ്ട്.

സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അന്യനാട്ടുകളുമായി വാണിജ്യ ബന്ധം നമ്മൾ കാത്തുസൂക്ഷിച്ചി








രുന്നു. ആ ബന്ധത്തിലൂടെ വന്നിറങ്ങിയത് വാണിജ്യ വസ്തുക്കൾ മാത്രമല്ല, ലോകത്തിന്റെ പല കോണുകളിലുണ്ടായ സംസ്കാരങ്ങൾ കൂടിയാണ്. അവയിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ നാടിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് പകർന്നുനൽകാനും കഴിഞ്ഞിട്ടുണ്ട്. സമ്പന്നമായ ഈ സാമൂഹിക - സാംസ്കാരിക പൈതൃകവും സവിശേഷമായ പ്രകൃതിസൗന്ദര്യവും ലോകത്തിനു മുന്നിൽ നന്നായി അവതരിപ്പിക്കേണ്ടതുണ്ട്.

ലോകം ശ്രദ്ധിച്ച കേരളവികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നി നിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ് കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്. കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കാനും ലോക വൈജ്ഞാനിക രംഗത്തു നിന്നും കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളാനും പുത്തൻ അറിവിന്റെയും അവസരങ്ങളുടെയും ലോകം എന്തെന്ന് തിരിച്ചറിയാനും കേരളീയം വഴിയൊരുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെയും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും. കേരളത്തിന്റെ സമഗ്രമായ വികസന കാഴ്ചപ്പാടിനെ കേരളീയം ഉത്തേജിപ്പിക്കുക തന്നെ ചെയ്യും. അങ്ങനെ അടുത്ത 25 വർഷത്തിൽ വികസിത മധ്യ വരുമാന രാജ്യങ്ങളുടെ ജീവിതനിലവാരത്തിലേക്ക് എത്തുക എന്ന കേരളത്തിന്റെ ലക്ഷ്യത്തിന് അത് ഊർജ്ജം പകരും.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടാനുള്ള പ്രചാരണങ്ങൾ ഉണ്ടാകുന്ന കാലമാണിത്. മതനിരപേക്ഷമായി നിലനിൽക്കുന്ന നമ്മുടെ സമൂഹം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടി അവിടേക്ക് വർഗ്ഗീയതയുടെ വിഷം കുത്തിവയ്ക്കാനാണ് ചില ശക്തികൾ ശ്രമിക്കുന്നത്. ഇതെല്ലാം വെറും കുപ്രചരണങ്ങൾ മാത്രമാണെന്നും യഥാർത്ഥ കേരളം എന്തെന്നും ലോകസമക്ഷം ഉയർത്തിക്കാട്ടാൻ കേരളീയത്തിനു കഴിയും.

കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നടക്കാൻ പോകുന്നത്. കേരളീയർ എന്ന നിലയിലുള്ള നമ്മുടെ അഭിമാനബോധം വർദ്ധിപ്പിക്കുന്ന ഒന്നാവും കേരളീയം. വരാൻ പോകുന്ന കാലത്ത് ലോകരംഗത്ത് കേരളത്തിന്റെ സ്വീകാര്യത ഉയർത്തുന്ന മഹത്തായ സംരംഭം എന്ന നിലയ്ക്കാണ് ജനമനസ്സിൽ കേരളീയം സ്ഥാനംപിടിക്കാൻ പോകുന്നത്.

**ഡോ. പ്രദീപ് കുമാർ കെ.**
ശ്രീ വ്യാസ എൻ.എസ്.എസ് കോളജ്, വടക്കാഞ്ചേരി

# ഗ്രന്ഥശാലകളും സഹകരണമേഖലയും: തുറസ്സുകൾ നഷ്ടമാകുമ്പോൾ

ഫാഷിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് അത് പരമമായ അധികാരത്തെ കാംക്ഷിക്കുന്നു എന്നതാണ്. ജനജീവിതത്തിന്റെ സകല മേഖലകളിലും സമ്പൂർണ്ണമായ ആധിപത്യം സ്ഥാപിക്കാനുള്ള അതിന്റെ സവിശേഷമായ രീതിശാസ്ത്രത്തിൽ പെടുന്നതാണ് കേന്ദ്രീകരണവും ഏകീകരണവും. ഒരേസമയം ഇതര സമൂഹങ്ങളെയും വിഭാഗങ്ങളെയും തങ്ങൾക്ക് അവകാശപ്പെട്ട അധികാരത്തിന് കീഴ്പ്പെടുത്തുവാൻ ബലപ്രയോഗം നടത്തുകയും അതോടൊപ്പം തന്നെ അവരുടേതടക്കമുള്ള വിഭവങ്ങളെല്ലാം അധീനപ്പെടുത്തുവാനുള്ള മൂലധന താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുകയാണ് ഫാഷിസത്തിന്റെ രീതി. സമീപകാലത്ത് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന,രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ഏകീകരണ ശ്രമങ്ങൾ വിരൽ ചൂണ്ടുന്നതും മറ്റൊന്നിലേക്കല്ല . ഏകീകൃത സിവിൽ കോഡ് ,ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച നീക്കങ്ങൾ, ആർട്ടിക്കിൾ 370 പോലെയുള്ള സവിശേഷമായ സംരക്ഷണ സംവിധാനങ്ങൾ റദ്ദാക്കൽ, ഭരണഘടനയുടെ സംസ്ഥാന,സമവർത്തി പട്ടികകളിലെ വിഷയങ്ങളിലേക്കുള്ള കടന്നുകയറ്റം എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

ഏകീകൃത സിവിൽ കോഡിന്റെ പുരോഗമനപരമായ മുഖംമൂടിക്ക് പുറകിൽ ഇന്ത്യയിലെ ഏകദേശം 300 ഓളം വരുന്ന മത ,ജാതി, ഉപജാതി സാംസ്കാരിക വിഭാഗങ്ങളിൽ ചിലതിന്റെ അവകാശങ്ങളെയും സംസ്കാരങ്ങളെയും മാത്രം തെരഞ്ഞുപിടിച്ച് വെട്ടി നിരത്തുന്ന വിദ്വേഷ രാഷ്ട്രീയമാണ് എന്ന് ഇതിനകം തന്നെ വ്യക്തമായി കഴിഞ്ഞിട്ടുള്ളതാണ്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' നീക്കമാകട്ടെ നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തെയും ജനാധിപത്യ ക്രമത്തെയും തകർത്ത് അധികാരങ്ങളെല്ലാം ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്ന പ്രസിഡൻഷ്യൽ സമ്പ്രദായം കൊണ്ടുവരുന്നതിനും അതിലൂടെ ഏകാധിപത്യ ഭരണക്രമത്തിലേക്ക് നീങ്ങാനുമുള്ളതാണെന്നസംശയം ബലപ്പെട്ടു കഴിഞ്ഞു..

സർവകലാശാലകൾ പിടിച്ചെടുത്തും വൈസ് ചാൻസലർമാരെ ആജ്ഞാനുവർത്തികളാക്കി മാറ്റിയും ഹിന്ദുത്വ തീവ്രവാദ രാഷ്ട്രീയ പദ്ധതികൾ രാജ്യത്തെമ്പാടും നടപ്പാക്കാനുള്ള ശ്രമങ്ങൾ ഭരണകൂടം ആരംഭിച്ചിട്ട് എത്രയോ കാലമായി. അതിന്റെ ഏറ്റവും പുതിയ രൂപമാണ് പാഠ്യപദ്ധതി - പാഠ്യവസ്തു രൂപീകരണത്തിൽ സർവ്വകലാശാലകളുടെ സ്വയംഭരണത്തെ അട്ടിമറിച്ചുകൊണ്ട് യൂണിയൻ സർക്കാരും വിദ്യാഭ്യാസ ഏജൻസികളും നേരിട്ട് ഇടപെടുന്നത്. വൈവിധ്യപൂർണമായ ഇന്ത്യൻ മണ്ണിൽ ഹിന്ദുത്വ തീവ്രവാദ രാഷ്ട്രീയത്തിൽ അധിഷ്ഠിതമായ, ഏകശിലാത്മകമായ സാംസ്കാരിക ദേശീയതയുടെ



പ്രത്യയശാസ്ത്രത്തിന് സാധുത നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇപ്പോൾ സംസ്ഥാന പട്ടികയിൽ ഉള്ള ഗ്രന്ഥശാലകളെ സമവർത്തി പട്ടികയിൽ ഉൾപ്പെടുത്താനുള്ള കേന്ദ്രനീക്കം ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംഭവിച്ചിട്ടുള്ളത്. 2023 ൽ ദേശീയതലത്തിൽ ആദ്യമായി സംഘടിപ്പിക്കപ്പെട്ട ലൈബ്രറി ഫെസ്റ്റിവലിൽ വച്ചാണ് ഗ്രന്ഥശാലകളെ സംസ്ഥാന ലിസ്റ്റിൽ നിന്നും കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റുന്ന എന്ന വിവരം വെളിപ്പെട്ടത്. തീവ്രഹിന്ദുത്വ പ്രചാരകരായ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും കേന്ദ്രമന്ത്രി മീനാക്ഷി ലേഖിയും നടത്തിയ പ്രസംഗങ്ങളുടെ രത്നച്ചുരുക്കം തന്നെ ഇന്ത്യയുടെ സാംസ്കാരിക ഏകീകരണം എന്നതായിരുന്നു. രാജാറാം മോഹൻ റോയ് ഫൗണ്ടേഷന്റെ കണക്കനുസരിച്ച് രാജ്യത്ത് 46,746 പൊതു ഗ്രന്ഥശാലകൾ ഉണ്ട്. സർവകലാശാലകളുടെയും കോളേജുകളുടെയും ഗ്രന്ഥശാലകൾ ഇതിൽ പെടില്ല. രാജ്യത്തെ മൊത്തം ഗ്രന്ഥാലയങ്ങളുടെ വലിയൊരു പങ്ക് -- 9515 എണ്ണം -- കേരളത്തിലാണ് . രാജ്യത്തൊട്ടാകെ 202925 പേർക്ക് ഒരു ഗ്രന്ഥശാല എന്നാണെങ്കിൽ കേരളത്തിൽ അത് 3510 പേർക്ക് ഒന്ന് എന്ന സ്ഥിതിയിലാണ്. വർണ്ണ, വർഗ, മത ജാതി വ്യത്യാസങ്ങൾക്കപ്പുറം എല്ലാവരും സോദരത്വേന വർത്തിക്കുന്ന, നാടിൻെറ അനന്ത വൈചിത്ര്യങ്ങളെ ഘോഷിക്കുന്ന നമ്മുടെ ഗ്രന്ഥശാലകൾ, പ്രത്യക്ഷത്തിൽ ഗ്രാമങ്ങൾ ഇല്ലാതായപ്പോഴും ഗ്രാമ സിരാകേന്ദ്രങ്ങളായി നില കൊണ്ടു.നവോത്ഥാനത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ദേശീയ പ്രസ്ഥാനത്തോടൊപ്പം വളർന്ന വന്ന കേരളത്തിലെ ഗ്രന്ഥശാലകൾ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വിഭാഗീയതകൾക്കും എതിരായി നിലപാടെടുക്കുകയുംജനാധിപത്യവും മതേതരത്വവും ഉയർത്തിപ്പിടിക്കുകയും ചെയ്ത് പുരോഗമന ആശയങ്ങളുടെ പ്രചാരകരായി മാറിയതുകൊണ്ട് കൂടിയാണ് കേരളം ഇന്നത്തെ കേരളമായത്.സമ്പൂർണ്ണ സാക്ഷരതായജ്ഞമാണ് ഏറ്റവും ഉദാത്തമായ ഒരു ഉദാഹരണം : രാഷ്ട്രീയവും സാമൂഹികവുമായ ആ ചരിത്രത്തിന്റെ നേരവകാശികളായി സുശക്തമായ ഗ്രന്ഥശാല പ്രസ്ഥാനം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സുശക്തമായ ജനാധിപത്യ അടിത്തറയോടു കൂടി പ്രവർത്തിക്കുന്ന ജനകീയവേദിയാണത്. ഇപ്പോഴും സമൂഹത്തിലെ വയോജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും ജീവിതത്തിൽ സജീവമായി ഇടപെടുന്ന, ശാക്തീകരണ, ബോധവൽക്കരണ പരിപാടികളുമായി സാമൂഹിക ജീവിതത്തിൽ നേരിട്ട് ഇടപെടുന്ന ഗ്രന്ഥശാലകൾ പ്രക്ഷേപിക്കുന്ന സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും രാഷ്ട്രീയം ഒറ്റയടിക്ക് ഇല്ലാതാക്കാനും ദേശീയ ഡിജിറ്റൽ ലൈബ്രറിയിലൂ

ടെയും നിയന്ത്രണ മാർഗങ്ങളില്ലൂടെയും തങ്ങളുടെ ആശയ പ്രചരണങ്ങൾ നിർബാധം നടത്താനുമാണ് ഗ്രന്ഥശാലകൾ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. ഒരൊറ്റ രാജ്യം, ഒരൊറ്റ സംസ്കാരം, ഒരൊറ്റ മതം, ഒരൊറ്റ തെരഞ്ഞെടുപ്പ് എന്നിങ്ങനെ ഏകാധിപത്യത്തിലേക്കുള്ളചുവടുവെപ്പുകളിൽ ഒന്നായാണ് ഗ്രന്ഥശാല പ്രസ്ഥാനത്തെ സമവർത്തി പട്ടികയിൽ പെടുത്തുന്ന നീക്കത്തെയും കാണേണ്ടത്.

ഏതാണ്ട് ഇതേ ദുഷ്ടലാക്കോട് കൂടി തന്നെയാണ് സഹകരണ മേഖലയിൽ കേന്ദ്രസർക്കാർ ഇടപെടുന്നത്. 1919 ലെ മൊണ്ടേഗു -ചെംസ്ഫോഡ് ഭരണ പരിഷ്കാരം മുതൽ ഒരു നൂറ്റാണ്ടിൽ അധികം കാലമായി സംസ്ഥാന ലിസ്റ്റിലുള്ള സഹകരണ മേഖലയിൽ നിയമനിർമ്മാണത്തിലൂടെ കടന്നു കയറാനാണ് കേന്ദ്രസർക്കാരിന്റെ നീക്കം.ഇതിന്റെ ഭാഗമായി 2021 ജൂലൈ മാസത്തിൽ കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിക്കുകയും ആഭ്യന്തരമന്ത്രി അമിത് ഷാ സഹകരണ മന്ത്രിയായിചുമതല ഏൽക്കുകയും ചെയ്തു. രാജ്യത്ത് ആകമാനം സഹകരണ പ്രസ്ഥാനത്തിന് നിയമപരവും നയപരവുമായ ചട്ടക്കൂട് നൽകാനും ശക്തിപ്പെടുത്താനും വേണ്ടി എന്നാണ് ഭാഷ്യം. സംസ്ഥാന ലിസ്റ്റിലുള്ള സഹകരണ മേഖലയിൽ കൈകടത്താൻ ഉള്ള നീക്കം രാഷ്ട്രീയമായും സാമ്പത്തികമായും ദുരുപദിഷ്ടമാണ്. 2011 ൽ സഹകരണ മേഖലയിൽ കേന്ദ്രസർക്കാരിന് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് പാർലമെന്റ് അംഗീകരിച്ച 97-ാമത് ഭരണഘടനാഭേദഗതിയിലെ ചില ഭാഗങ്ങൾ സുപ്രീം കോടതി റദ്ദാക്കിയിരുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ 32-ാമത്തെ എൻട്രി, ആർട്ടിക്കിൾ 368(2) എന്നിവയിൽ സഹകരണ സംഘങ്ങൾ സ്റ്റേറ്റ് ലിസ്റ്റാണെന്ന് അസന്ദിഗ്ധമായി വ്യവസ്ഥ ചെയ്യുന്നത് കോടതി ചൂണ്ടിക്കാണിച്ചു. മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റികൾ എന്നത് തന്നെ നിയമവിരുദ്ധമാണെന്ന് പ്രസ്തുത വിധിയിൽ ന്യൂനപക്ഷ വിധിയായി ഒരു ന്യായാധിപൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. 2023ജൂൺ മാസത്തിൽ പാർലമെന്റ് അംഗീകരിച്ച മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റി (ഭേദഗതി) ബിൽ സുപ്രീം കോടതി തീർത്ത സംരക്ഷണ കവചം ഫലത്തിൽ ഇല്ലാതാക്കും.

ഗ്രന്ഥശാലകൾ പോലെ സഹകരണ രംഗവും ഏറ്റവും ശക്തമായി പ്രവർത്തിക്കുന്നത് കേരളത്തിലാണ്. മേലാള വർഗ്ഗത്തിന്റെ ചൂഷണത്തിനെതിരായി സംഘടിച്ച സാധാരണ കർഷകരാണ് കേരളത്തിലും സഹകരണ മേഖലയ്ക്ക് തുടക്കമിട്ടതെങ്കിൽ പിന്നീട് അതിവേഗത്തിൽ പാവപ്പെട്ടവരുടെയാകെ അത്താണിയായി സഹകരണ



മേഖല വളർന്നു. കേരളത്തിലെ ഗ്രാമീണ സാമ്പത്തിക ഉത്പാദനത്തിന്റെ സ്രോതസ്സ് പടർന്നു പന്തലിച്ച സഹകരണ സംഘങ്ങളാണ് എന്ന് സംശയലേശമന്യേ പറയാം. കേരളത്തിൽ സഹകരണ മേഖലയിൽ ആകെയുള്ള നിക്ഷേപം രണ്ടര ലക്ഷം കോടി രൂപയാണ് ഒന്നേമുക്കാൽ ലക്ഷം കോടി രൂപ സാധാരണക്കാർക്ക് വായ്പ നൽകിയിട്ടുണ്ട്. ഇതിനും പുറമേ അയൽക്കൂട്ടങ്ങളിലൂടെയും ജെ എൽ ജി കളിലൂടെയും സംരംഭകത്വം വികസിപ്പിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുന്ന നിരവധി പദ്ധതികൾ സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്നുണ്ട്. ഇവ കൈകാര്യം ചെയ്യുന്ന വൈവിധ്യമാർന്ന സാമ്പത്തിക പ്രവർത്തനങ്ങൾ കോർപ്പറേറ്റുകളുടെ വായിൽ വെള്ളമൂറിക്കുന്നതാണ്. പൊതുമേഖല ബാങ്കുകളെ കൊള്ളയടിക്കുന്ന കോർപ്പറേറ്റുകൾ അടുത്തതായി ലക്ഷ്യമിടുന്നത് സഹകരണ മേഖലയെ ആണ് എന്ന് ചങ്ങാത്ത മുതലാളിത്തത്തിന്റെ വക്താക്കളായ കേന്ദ്രസർക്കാരിന്റെ നീക്കത്തിൽ നിന്നും വ്യക്തമാണ്.2023 റിസർവ് ബാങ്ക് പുറത്തുവിട്ട കണക്കുപ്രകാരം 2020 ഏപ്രിൽ ഒന്നു മുതൽ 2023 മാർച്ച് 31 വരെയുള്ള മൂന്ന് സാമ്പത്തിക വർഷം മാത്രം 2,24,460 കോടി രൂപയുടെ തട്ടിപ്പുകളാണ് ഇന്ത്യയിലെ വാണിജ്യ പൊതുമേഖല ബാങ്കുകളിൽ നടന്നത്. ഇതെല്ലാം വൻകിട കോർപ്പറേറ്റ് തട്ടിപ്പുകളാണ്.

ഇതോടൊപ്പം രാഷ്ട്രീയമായി തങ്ങൾക്ക് ബാലികേറാമലയായ കേരളത്തിൽ സഹകരണ സ്ഥാപനങ്ങളെ തകർത്ത് പുതിയ കേന്ദ്ര നിയമപ്രകാരം സഹകരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് സൂക്ഷ്മതലത്തിൽ ഇടപെടുന്നതിലൂടെ രാഷ്ട്രീയ അധികാരം നേടാനാകുമെന്ന് സംഘപരിവാർ കരുതുന്നു. നിലവിൽ സംസ്ഥാന സഹകരണ രജിസ്ട്രാറുടെ അനുമതിയോടുകൂടി മാത്രമേ കേരളത്തിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനാകൂ. എന്നാൽ മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കുകൾ ഈ നിയന്ത്രണ സംവിധാനങ്ങൾക്ക് പുറത്താണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും അനുമതി കൂടാതെ യഥേഷ്ടം സഹകരണ സംഘങ്ങൾ ആരംഭിക്കാനും മൂലധന സമാഹരണം നടത്താനും കഴിയുന്ന സാഹചര്യമാണ് രാജ്യത്തെമ്പാടും സംജാതമാകുന്നത്. ഓഡിറ്റിങ്ങും പരിശോധനയും അടക്കം യാതൊരു തരത്തിലുമുള്ള നിയന്ത്രണ സംവിധാനങ്ങളും അവയ്ക്ക് മേൽ ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല. കേരളത്തിൽ ഇതിനകം 38 മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കുകൾ ആരംഭിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന 68 മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കുകളുടെ ബ്രാ



ബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നു ണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങൾ നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിക്ഷേപങ്ങൾ ക്ക് നൽകാൻ ഇവയ്ക്ക് കഴിയും. അസമമായ ഒരു മത്സരത്തിനാണ് കളമൊരുങ്ങുന്നത്.എന്നാൽ സഹ കാരികളുടെ നിക്ഷേപത്തിന് ഗ്യാ രണ്ടിയൊന്നുമില്ല.

ഇത് ഏറ്റവും പ്രതികൂലമായി ബാ ധിക്കുക കേരളത്തിലെ സഹകര ണരംഗത്തെ ആകുമെന്ന് പ്രത്യേ കം പറയേണ്ടതില്ലല്ലോ. ഇതിനും പുറമേ 2020ൽ റിസർവ് ബാങ്ക് അർബൻ ബാങ്കുകൾക്ക് മേൽ കർ ശനമായ നിയന്ത്രണങ്ങൾ ഏർപ്പെ ടുത്തിയിരിക്കുകയാണ്.

കേന്ദ്ര സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക കാർ ഷിക, ക്ഷീര, മത്സ്യ മേഖലകളിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രണ്ടുലക്ഷം പ്രാഥമിക സഹകരണ സംഘങ്ങൾ എങ്കിലും സ്ഥാപിക്ക ണമെന്നാണ് കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ തീരുമാനം. കേരളത്തിലെ സഹകരണ മേഖല അഴിമതിയുടെയും സാമ്പത്തിക ക്രമക്കേടുകളുടെയും കൂത്തരങ്ങാണ് എന്ന പ്രചാരണം ഒരു വശത്ത് ആസൂത്രിതമായി നടക്കുന്നുണ്ട്. ഇതുരണ്ടും ചേർത്തുവച്ച് വായിക്കു മ്പോൾ കേരളത്തിലെ സഹകരണ മേഖലയെ തകർത്തുകൊണ്ട്അവി ടെ ആധിപത്യം ഉറപ്പിക്കാനുള്ള പദ്ധതി തെളിഞ്ഞു കാണാം.

ഗ്രന്ഥശാലാപ്രസ്ഥാനത്തിനും സഹകരണ മേഖലയ്ക്കും നേരെയു ള്ള കടന്നുകയറ്റത്തെ ഒറ്റപ്പെട്ട സം ഭവങ്ങളായി കാണാനാവുകയില്ല. രാജ്യത്തെ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും അവശേ ഷിച്ച തുരുത്തുകളെ കൂടി ഇല്ലാതാ ക്കാനും അതോടൊപ്പം തങ്ങളുടെ കുറ്റ ചങ്ങാതിമാരായ കോർപ്പറേറ്റു കൾക്ക് പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്താനും വേണ്ടി അതീവ കൗശലത്തോടെ നടത്തുന്ന ആസൂത്രിത നീക്കത്തിന്റെ ഭാഗമാ ണിതെല്ലാം. അതുകൊണ്ടുതന്നെ രാഷ്ട്രീയവും സാംസ്കാരികവുമായ ചെറുത്തുനിൽപ്പിലൂടെ മാത്രമേ ഇതിനെ തടയാനാകൂ.

**ജോജി അലക്സ്**
ഐഫക്റ്റോ, ദക്ഷിണ മേഖലാ സെക്രട്ടറി


# ഉന്നതവിദ്യാഭ്യാസമേഖല: ദേശീയ മാനങ്ങൾ


നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗം ഒരു പക്ഷേ ചരിത്രത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത വിധം വളരെ കലുഷവും സങ്കീർണ്ണവുമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്. മൂന്നാം വിദ്യാഭ്യാസ നയം (NEW Education Policy 2020) പാർലമെന്റിൽ വലിയ ചർച്ചയൊന്നും കൂടാതെ പാസ്സാക്കിയതായി അവകാശപ്പെട്ടുകൊണ്ട് തങ്ങളുടെ കയ്യിലുള്ള അധികാരം ഉപയോഗിച്ച് കൊണ്ട് കൺകറന്റ് ലിസ്റ്റിൽ പെട്ടതാണ് വിദ്യാഭ്യാസം എന്ന അഹങ്കാരം കാണിച്ചു കൊണ്ട് സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുവാനുള്ള ശ്രമം കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വ്യവസായ മേഖലയിലും ബാങ്കിംഗ് മേഖലയിലും ആരോഗ്യമേഖലയിലും എല്ലായിടത്തും അവർ നടപ്പാക്കുന്ന കോർപ്പറേറ്റ് നയം വിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിക്കുകയാണ്. പുത്തൻ വിദ്യാഭ്യാസ നയത്തിലൂടെ കോർപ്പറേറ്റ് നയം നടപ്പിലാക്കുക എന്ന് പറഞ്ഞാൽ വാണിജ്യവത്കരണം നടപ്പിലാക്കുക എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്.അതിലൂടെ മുതൽമുടക്കിൽ നിന്നും പിൻമാറുക. പ്രത്യേകിച്ച് ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് വിവിധ ജാതിമതവ്യവസ്ഥകൾ നിലനിൽക്കുന്ന, വിവിധ ഭാഷകൾ സംസാരിക്കുന്ന ഇത്രയേറെ വൈവിധ്യമാർന്ന ഒരു രാജ്യത്ത്, നാനാത്വത്തിലെ ഏകത്വം അതാണല്ലോ ഇന്ത്യയുടെ ഏറ്റവും വലിയ അഭിമാനമായി നാം ഉയർത്തിക്കാണിക്കുന്നത്.അതിനെ ഇല്ലായ്മ ചെയ്തു കൊണ്ട് തങ്ങളുടെ ലക്ഷ്യമായ ഒരു മതരാഷ്ട്രം ഇവിടെ അടിച്ചേൽപ്പിക്കുവാനുള്ള നയവുമായിട്ടാണ് കേന്ദ്രസർക്കാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.ഒരു പക്ഷേ അതിന് ഏറ്റവും പ്രതികൂലമായി ഈ രാജ്യത്ത് നിലനിൽക്കുന്ന കാര്യം എന്നത് ഇവിടുത്തെ വിദ്യാഭ്യാസം തന്നെയാണ്.വിദ്യാഭ്യാസം നേടിയ ഒരു സമൂഹത്തിൽ ഇത്തരം ജാതിചിന്തകളെ ഉപയോഗിച്ചുകൊണ്ട് ആളുകളെ തങ്ങളുടെ വരുതിയിൽ നിർത്തുവാൻ സാധിക്കുകയില്ല എന്ന യാഥാർത്ഥ്യം അവർക്കറിയാം.രാജ്യത്ത് എന്തെല്ലാം ജനവിരുദ്ധ നയങ്ങൾ വന്നാലും,മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പോലെ ഏത് പ്രതികൂല സാഹചര്യം ജനങ്ങൾക്കെതിരെ വരുമ്പോഴും അതിനെതിരെ പ്രതികരിക്കുന്നത് രാജ്യത്തെ വിദ്യാഭ്യാസ രംഗത്തുള്ളവരായിരുന്നു.പ്രത്യേകിച്ച് സർവകലാശാലകളിലെ വിദ്യാർത്ഥികൾ. ജെഎൻയു, ഡൽഹി യൂണിവേഴ്സിറ്റി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി ഇവിടങ്ങളിലൊക്കെ കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള പോരാട്ടങ്ങളുടെ ചരിത്രം നാം പരിശോധിക്കുമ്പോൾ ഒരു കാര്യവും ജനാധിപത്യ വിരുദ്ധമായി അടിച്ചേൽപ്പിക്കാൻ സാധിക്കുകയില്ല എന്ന് തെളിയിച്ച ചരിത്രമാണ് നമ്മുടെ രാജ്യത്തിന് ഉള്ളത്.അതുകൊണ്ടു തന്നെ ഈ പ്രസ്ഥാനങ്ങളെ, ഈ സംവിധാനങ്ങളെ ഇല്ലായ്മ ചെയ്താൽ മാത്രമേ തങ്ങളുടെ അജണ്ട നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്ന് ഇവർക്കറിയാം. അതുകൊണ്ടുതന്നെയാണ് എല്ലാ കാര്യങ്ങളെയും കേന്ദ്രവത്കരിച്ചുകൊണ്ട്, വാണിജ്യവത്കരിച്ചുകൊണ്ട് അതോടൊപ്പം തന്നെ വർഗ്ഗീയവത്കരിച്ചുകൊണ്ട് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ഇവർ മുന്നോട്ട് പോയിക്കൊണ്ടിരി

ക്കുന്നത്. കാർഷിക രംഗത്തേക്ക് കടന്നാലും ഇതേ കേന്ദ്രവത്കൃത നയമാണ് അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്നത്.പക്ഷേ ലോകം മുഴുവൻ ശ്രദ്ധിച്ച സമരത്തിലൂടെ മോദി സർക്കാരിനെ മുട്ടുകുത്തിക്കുവാൻ, കുറഞ്ഞ പക്ഷം പാസ്സാക്കി എന്ന് അവകാശപ്പെടുന്ന കാർഷിക ബില്ല് റദ്ദാക്കുവാൻ കഴിഞ്ഞത് പോരാട്ടത്തിലൂടെയാണ്.ഉന്നത വിദ്യാഭ്യാസ രംഗത്ത് അത്തരത്തിലുള്ള കനത്ത പോരാട്ടത്തിന്റെ വീഥികളിലാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും അദ്ധ്യാപകരും വിദ്യാർഥികളും ജീവനക്കാരും.ഇത് എത്രമാത്രം വിജയിക്കുന്നുണ്ട് എന്നത് ആലോചിക്കേണ്ട വിഷയം ആണ്.രാജ്യത്തെ സ്റ്റാറ്റിസ്റ്റിക്സ് എടുക്കുമ്പോൾ ഇന്ന് ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങളിൽ ആണ് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഒരു ലക്ഷം പേർക്ക് 29 കോളേജുകളെങ്കിലും ഉള്ളത്. രാജ്യത്തെ ഉന്നതവിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ലിസ്റ്റ് എടുത്തു നോക്കിയാൽ യുപി, മഹാരാഷ്ട്ര, തമിഴ്നാട്, മധ്യപ്രദേശ്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, തെലുങ്കാന, കേരളം, കർണ്ണാടക, രാജസ്ഥാൻ ഇത്രയും സംസ്ഥാനങ്ങളിലാണ് ഒരു ലക്ഷം പേർക്ക് ഇരുപത്തിയൊൻപതോ അതിൽ കൂടുതലോ കോളേജുകൾ എന്ന നിരക്കിൽ ഉള്ളത്.

കേരളത്തിലെ കോളേജുകളുടെ എണ്ണം നോക്കുമ്പോൾ ഒരു ലക്ഷം പേർക്ക് 50 കോളേജുകൾ ഉണ്ട്. ആകെ കേരളത്തിൽ 1448 കോളേജുകൾ ഉണ്ട് എന്നാണ് ഹയർ എഡ്യൂക്കേഷൻ സർവേയിൽ അവകാശപ്പെട്ടിരിക്കുന്നത്. യുജിസിയുടെ പേ റിവിഷൻ - ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ചരിത്രമെടുക്കുമ്പോൾ മുൻപെങ്ങും ഇല്ലാത്ത രീതിയിൽ ഉള്ള വെട്ടിക്കുറവ് വന്ന കാര്യം അദ്ധ്യാപകരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. മുൻകാലങ്ങളിലൊക്കെ അധിക ബാധ്യതയുടെ 80% ആദ്യത്തെ 5 വർഷം വരെ തരുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നെങ്കിൽ ഏഴാം പദ്ധതി നടപ്പിലാക്കിക്കൊണ്ട് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം ഇറക്കിയ ഉത്തരവിൽ അത് 50% ആയി വെട്ടിക്കുറച്ചു എന്ന് മാത്രമല്ല അതിന്റെ കാലപരിധി കേവലം 39 മാസമായും വെട്ടിക്കുറയ്ക്കുകയുണ്ടായി.നിർഭാഗ്യകരമെന്ന് പറയട്ടെ ഇന്നും രാജ്യത്തെ 22 സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിന്റെ ഇത്തരത്തിലുള്ള സാമ്പത്തിക സഹായം ഇതുമായി ബന്ധപ്പെട്ട ലഭിച്ചിട്ടില്ല. ആദ്യമേ സൂചിപ്പിച്ചത് പോലെ മുതൽമുടക്കിൽ നിന്ന് അവർ പിൻമാറുന്ന ചരിത്രമാണ് കാണുവാൻ സാധിക്കുന്നത്. സാമ്പത്തികമായി എങ്ങനെ ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങൾ ഇല്ലാതാക്കാം എന്നതും അനുദിനം കണ്ടുകൊണ്ടിരിക്കുന്നു.രാജ്യത്തെ പുതിയ ടാക്സ് നിയമം അനുസരിച്ച ജിഎസ്ടിയിൽ അത് നടപ്പാക്കിയപ്പോൾ ഉറപ്പായും ലഭിക്കേണ്ടിയിരുന്ന ജിഎസ്ടി നഷ്ടപരിഹാരം അത് നീട്ടിത്തരണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടു പോലും ഒരു ദിവസം പോലും അത് നീട്ടിക്കൊടുക്കുവാൻ കേന്ദ്രസർക്കാർ തയ്യാറായില്ല.

പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യ, പൊതുവിതരണ രംഗത്തും നാം ആർജ്ജിച്ച നേട്ടങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്.ഉപരിപ്ലവമായ അവകാശവാദങ്ങളല്ല ഇവയൊന്നും.ഇന്ത്യയിൽ ഏജൻസികൾ നടത്തിയിട്ടുള്ള കൃത്യമായ പഠനങ്ങളിൽ തെളിഞ്ഞ വസ്തുതകളാണ് ഇവ.ഇന്ന് പല സംസ്ഥാനങ്ങളിലെയും സാഹചര്യം എടുത്തു നോക്കുമ്പോൾ അടുത്ത് കിടക്കുന്ന തമിഴ്നാട്ടിൽ പോലും ഏഴാം പദ്ധതി നടപ്പിലാക്കിയത് 2017 ഒക്ടോബർ 1 മുതൽ ആണ്.എന്നാൽ അദ്ധ്യാപകർക്ക് ന്യായമായും ലഭിക്കേണ്ട കരിയർ അഡ്വാൻസ് സ്കീം അവിടെ നടപ്പാക്കിയത് 2018 ഓഗസ്റ്റ് 1 മുതൽ ആണ് എന്നത് മനസിലാക്കണം. പെൻഷൻ എന്ന്






പറയുന്നത് നമ്മുടെ അവകാശം ആണ് ആരുടെയും ഔദാര്യമല്ല എന്ന സുപ്രീം കോടതി വിധി നിലനിൽക്കുമ്പോൾ തന്നെ 2003 മുതൽ തമിഴ്നാട്ടിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം ഇല്ല. ഇതിനേക്കാൾ ഭീകരമാണ് പഞ്ചാബിലെ അവസ്ഥ. അവിടെ സർക്കാർ എയ്ഡഡ് കോളേജുകൾക്ക് കൊടുക്കേണ്ട ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിഹിതം 75% ആയി വെട്ടിക്കുറച്ചു കഴിഞ്ഞു ഏഴാം പദ്ധതി പഞ്ചാബിലെ കോളേജ് അദ്ധ്യാപകർക്ക് നടപ്പിലാക്കിയിട്ടേയില്ല. യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് മാത്രം കഴിഞ്ഞ നവംബർ മുതൽ നടപ്പാക്കി. ഇതിനെതിരെ സമരം ചെയ്ത അദ്ധ്യാപകരെ എസ്മ എന്ന നിയമം ഉപയോഗിച്ച് കൊണ്ട് ജയിലിലടയ്ക്കുന്ന ഒരു തീവ്രനിലപാടുമായി ആ സംസ്ഥാനം ഭരിക്കുന്ന ആംആദ്മി പാർട്ടി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ഡിഎ കുടിശ്ശിക ഉണ്ട്. അദ്ധ്യാപകരും ജീവനക്കാരും വലിയ പ്രതിഷേധത്തിലാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് തന്നെ പറയട്ടെ വെസ്റ്റ് ബംഗാളിൽ ഇന്നും ജീവനക്കാർക്ക് ലഭിക്കുന്നത് 7% ഡിഎ മാത്രമാണ്. പത്രവാർത്തകളിൽ കണ്ടു ഹരിയാനയിൽ കഴിഞ്ഞ മൂന്നു മാസമായി അദ്ധ്യാപകർക്ക് ശമ്പളമില്ല.ഹിമാചൽ പ്രദേശിൽ 50% ശമ്പളം വെട്ടിക്കുറച്ചു കഴിഞ്ഞു. ഇത്തരത്തിൽ ഒരു പ്രതികൂല സാഹചര്യം ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഗ്രസിക്കുമ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് പോലെ ന്യായമായും നമുക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ഈ രാജ്യത്ത് ഒരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ല. പത്രങ്ങളിൽ വരുന്ന വാർത്തകൾ കാണുമ്പോൾ മനസ്സിലാക്കണം സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ഇതെല്ലാം അവരുടെ പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ടാണ് കൊടുക്കുന്നത് .കേരളത്തിലെ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫീസിൽ അഡ്വാൻസ് ഇൻക്രിമെന്റുമായി ബന്ധപ്പെട്ട് ഐഫക്ടോയെ പ്രതിനിധീകരിച്ച് ചർച്ച നടത്തിയപ്പോൾ അവർ പറഞ്ഞത് "ഞങ്ങൾക്ക് ഇത് ചെയ്യുവാൻ ബുദ്ധിമുട്ടാണ്.കാരണം സെൻട്രൽ പേ റിവിഷൻ റിപ്പോർട്ടിൽ കൃത്യമായി പറയുന്ന അവരുടെ അനുവാദമില്ലാതെ രാജ്യത്തെ ഒരു സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലും ഇത്തരത്തിൽ അഡ്വാൻസ് ഇൻക്രിമെന്റ് കൊടുക്കുവാൻ സാധിക്കുകയില്ല. അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ യുജിസിക്ക് അധികാരമില്ല. യുജിസി റഗുലേഷനിൽ അങ്ങനെ ഉണ്ടല്ലോ എന്ന് പറയുമ്പോൾ അത് പരിശോധിക്കട്ടെ, രാജ്യത്ത് ഏതെങ്കിലും സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ അഡ്വാൻസ് ഇൻക്രിമെന്റ് കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് അവർ പറയുന്നത്. മറ്റൊന്ന് നാം മനസ്സിലാക്കേണ്ടത് തങ്ങളുടെ ഇംഗിതം സർവകലാശാലകളുടെ സ്വയംഭരണം ഉപയോഗിച്ച് നടപ്പിലാക്കുന്നു എന്ന് കാണുമ്പോൾ സർവകലാശാല അധിപൻ എന്ന നിലയിൽ ചാൻസലറുടെ ഓഫീസ് ഉപയോഗിക്കാനുള്ള ഒരു കുടില തന്ത്രം കേന്ദ്രസർക്കാർ എടുത്തു കഴിഞ്ഞു. അതിന് ഉദാഹരണമാണ് കേരളം, തമിഴ്നാട്, ബംഗാൾ മുതലായ സംസ്ഥാനങ്ങൾ. എന്നു പറഞ്ഞാൽ യുജിസി റഗുലേഷന്റെ മറപറ്റിക്കൊണ്ട് ഇവിടെ ചാൻസലറുടെ ഓഫീസിനെ ഉപയോഗിച്ചു കൊണ്ട് തികച്ചും ജനാധിപത്യപരമായി സർവകലാശാല സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ മുതലായ ഭരണസമിതികൾ എടുക്കേണ്ട തീരുമാനങ്ങളെ മാറ്റിമറിച്ചു കൊണ്ട് തങ്ങളുടെ തില്പര്യത്തിനനുസരിച്ച് തുള്ളുന്നവരെ ആ സർവകലാശാലകളിൽ വൈസ് ചാൻസിലർമാരാക്കി വാഴിക്കുവാനുള്ള നീക്കവുമായി മുന്നോട്ടു പോകുന്നു. അതുപോലെ തന്നെ സർവകലാശാലകളുടെ അനുദിന പ്രവർത്തനങ്ങളെ ചങ്ങലയിട്ട് നിർത്തത്തക്ക രീതിയിൽ ചാൻസലറുടെ ഓഫീസ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. എന്തിനേറെ പറയുന്നു ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന നിയമസഭ പാസാക്കുന്ന ബില്ലുകളിൽ ഒപ്പു വയ്ക്കാതെ അത് മാറ്റിവയ്ക്കുന്ന നയവുമായി അവർ മുന്നോട്ടു പോയിരിക്കുന്നു. ഇതിനെതിരെ സുപ്രീം കോടതിയിൽ വിമർശനം ഉണ്ടായിട്ട് പോലും ഇതിനൊന്നും ചെവി കൊടുക്കുവാൻ ഇത്തരത്തിലുള്ള ചാൻസിലർമാർ തയ്യാറാകുന്നില്ല.ഇത്

ഈ അവസരത്തിൽ തിരിച്ചറിയേണ്ടതുണ്ട്.സ്കൂളുകളുടെ കരിക്കുലം റിവിഷൻ വന്നപ്പോൾ കേന്ദ്രസിലബസ് പിന്തുടരുന്ന സ്കൂളുകളിലെങ്കിലും അവർക്ക് തങ്ങളുടെ നയങ്ങൾ അടിച്ചേൽപ്പിക്കാൻ സാധിച്ചു.വർഗ്ഗീയതയുടെ അജണ്ട പിൻവാതിലിലൂടെ അടിച്ചേൽപ്പിക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. ഭരണഘടന അനുശാസിക്കുന്ന രീതിയിൽ ഉള്ള സയന്റിഫിക് ടെമ്പർ, മാനവികത, ഒന്നും പഠിപ്പിക്കേണ്ട കാര്യമില്ല. പകരം മതവിശ്വാസവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, മിത്തുകൾ ഇവയുടെ രൂപഭേദങ്ങൾ മാത്രം പഠിച്ചാൽ മതി. എല്ലാത്തിനെയും തകിടം മറിച്ചു കൊണ്ട് ഇത്തരത്തിൽ പ്രാചീന വിശ്വാസങ്ങളെ പുതിയ രീതിയിൽ അവതരിപ്പിച്ചു കൊണ്ട് ആ പഴയകാല ചാതുർവർണ്യത്തിന്റെ ഘടനയിലേയ്ക്ക് ജനതയെ  എത്തിക്കുവാൻ തങ്ങളുടെ പൗരോഹിത്യ മേധാവിത്വത്തിന്റെ കീഴിൽ ഈ രാജ്യത്തെ ശൂദ്രവിഭാഗത്തെയൊക്കെ പിടിച്ച് കെട്ടുവാൻ ഉള്ള നയം അവർ കയ്യിൽ എടുക്കുന്നുണ്ട്. ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ വേദികളിൽ പുഷ്പകവിമാനത്തിന്റെയും ഇന്റർനെറ്റിന്റെ കണ്ടുപിടിത്തത്തിന്റെയും കാര്യങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കേണ്ടതില്ല.ഇതിനെതിരെ പ്രതികരിക്കുന്നവരെ നിശ്ശബ്ദരാക്കുന്നു. ഇതിനെതിരെ പ്രതികരിക്കേണ്ട മാധ്യമങ്ങൾ പോലും അവർക്കെതിരെ കൈ ചൂണ്ടുവാൻ തയ്യാറാവുന്നില്ല എന്നുള്ളത് നാം തിരിച്ചറിയണം.പശുവിനെക്കുറിച്ചുള്ള ഗവേഷണത്തിനും ചാണകത്തെക്കുറിച്ചും ഗോമൂത്രത്തെക്കുറിച്ചുമുള്ള ഗവേഷണത്തിനും യഥേഷ്ടം ഫണ്ട് കൊടുക്കുവാൻ ഇന്ന് രാജ്യത്തെ ഭരണകൂടം തയ്യാറാവുകയാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ നമ്മൾ നേടിയെടുത്ത നേട്ടങ്ങൾ മുഴുവൻ ലോകരാഷ്ട്രങ്ങളുടെ മുൻപിൽ ഒന്നുമല്ലാതായിത്തീരുന്ന അവസ്ഥ ഉണ്ടാകും.

നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുമ്പോൾ കേരളവും ഇതിൽ പങ്കെടുക്കുന്നില്ലേ എന്ന ചോദ്യം ഉയരുന്നുണ്ട്.മനസിലാക്കേണ്ട കാര്യം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് അത് നടപ്പാക്കുന്നത്.അത് സംബന്ധിച്ച് കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ സംസ്ഥാന സർക്കാർ എടുത്ത തീരുമാനങ്ങളിലൊന്നാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ എണ്ണം കുറയുന്ന എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുകയാണ്. പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിലെ പല കോളേജുകളിലും പല കോഴ്സുകളും അന്യം നിന്ന്  പോകുന്ന സാഹചര്യം ഉരുത്തിരിയുന്നുണ്ട്. ഇത് മനസ്സിലാക്കിക്കൊണ്ട് തന്നെ എങ്ങനെ ഈ രംഗത്ത് ഒരു മുന്നേറ്റം ഉണ്ടാക്കാം, അതിന് കാലഘട്ടത്തിനനുസരിച്ച് നമ്മുടെ കോഴ്സുകളെ രൂപകല്പന ചെയ്യേണ്ടതായിട്ടുണ്ട്. പുതിയ കോഴ്സുകൾ കുട്ടികൾ പഠിക്കണം. മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ മേഖല മാറുന്നില്ല എങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റെടുക്കുവാൻ നമ്മൾ തയ്യാറാവേണ്ടതുണ്ട്. എന്തൊക്കെ മാറ്റങ്ങളാണ് വേണ്ടത് എന്ന്  പഠിക്കുന്നതിന് വേണ്ടി കേരള സർക്കാർ മൂന്ന് കമ്മീഷനുകളെ വച്ചു. അതിൽ ശ്യാം ബി.മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള മാറ്റങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ തയ്യാറായി. അത് പ്രകാരമുള്ള നാല് വർഷ കോഴ്സുകൾ സംസ്ഥാനത്ത് ഡിഗ്രിയിൽ മാറ്റം വരുത്തിക്കൊണ്ട് അടുത്ത അക്കാദമിക വർഷം ആരംഭിക്കുവാനുള്ള ശ്രമവുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. അതിലും പല ആശങ്കകൾ ഉണ്ട്. ഭാഷാവിഷയങ്ങളിൽ എങ്ങനെ ഇത് അദ്ധ്യാപകരെ ബാധിക്കും എന്നതിനെക്കുറിച്ച് ഉത്കണ്ഠയുണ്ട്.പക്ഷേ നിശ്ചയമായും ഐഫക്ടോയിലെ ഘടക സംഘടനകൾ വളരെ ജാഗ്രതയോടുകൂടിത്തന്നെ ഇത്തരം വിഷയങ്ങൾ അദ്ധ്യാപകരെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ മുഴുവൻ അദ്ധ്യാപകരുടെയും ജോലിഭാരത്തെ  സംരക്ഷിച്ചു കൊണ്ട് (ജോലി ഭാരം എന്ന് പറയുന്നത് അദ്ധ്യാപകരുടെ കാര്യം മാത്രമല്ല. വിദ്യാർത്ഥികളുടെ, സമൂഹത്തിന്റെ ഒരു കാര്യം തന്നെയാണ്. തങ്ങളുടെ കുട്ടികൾക്ക് ക്ലാസ് മുറികളിൽ, ലബോറട്ടറികളിൽ അവരെ പരിശീലിപ്പിക്കുവാൻ ഉള്ള അദ്ധ്യാപകർ യഥേഷ്ടം ഉണ്ടാവണമെന്നുള്ളത് ഈ സമൂഹത്തിന്റെ ആവശ്യമാണ്. അത് കേവലം അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ വേണ്ടിയുള്ള വാദമല്ല. അതുകൊണ്ടുതന്നെ ജോലിഭാരം നിഷേധിക്കുന്നുവെങ്കിൽ സമൂഹത്തിനോടുള്ള ക്രൂരത തന്നെയാണ്. പ്രത്യേകിച്ച് നമ്മുടെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയ്ക്ക് വരുന്നത് സമൂഹത്തിലെ മധ്യവർഗ്ഗ സമൂഹത്തിലെയോ അടിസ്ഥാന സമൂഹത്തിലെയോ വിദ്യാർത്ഥികൾ തന്നെയാണ്.ഫീസ് ആനുകൂല്യം വാങ്ങുന്ന വിദ്യാർത്ഥികളാണ് സമൂഹത്തിലെ 80% ൽ അധികം വിദ്യാർത്ഥികളും.ഇവിടെ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് ഒരു പക്ഷേ രാജ്യത്തിനെന്നല്ല ലോകത്തിന് തന്നെ അഭിമാനകരമാകുന്ന രീതിയിൽ ഉണ്ടായ കുതിപ്പ് നമ്മുടെ കോളജുകളിലേക്കും വളരണം. അങ്ങനെ ഇന്ത്യയ്ക്ക് മാതൃകയാവുന്ന രീതിയിൽ കേരളം ഒന്നാമത് എത്തണം എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്.ആ തരത്തിലുള്ള കേരള ബദൽ നിർദ്ദേശങ്ങൾക്ക് ഐഫക്ടോയുടെ എല്ലാ വിധ പിൻതുണയും ഉണ്ടാകും.ഇവിടെ ഐഫക്ടോ മുന്നോട്ടു വയ്ക്കുന്ന പല മുദ്രാവാക്യങ്ങളും അതിൽത്തന്നെ ഊന്നിക്കൊണ്ടാണ്. അദ്ധ്യാപകരുടെ ഗവേഷണത്തെ തടസ്സപ്പെടുത്തുന്ന തരത്തിൽ മേജർ/ മൈനർ പ്രോജക്ടുകൾ എഫ്ഡിപി പദ്ധതികൾ എന്നിവയ്ക്ക് ഉള്ള ഫണ്ട് നിഷേധിച്ചു കൊണ്ട് ഗവേഷണ സെന്ററുകൾക്കും മാർഗ്ഗദർശികൾക്കുമുള്ള പുതിയ റഗുലേഷൻസ് ഇറക്കിക്കൊണ്ട് അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന നിയമങ്ങൾ തുടങ്ങിയവയോടൊക്കെ പോരാടാനുള്ള പ്രസ്ഥാനമാണ് ഐഫക്ടോ. അതിനു വേണ്ടി എല്ലാവരുടെയും പിന്തുണ ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

**അഡ്വ. പി. സതീദേവി**
അദ്ധ്യക്ഷ, കേരള വനിതാ കമ്മീഷൻ

# വനിതാസംവരണബിൽ: ആശങ്കകളും പ്രതീക്ഷകളും

ഏറെക്കാലമായി രാജ്യത്തെ വനിതാസമൂഹം വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന വനിതാസംവരണബിൽ ഒടുവിൽ പാസായിരിക്കുന്നു എന്ന സന്തോഷകരമായ അനുഭവമുണ്ട്. 2008 ൽ ഒന്നാം യുപിഎ ഗവൺമെന്റിന്റെ കാലയളവിൽ വനിതാ സംവരണ ബിൽ രാജ്യസഭയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ ആ ബില്ലുമായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗമായി ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും സഞ്ചരിക്കുന്നതിനും നിയമസഭകളുമായി ചർച്ച ചെയ്യുന്നതിനും വേണ്ടിയുള്ള കമ്മിറ്റിയിൽ ഒരു അംഗമായി പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ടായിരുന്നു.ബില്ല് രാജ്യസഭയിൽ അവതരിപ്പിക്കുന്ന സമയം അന്ന് ലോക്സഭാ അംഗമായിരുന്ന ഞാൻ അന്നത്തെ എന്റെ സഹപ്രവർത്തകയായിരുന്ന സഖാവ് സി.എസ് സുജാതയുമൊന്നിച്ച് രാജ്യസഭയുടെ ഗാലറിയിൽ ഇരുന്നുകൊണ്ട് വനിതാബിൽ സഭയിൽ അവതരിപ്പിക്കുന്നത് കണ്ട ആ രംഗം ഇന്നും എൻ്റെ മനസ്സിൽ നിന്ന് മായുന്നില്ല. ബില്ല് അവതരിപ്പിക്കാൻ വേണ്ടി അന്നത്തെ നിയമവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ഭരദ്വാജ് മുന്നോട്ട് വന്നപ്പോൾ ആ ബിൽ അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് വാങ്ങി പിച്ചിച്ചീന്തി എറിയുന്നതിന് വേണ്ടി വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൻമാർ അന്ന് നടത്തിയിട്ടുള്ള അങ്ങേയറ്റം പരിതാപകരമായ ഒരു കാഴ്ച വീക്ഷിക്കാനുള്ള ഒരവസരം കൂടി അന്ന് ലഭ്യമായിരുന്നു.ഒട്ടേറെ കടമ്പകൾ കടന്നുകൊണ്ടാണ് അന്ന് ബിൽ രാജ്യസഭയിൽ പാസ്സാക്കപ്പെട്ടത്. രാജ്യസഭ പാസാക്കിയ ശേഷം യഥാർത്ഥത്തിൽ അന്ന് യുപിഎ ഗവൺമെന്റിന്റെ കാലയളവിൽ തന്നെ ലോക്സഭയിൽ അവതരിപ്പിച്ചു പാസ്സാക്കാമായിരുന്നു. എന്നാൽ അതുണ്ടായില്ല. 2014 ൽ കേവല ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന എൻഡിഎ ഗവൺമെന്റിന്റെ കാലയളവിലും എട്ടു വർഷമായി ബിൽ അവതരിപ്പിക്കുന്നതിന് വേണ്ടിയുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായില്ല. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാവുന്ന സമയത്താണ് ബിൽ ലോക്സഭയിൽ തന്നെ അവതരിപ്പിച്ചു പാസാക്കുന്നത്.അത് രാജ്യസഭയിൽ പാസ്സായി. ഇപ്പോൾ അതൊരു നിയമം ആയിരിക്കുകയാണ്.തിരഞ്ഞെടുപ്പിന്റെ വക്കിൽ നിന്നുകൊണ്ടാണ് ഈ ബിൽ പാസാക്കിയിട്ടുള്ളത്. ഇന്നത്തെ സത്രീസമൂഹത്തിന് യാതൊരു രീതിയിൽ ഉള്ള പ്രയോജനവും ആ ബില്ല് കൊണ്ട് ഉണ്ടാവുന്നില്ല.ആ ബിൽ നിയമമാവണമെങ്കിൽ നിയമസഭകളുടെ അംഗീകാരം വേണമെന്ന് പറയുന്നു.അതുപോലെ തന്നെ രാജ്യത്താകമാനം ഡീലിമിറ്റേഷൻ്റെ ഭാഗമായി മണ്ഡലങ്ങൾ പുനർനിർണ്ണയം നടത്തിയതിനുശേഷം എപ്പോഴായിരിക്കും ആ ബിൽ യഥാർത്ഥത്തിൽ സ്ത്രീകൾക്ക് ഒരു അവസരം ഒരുക്കുക എന്നതിനെ സംബന്ധിച്ച് വലിയ ആശങ്കയുണ്ട് എന്നതിൽ സംശയമില്ല.

നിലവിലുള്ള പുരുഷാധിപത്യ സാമൂഹിക രാഷ്ട്രീയ വ്യവസ്ഥയിൽ തീർച്ചയായും ഈ ബില്ല് പ്രാവർത്തികമാക്കപ്പെടണം എന്നുള്ള ആഗ്രഹം തന്നെയാണ് പൊതുവേ സ്ത്രീകൾക്കുള്ളത്.ഈ വിഷയത്തിൽ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ നിന്ന് അനുകൂലമായ നിലപാട് കൈക്കൊള്ളാൻ ഇത്തവണ വനിതാസംവരണബിൽ കൂടി പാസായിട്ടുള്ള സാഹചര്യത്തിൽ സാധ്യതയുണ്ട് എന്ന് പ്രതീക്ഷിക്കുകയാണ്.

**വൈശാഖൻ തമ്പി ഡി. എസ്.**
മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

# സമവാക്യങ്ങളെ ആർക്കുവേണം!


നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന് നാനാകോണുകളിൽ നിന്നും വിമർശനങ്ങൾ ഉണ്ടാകാറുണ്ട്. അതിൽ പല സ്വഭാവത്തിൽ, പല പ്രശ്നങ്ങളെക്കുറിച്ചുള്ളവയുണ്ടാകും. പഠിച്ചുകൊണ്ടിരിക്കുന്നവർക്കും, പഠിച്ചുകഴിഞ്ഞവർക്കും, പഠിപ്പിക്കുന്നവർക്കും അവരുടേതായ പലതും പറയാനുണ്ടാകും. പലതും പ്രസക്തമായതാണുതാനും. എന്നാൽ കൂട്ടത്തിൽ പൊതുവായി കാണാറുള്ള ഒരു വിമർശനം ഇവിടെ പ്രത്യേക ചർച്ച അർഹിക്കുന്നുണ്ട്. ഒരു മനുഷ്യൻ എന്ന നിലയിൽ ജീവിതത്തിൽ പ്രയോജനം ചെയ്യുന്ന ഒന്നുംതന്നെ നമ്മൾ ഔപചാരികവിദ്യാഭ്യാസത്തിൽ പഠിക്കുന്നില്ല എന്നുള്ളതാണത്. സയൻസ് വിദ്യാഭ്യാസത്തിനാണ് ഇക്കൂട്ടത്തിൽ ഏറ്റവും ചീത്തപ്പേരുള്ളത്. പ്രത്യേകിച്ച്, ഇന്നാട്ടിലെ പല സെലിബ്രിറ്റി മോട്ടിവേഷൻ പ്രഭാഷകരും വാതോരാതെ ഇതിനെപ്പറ്റി പഴിസാഹിത്യം അവതരിപ്പിച്ചു കണ്ടിട്ടുണ്ട്

ഫിസിക്സ് ക്ലാസിലൊക്കെ പഠിക്കുന്ന നെടുങ്കൻ സമവാക്യങ്ങൾ കൊണ്ട് ജീവിതത്തിൽ ആർക്കെങ്കിലും പ്രയോജനമുണ്ടോ? ഇതൊക്കെ എന്തിനാണ് പഠിക്കുന്നത്? തുടങ്ങിയ ചോദ്യങ്ങളുടെ ചുവടുപിടിച്ചാണ് ഈ വിമർശനം പോകുന്നത്. 'നമ്മുടെ വിദ്യാഭ്യാസത്തിൽ' ഇതൊക്കെ പഠിക്കേണ്ടിവരുന്നത് എന്തോ പാഴ് വേലയാണ് എന്ന ഉറപ്പുണ്ട് പലർക്കും. കോളജിൽ നിന്നും ഡ്രോപ്പൗട്ടായി ജീവിതവിജയം നേടിയ സക്കർബർഗ്, ബിൽ ഗേറ്റ്സ്, തുടങ്ങിയവരുടെ അപദാനം കൂടി കൂട്ടിച്ചേർക്കുന്നതോടെ അത് സമ്പൂർണ്ണമാവും. ഔപചാരികവിദ്യാഭ്യാസം തന്നെ അനാവശ്യമാണ് എന്ന തലത്തിലേയ്ക്ക് കാര്യങ്ങളെ വലിച്ചുകൊണ്ടുപോകും പലരും.

'ജീവിതത്തിൽ പ്രയോജനമില്ലാത്ത' മേൽപ്പറഞ്ഞതു പോലുള്ള സമവാക്യങ്ങൾ പഠിപ്പിക്കുന്ന ഒരു സയൻസ് ടീച്ചർ എന്ന നിലയിലാണ് ഇതെഴുതുന്നത്. ഇതിന്റെ മറുപടിക്ക്  രണ്ട് ഭാഗങ്ങൾ ഉണ്ട്.

ഒന്ന് വളരെ സങ്കീർണവും ദുരൂഹമെന്ന് തോന്നിക്കുന്നതുമായ ഗണിതസമവാക്യങ്ങൾക്ക് പ്രത്യേകമായി ബാധകമാകുന്ന ഉത്തരമാണ്. അത്തരം സമവാക്യങ്ങളെ പത്താം ക്ലാസ് വരെയുള്ള പൊതുവിദ്യാഭ്യാസത്തിൽ നിങ്ങൾ പഠിക്കില്ല. ഉന്നതവിദ്യാഭ്യാസത്തിന് പോയാൽ പോലും, നിങ്ങൾ ചരിത്രമോ സാഹിത്യമോ പോലുള്ള വിഷയങ്ങളൊക്കെയാണ് തെരെഞ്ഞെടുക്കുന്നത് എങ്കിൽ, അപ്പോഴും പഠിക്കില്ല. ഭൗതികശാസ്ത്രമോഗണിതശാസ്ത്രമോ പോലുള്ള വിഷയങ്ങളിലെ ഉന്നത വിദ്യാഭ്യാസം തെരെഞ്ഞെടുത്താലാണ് ഇവയെ നേരിടേണ്ടിവരിക. ഉപയോഗിച്ച വാക്ക് ശ്രദ്ധിക്കേണ്ടതുണ്ട്; തെരഞ്ഞെടുപ്പ്! പൊതുവിദ്യാഭ്യാസത്തിൽ മാത്രമേ ഒരാൾക്ക് പഠനവിഷയത്തിൽ തെരഞ്ഞെടുപ്പ് ഇല്ലാതുള്ളൂ. അത് കഴിഞ്ഞുള്ളതെല്ലാം ഒരു വിദ്യാർത്ഥിയുടെ തെരഞ്ഞെടുപ്പാണ്. അത് വിദ്യാർത്ഥി സ്വന്തം താത്പര്യപ്രകാരം തന്നെ ചെയ്യുന്നതാകണമെന്നില്ല, പക്ഷേ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട് എന്നത് നിസ്തർക്കവുമാണ്.


ഉന്നതപഠനം ഒരു വിഷയത്തിൽ അക്കാദമികമായ താത്പര്യം ഉള്ളവർ ചെയ്യാൻ ശ്രമിക്കുന്ന പ്രവൃത്തിയാണ്. അതായത് ഉദാഹരണത്തിന് ഒരാൾ ഫിസിക്സിൽ ഉന്നതപഠനത്തിന് ഇറങ്ങിപ്പുറപ്പെട്ടാൽ അയാൾക്ക് ആ വിഷയം ഗൗരവമായി ആഴത്തിൽ പഠിക്കാൻ താത്പര്യമുണ്ട് എന്നാണർത്ഥം.




ഒരു വിഷയം ബിരുദ-ബിരുദാനന്തര തലത്തിൽ ഉന്നതപഠനത്തിന് തെരെഞ്ഞെടുത്തിട്ട്, അതിൻറെ സങ്കീർണതകളും സാങ്കേതികതകളും അംഗീകരിക്കാൻ പറ്റില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല. ടി സമവാക്യങ്ങൾ നിത്യജീവിതത്തിൽ പ്രയോജനമില്ലാത്തതാകാം, പക്ഷേ ഫിസിക്സിൽ അക്കാദമിക താത്പര്യമുള്ളവർക്ക് അത് വേണ്ടതാണ്. അക്കാദമിക താത്പര്യമില്ലാതെ ഉന്നത പഠനത്തിന് വന്നിട്ട്, അത് വിഷയത്തിൻറെ കുഴപ്പമാണെന്ന് വിചാരിച്ചിട്ട് എന്തുകാര്യം! താത്പര്യമില്ലാതെ എന്തെങ്കിലും പഠിക്കേണ്ടിവരുന്നെങ്കിൽ അത് പഠിക്കുന്നവരുടെ ഗതികേട് മാത്രമാണ്. 'ഐൻസ്റ്റൈൻ ഇതൊക്കെ കണ്ടുപിടിച്ചതുകൊണ്ടാണ് ഇതൊക്കെ പഠിക്കേണ്ടിവന്നത്'' എന്ന തമാശ ഗൗരവമായി പറയുന്നവരുള്ള നാടാണ് നമ്മുടേത്. കേട്ടാൽ ഐൻസ്റ്റൈൻ നിർബന്ധിച്ചിട്ടാണ് ബി.എസ്.സി.യ്ക്ക് ഫിസിക്സ് എടുത്തതെന്നേ തോന്നൂ!

ഇനി ഉന്നതപഠനത്തിന് മുന്നേ തന്നെ പ്രയോജനമില്ലാത്ത പലതും പഠിക്കുന്നുണ്ടല്ലോ എന്ന് തോന്നാം. ഉദാഹരണത്തിന് പോളിനോമിയൽ, റാഡിക്കൽ, തുടങ്ങിയ പല ഗണിതപാഠങ്ങളും അത്തരത്തിലുള്ളതാണെന്ന് തോന്നിയേക്കാം. പക്ഷേ ചെയ്തു കൊണ്ടിരിക്കുന്ന പ്രവൃത്തി 'പഠനം' ആണെന്ന് പഠിക്കുന്ന കുട്ടിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും ആവലാതി പറയുന്ന മുതിർന്നവർ തിരിച്ചറിയേണ്ട കാര്യമാണ്. ഡ്രൈവിങ്ങ് പഠിക്കുമ്പോൾ ഒരേ റൂട്ടിൽ തേരാപ്പാരാ വണ്ടി അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കുന്നുണ്ടാകും. ലൈസൻസ് എടുക്കാൻ 'H' എടുക്കുന്നതും പരിചിതമായ രീതിയാണ്. എന്തിനാണിതൊക്കെ? രണ്ട് ജംഗ്ഷനുകൾക്കിടയിൽ ഷട്ടിലടിയ്ക്കാനോ 'H' ആകൃതിയിൽ ഓടിക്കാനോ അല്ലല്ലോ നാം ഡ്രൈവ് ചെയ്യുന്നത്! പഠനം മസ്തിഷ്കത്തിനുള്ളിൽ നടക്കുന്ന പ്രക്രിയയാണ്. നമ്മൾ വൈദഗ്ധ്യം നേടാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിക്ക് അനുകൂലമായി തലച്ചോറിനെ പരുവപ്പെടുത്തുന്ന ധർമ്മമാണ് ഇത്തരം 'അനാവശ്യ'കാര്യങ്ങൾക്കുള്ളത്.

പോളിനോമിയലും ഫങ്ങ്ഷനും ട്രിഗണോമെട്രിയും ഡിഫറൻഷ്യൽ ഇക്വേഷനും ഒക്കെ ഒരു പരിശീലനത്തിൻറെ ഭാഗമാണ്. പല പ്രശ്നങ്ങളും പരിഹരിക്കാനുള്ള ബൗദ്ധിക ഉപകരണങ്ങളും (tools) രീതികളും (methods) അതിലൂടെ സ്വായത്തമാക്കാനാവും. ഈ രീതികൾ പ്രയോഗിച്ച് പരിശീലിക്കാനാണ് പുസ്തകത്തിൽ പരിശീലനപ്രശ്നങ്ങൾ (practice problems) ഉള്ളത്. പാഠപുസ്തകത്തിലെ 'പരിശീലനപ്രശ്നങ്ങൾ', പരിശീലനത്തിന് വേണ്ടി മാത്രം രൂപകല്പന ചെയ്യപ്പെട്ട കൃത്രിമ പ്രശ്നങ്ങളായിരിക്കും. കംപ്യൂട്ടർ പ്രോഗ്രാമിങ് പഠിക്കുമ്പോൾ രണ്ട് നമ്പർ കൂട്ടാനും, കൂട്ടത്തിലെ വലിയ സംഖ്യ കണ്ടുപിടിക്കാനും ഒക്കെയുള്ള കാര്യങ്ങളാണ് പരിശീലനപ്രശ്നങ്ങളായി ചെയ്യാറ്. എന്നാൽ ഇപ്പറഞ്ഞ കുഞ്ഞുകുഞ്ഞു കാര്യങ്ങൾ സാധിക്കാനല്ല പ്രോഗ്രാമിങ് പഠിക്കുന്നത്. വലിയ വലിയ




കാര്യങ്ങൾക്ക് ഉപയോഗിക്കാനുള്ള വിവിധ ടൂളുകൾ ഉപയോഗിച്ച് പരിശീലിക്കാനായി മാത്രമാണ് ഇത്തരം ലളിതമായ പ്രശ്നങ്ങൾ ഉപയോഗിക്കുന്നത്. അതായത്, ഇത്തരം സ്കൂൾ പാഠങ്ങൾ മസ്തിഷ്കത്തിലേയ്ക്ക് ചില പുതിയ നൈപുണ്യങ്ങൾ കൂട്ടിച്ചേർക്കുകയാണ്. അവ സ്വായത്തമാക്കിയാൽ നിത്യജീവിതത്തിലെ മറ്റ് പ്രശ്നങ്ങളും പരിഹരിക്കാൻ അവ ഉപയോഗിക്കാനാവും.

നമുക്ക് സ്വാഭാവികമായി ഉണ്ടാകാൻ സാധ്യതയില്ലാത്ത, പരിശീലനത്തിലൂടെ കൈവരിക്കേണ്ട ചില നൈപുണ്യങ്ങൾ കൊണ്ട് മാത്രം കൈകാര്യം ചെയ്യാൻ കഴിയുന്ന ചില വിഷയങ്ങൾ ഉണ്ട്. ഫിസിക്സ് പോലുള്ള പ്രകൃതിശാസ്ത്രങ്ങൾ അതിന് നല്ല ഒരുദാഹരണമാണ്. നമ്മൾ അനുഭവിക്കുന്ന പ്രപഞ്ചത്തെ പറ്റിയാണ് പഠിക്കുന്നത് എന്ന് പറഞ്ഞാലും, മനുഷ്യൻറെ വലിപ്പത്തിനോട് താരതമ്യം ചെയ്യാവുന്ന ദൂരങ്ങളിലും, മനുഷ്യൻ കൈകാര്യം ചെയ്യുന്ന പരിധികൾക്കുള്ളിലെ വേഗങ്ങളിലും മാത്രമേ നമ്മുടെ അനുഭവസമ്പത്ത് പ്രായോഗികമാകൂ. ജ്യോതിശാസ്ത്രപരമായ ദൂരങ്ങളിലും, അതിസൂക്ഷ്മ വലിപ്പങ്ങളിലും, പ്രകാശസമാനമായ വേഗങ്ങളിലുമൊന്നും നമ്മുടെ അനുഭവജ്ഞാനം പ്രായോഗികമല്ല. പക്ഷേ പ്രപഞ്ചം എന്നത് അതുകൂടി ഉൾപ്പെടുന്നതായതുകൊണ്ട് ഫിസിക്സ് അതിനെക്കൂടി ചേർത്താണ് സിദ്ധാന്തങ്ങൾ ഉണ്ടാക്കുന്നത്. അതുകൊണ്ട് നിരവധി അമൂർത്ത (abstract) ആശയങ്ങളും ബൗദ്ധിക ഉപകരണങ്ങളും ഒക്കെ ഉപയോഗിച്ചാലേ അവയെ കൈകാര്യം ചെയ്യാനും ആവൂ. പരാതി കേൾക്കുന്ന നെടുങ്കൻ സമവാക്യങ്ങൾ അതിൻറെ ഭാഗമാണ്.

വിദ്യാർത്ഥികളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി ഇവിടെ പറയേണ്ടതുണ്ട്. മനുഷ്യന് സാധാരണഗതിയിൽ തീർത്തും അപരിചിതമായ ബ്ലാക് ഹോൾ പോലുള്ള കാര്യങ്ങളെ പോപ്പുലർ സയൻസും അക്കാദമിക ഫിസിക്സും കൈകാര്യം ചെയ്യുന്നത് തീർത്തും വ്യത്യസ്തമായ രീതികളിലാണ്. പോപ്പുലർ സയൻസിലെപ്പോലെ വാചികമായ വർണ്ണനകളോ, വർണാഭമായ ചിത്രങ്ങളോ അല്ല ഫിസിക്സിലെ ബ്ലാക് ഹോൾ പഠനം. ഇത് വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ബ്ലാക് ഹോളിൽ വീണാൽ എന്ത് സംഭവിക്കും, ബ്ലാക് ഹോൾ മറ്റൊരു പ്രപഞ്ചത്തിലേക്കുള്ള വാതിലാണോ എന്നൊക്കെയുള്ള കൗതുകമുണർത്തുന്ന ചോദ്യങ്ങളൊക്കെ പോപ്പുലർ സയൻസിൽ കാണാം. അതെല്ലാം, ബ്ലാക് ഹോൾ എന്ന അസാധാരണവസ്തുവിനെ 'പരിചയ'പ്പെടുത്താനുള്ള വിവരണങ്ങൾ മാത്രമാണ്. അതല്ല ബ്ലാക് ഹോളുകളെ കുറിച്ചുള്ള 'പഠനം'. ഡിഫറൻഷ്യൽ ഇക്വേഷനും ട്രിഗണോമെട്രിയും പ്രയോജനമില്ലാത്ത കാര്യങ്ങളാണ് എന്ന ധാരണയും കൊണ്ട് ബ്ലാക് ഹോളിനെക്കുറിച്ച് പഠിക്കാൻ ഫിസിക്സ് തെരഞ്ഞെടുത്താൽ അതൊരു കനത്ത അക്കാദമികദുരന്തം മാത്രമായിരിക്കും.

ചെറിയ കുട്ടികളുടെ മാതാപിതാക്കൾ ഇതിൽ പ്രത്യേകം ചിലത് ശ്രദ്ധിക്കേണ്ടതുണ്ട്. കൗതുകമുണർത്തുന്ന പല ഭൗതികപ്രതിഭാസങ്ങളും കുട്ടികളെ ആകർഷിക്കും. അതുകൊണ്ട് ആ ജിജ്ഞാസ കൊണ്ട് യൂട്യൂബ് പോലുള്ള നവസങ്കേതങ്ങൾ വഴി അവർ പലതും കേട്ടറിയും. താൻ കേട്ടിട്ടുപോലുമില്ലാത്ത കടുകട്ടി ഫിസിക്സ് പ്രയോഗങ്ങൾ തൻറെ കുട്ടി നടത്തുന്നത് കേട്ട്, അയാൾക്ക് അസാധാരണമായ എന്തോ പ്രതിഭയുണ്ട് എന്ന് സ്വയം വിശ്വസിക്കുകയും, കുട്ടിയെക്കൂടി വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരുപാട് മാതാപിതാക്കളെ കണ്ടിട്ടുണ്ട്. കുട്ടി ഭാഷാപ്രയോഗവും, ഗണിതവും അടിസ്ഥാന ഭൗതികപ്രമാണങ്ങളും ഒക്കെ കൃത്യമായി പഠിച്ചെടുക്കുന്നുണ്ട് എന്നുറപ്പിച്ചിട്ടാകണം ഇത്തരം വിലയിരുത്തലുകൾ നടത്താൻ. മോട്ടിവേഷൻ സ്പീക്കർമാർ പറയുന്നതുപോലെയല്ല കാര്യങ്ങൾ. ബിരുദവിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ ശരാശരിവരുമാനം, അല്ലാത്തവരെക്കാൾ കൂടുതലാണെന്നതിന് പല പഠനങ്ങളുടെ പിൻബലമുണ്ട്. ഔപചാരികവിദ്യാഭ്യാസം– അത് പ്രാഥമികം മുതൽ ഉന്നതതലം വരെ– പ്രയോജനരഹിതമാണെന്നത് തെറ്റിദ്ധാരണയാണ്. മാത്രമല്ല, സക്കർബർഗ്, ബിൽ ഗേറ്റ്സ് എന്നിവരൊക്കെ ഡ്രോപ്പൗട്ടായത്, പഠിക്കാനുള്ളത് മനസ്സിലാവാതെ പരീക്ഷ തോറ്റുകൊണ്ടല്ല എന്ന കാര്യം പൊതുവേ ആരും പറഞ്ഞു കേൾക്കാറില്ല.

ഡോ. ബിജു ആർ ഐ, ലിജോ സെബാസ്റ്റ്യൻ

# ഇന്ത്യയിൽ നിന്നും ഭാരതത്തിലേക്ക്

സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ ഭാഷ, ആചാരങ്ങൾ, വസ്ത്രം, ഭക്ഷണം, എഴുത്ത്, ചിന്ത, സംവാദങ്ങൾ,സിനിമ തുടങ്ങി പൗരന്റെ ദൈനംദിന ജീവിതക്രമം പോലും ദേശീയതയുമായി ബന്ധപ്പെടുത്തുവാൻ ഭരണകൂടം ശ്രമിക്കുന്നുണ്ട്. . ഇത്തരമൊരു സാമൂഹിക - രാഷ്ട്രീയ സാഹചര്യത്തിൽ സകലതിനെയും നിർണയിക്കുന്ന ദേശീയത എന്ന ആശയവും ദേശരാഷ്ട്രരൂപവും സവിശേഷ പ്രാധാന്യം അർഹിക്കുന്നുണ്ട്. ദേശീയതയും ദേശരാഷ്ട്രങ്ങളും എപ്പോഴാണ്, എങ്ങനെയാണ് രൂപപ്പെട്ടത്, ഇതൊരു ആധുനിക പ്രതിഭാസമാണോ അതോ പൗരാണിക കാലം മുതൽക്കേ തുടർച്ച അവകാശപ്പെടാൻ പറ്റുന്ന ഒന്നാണോ, എങ്ങനെയെല്ലാം മറ്റ് പ്രദേശങ്ങളിൽ നിന്നും പ്രത്യേകിച്ച് യൂറോപ്യൻ ദേശരാഷ്ട്രങ്ങളിൽ നിന്നും ഇന്ത്യയിലെ ദേശീയത സങ്കല്പവും ദേശരാഷ്ട്രവും വ്യത്യസ്തമാണ് തുടങ്ങിയവയെല്ലാം പ്രശ്നവൽക്കരിക്കേണ്ട കാലത്താണ് നാം ജീവിക്കുന്നത്. ഇന്ത്യൻ ദേശരാഷ്ട്രത്തെ സംബന്ധിച്ച് ഉപയോഗിച്ചിരുന്ന ചിഹ്നങ്ങൾ, ബിംബങ്ങൾ എന്നിവയിൽ കഴിഞ്ഞ ദശകങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിൽ വികസിച്ചു വന്ന കൊളോണിയൽ വിരുദ്ധ ബഹുസ്വര ദേശീയത സങ്കല്പവും, അതിനെതിരായി വളർന്നു വന്ന മത രാഷ്ട്രവാദ ഹിന്ദുത്വദേശീയതയും, സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണഘടന ജനാധിപത്യ റിപ്പബ്ലിക്കൻ ദേശരാഷ്ട്ര സങ്കല്പവും, ഈ ദേശരാഷ്ട്രത്തിൻ്റെ സ്വഭാവത്തെ സംബന്ധിച്ചുള്ള സമീപനങ്ങളിൽ വന്ന മാറ്റങ്ങളും പരിശോധിക്കുകയാണ് ഈ ലേഖനം.

## ദേശീയതയെപ്പറ്റിയുള്ള സൈദ്ധാന്തിക സമീപനങ്ങൾ

മറ്റേതൊരു ആധുനിക ആശയത്തെയും പോലെ ദേശീയത അഥവാ നാഷണലിസം എന്ന സങ്കല്പം ഉരുവം കൊണ്ടത് യൂറോപ്യൻ പരിസരത്തിലാണ്. ഫ്യൂഡൽകാല പ്രാദേശികതയെയും, ക്രിസ്ത്യൻ സാർവത്രിക വിശ്വാസ കൂട്ടായ്മയെയും പരിവർത്തിപ്പിച്ചുകൊണ്ട് യൂറോപ്പിൽ 18ആം നൂറ്റാണ്ടോടു കൂടി ഉയർന്നുവന്ന ശക്തിയേറിയ സംഘടനമാണ് ദേശരാഷ്ട്രങ്ങൾ. ന്യൂട്ടോണിയൻ ശാസ്ത്ര വൈജ്ഞാനിക ചിന്തയുടെ ഉദയത്തോടെ സൃഷ്ടപ്രപഞ്ചത്തിലെ സകല വസ്തുക്കൾക്കും ഘടനയും ചലനവഴിയും നിർണയിക്കപ്പെട്ടു. ചരിത്രപ്രക്രിയ പോലും അതിൽനിന്നും പുറത്തുപോയില്ല. വ്യക്തികളുടെ കൂട്ടായ്മ എന്ന അമൂർത്ത സങ്കല്പത്തിന്റെ സ്ഥാനത്ത് മൂർത്തമായ അതിരുകളും, സാമൂഹിക നിയന്ത്രണ സ്ഥാപനങ്ങളുമുള്ള രാഷ്ട്രരൂപം ദേശരാഷ്ട്ര ഘടനയായി രൂപപ്പെട്ടു. ജ്ഞാനോദയകാലത്തെ ചിന്തകന്മാർ ദൈവദത്തമായ രാജാധികാര കേന്ദ്രീകൃത ഭരണരൂപത്തെ വിമർശന വിധേയമാക്കി പുതുദേശരാഷ്ട്ര സങ്കല്പത്തിന് അടിത്തറ പാകിയപ്പോൾ, യൂറോപ്യൻ കാല്പനികർ പുതുതായി രൂപം കൊള്ളുന്ന രാഷ്ട്രരൂപത്തിന് നിർമിത പാരമ്പര്യത്തിന് (Invented Tradition) പിന്തുണ നൽകി. പൊതുവിൽ മതാതീത യൂറോപ്യൻ സെക്കുലർ പരിസരത്തിലാണ് ദേശീയതയുടെ വളർച്ചയും കണ്ടെത്തുന്നത്.

ഫ്രഞ്ച് ഭാഷാപണ്ഡിതനായ ഏണസ്റ്റ് റെനനാണ് ദേശരാഷ്ട്രത്തെ സംബന്ധിച്ചുള്ള യൂറോപ്യൻ സൈദ്ധാന്തിക ചിന്തകൾക്ക് തുടക്കം കുറിക്കുന്നത്. 1882ൽ നടത്തിയ 'What is A Nation' എന്ന പ്രഭാഷണ പരമ്പരയിൽ രാഷ്ട്രത്തെ

തന്റേതായ രീതിയിൽ നിർവചിക്കുവാനും അടയാളപ്പെടുത്തുവാനും റെനൻ ശ്രമിക്കുന്നുണ്ട്. ജനതയുടെ ഒരുമിച്ച പാർക്കുവാനുള്ള ഇച്ഛയാണ് ദേശരാഷ്ട്രത്തിന്റെ യഥാർത്ഥ മാനദണ്ഡമെന്നാണ് റെനന്റെ വാദം. ഇത്തരം ഇച്ഛ രൂപപ്പെടുന്നത് ഭൂതകാല – വർത്തമാനകാല മൂല്യങ്ങളിൽ നിന്നാണ്. അതായത് ഭൂതകാല യാതനകളും, പൊതുവായി കാണുന്ന മൂല്യങ്ങളും, പാരമ്പര്യങ്ങളും അനുസ്യൂതം തുടരാനുള്ള വർത്തമാനകാല അഭിവാഞ്ഛയും ചേർന്നാണ് പ്രസ്തുത ഇച്ഛ രൂപപ്പെടുത്തുന്നത്. റെനന്റെ ആശയങ്ങളെ ഇന്ത്യൻ സാഹചര്യത്തിൽ വായിക്കുമ്പോൾ കാണേണ്ട സംഗതി പൗരത്വ ഭേദഗതി നിയമം പോലുള്ള കരിനിയമങ്ങളെക്കാളും, നീണ്ട കാലത്തെ കൊളോണിയൽ വിരുദ്ധ സമരപോരാട്ടവും അതിന്റെ പാരമ്പര്യവുമാണ് ദേശീയതയുടെ അടിസ്ഥാനം.

ദേശരാഷ്ട്രത്തെപ്പറ്റിയുള്ള സംവാദങ്ങൾ അക്കാദമിക വൃത്തങ്ങളിൽ ഒരു നൂറ്റാണ്ട് കാലത്തിന് ശേഷം 1980കളിലാണ് വീണ്ടും പ്രത്യക്ഷപ്പെടുന്നത്. ആദ്യ പകുതി ലോക മഹായുദ്ധങ്ങളും, രണ്ടാം പകുതിയുടെ ആദ്യ മൂന്ന് പതിറ്റാണ്ടുകൾ അപകോളനീകരണവും അരങ്ങേറിയ കാലമാണ് ഇരുപതാം നൂറ്റാണ്ട്. സോഷ്യലിസ്റ്റ് സ്വാധീനവും, മഹാസാമ്പത്തിക മാന്ദ്യവും, കെയിനേഷ്യൻ സാമ്പത്തിക ശാസ്ത്രവും ചേർന്ന് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നവീനമായ ഒരു ക്ഷേമരാഷ്ട്ര മാതൃക നിർമിക്കുകയുണ്ടായി. യുദ്ധാനന്തരലോകത്തിന് കോളനിവൽക്കരിക്കപ്പെട്ട ദേശീയതകളുടെ സ്വയം നിർണയ അവകാശത്തെ അത്ര ഉള്ളുതുറന്നല്ലെങ്കിലും കുറെയൊക്കെ അംഗീകരിക്കേണ്ടതായി വന്നു; അതിന്റെ ഭാഗമായി ലോകഭൂപടത്തെ കീറിമുറിച്ചുകൊണ്ട് കുറെയേറെ ദേശരാഷ്ട്രങ്ങൾ രൂപം കൊള്ളുകയുണ്ടായി. രാഷ്ട്രപുനർനിർമാണം മുഖ്യ അജണ്ടയായ ഈ കാലത്ത് ദേശീയതവ്യവഹാരങ്ങൾ മിക്കവാറും നീണ്ടകാലത്തെ കൊളോണിയൽ വിരുദ്ധ സമരങ്ങളിലും, യുദ്ധകാല അനുഭവങ്ങളിലും അടിസ്ഥാനമാക്കപ്പെട്ടവയായിരുന്നു.



ഏണസ്റ്റ് ഗെൽനർ

തൊള്ളായിരത്തി എഴുപതുകളിൽ ആരംഭിച്ച്, എൺപതുകളിൽ ശക്തിപ്പെട്ട ലോകവ്യാപക സാമ്പത്തിക പ്രതിസന്ധി ക്ഷേമരാഷ്ട്രസങ്കൽപത്തെ വെല്ലുവിളിക്കുകയുണ്ടായി. രാഷ്ട്രത്തെക്കാളേറെ കമ്പോളത്തിന് കാര്യക്ഷമമായി വിഭവവിതരണം നടത്താനാകുമെന്നും ദേശരാഷ്ട്ര നിയന്ത്രണം സമ്പദ് വ്യവസ്ഥയെ പിന്നാക്കം പായിക്കുകയാണെന്നും നവഉദാരവാദ ചിന്താസംഭരണികൾ വാദിച്ചു. ലോകമെമ്പാടും ദേശരാഷ്ട്രങ്ങൾ ക്ഷേമരാഷ്ട്ര വികസനങ്ങളിൽ നിന്നും സാമൂഹിക – സേവന മേഖലകളിൽ നിന്നും പിൻവലിഞ്ഞ ഈ കാലത്ത് ദേശരാഷ്ട്രങ്ങളുടെ സ്വഭാവത്തിലും വലിയ മാറ്റങ്ങൾ ഉണ്ടായി.

ഇത്തരുണത്തിൽ മാറിയ ദേശരാഷ്ട്ര സ്വഭാവത്തെപ്പറ്റി പുതിയ ജ്ഞാനപരമായ നിലപാടുകളുമായി ഒരു കൂട്ടം ചിന്തകന്മാർ മുന്നോട്ട് വരുകയുണ്ടായി. ഇക്കൂട്ടരിൽ എടുത്തുപറയേണ്ടയാൾ കേംബ്രിഡ്ജ് സർവകലാശാലയിലെ നരവംശശാസ്ത്ര അധ്യാപകനായിരുന്ന ഏണസ്റ്റ് ഗെൽനറാണ്. Nation and Nationalism, Encounters with Nationalism, Nationalism തുടങ്ങിയ കൃതികളിലൂടെ യൂറോപ്യൻ ദേശീയതയെ അദ്ദേഹം പ്രശ്നവൽക്കരിക്കുന്നുണ്ട്. ഹിറ്റ്ലറിന്റെ വംശഹത്യയെ തുടർന്ന് ചെക്കോസ്ലോവാക്യയിൽ നിന്നും ഇംഗ്ലണ്ടിലേക്ക് കുടിയേറിയ ജൂതകുടുംബാംഗമായ ഗെൽനർ യുദ്ധാനന്തരം മാതൃരാജ്യത്തേക്ക് മടങ്ങുന്നുണ്ടെങ്കിലും മുൻപുണ്ടായിരുന്ന ബഹുസാംസ്കാരികത്വം അവിടെ കണ്ടെത്താൻ കഴിയാത്തത് കൊണ്ട് അയാൾ ഇംഗ്ലണ്ടിലേക്ക് തിരിച്ച് പോരുകയാണ്. ദേശീയതയുടെ സ്വഭാവത്തെ സങ്കുചിത വംശീയ സ്വത്വരാഷ്ട്രീയം വലിയതോതിൽ സ്വാധീനിക്കുകയും നിർണയിക്കുകയും ചെയ്യുന്നുണ്ടെന്ന് ഗെൽനർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ വാദം അനുസരിച്ച് സമൂഹത്തിലെ പ്രാദേശിക കീഴാള സംസ്കാരത്തിന്റെയും ബഹുസ്വര സാംസ്കാരിക സ്ഥലികളുടെയും മേലുള്ള ശ്രേഷ്ഠമായി കരുതുന്ന ഏക സംസ്കാരത്തിന്റെ അടിച്ചേല്പിക്കൽ ദേശീയതാബോധ നിർമാണത്തിൽ പ്രകടമാണ്. ദേശീയതയെ സംബന്ധിച്ചുള്ള ഗെൽനറിന്റെ സൈദ്ധാന്തിക ചിന്ത പൊതുവിൽ അറിയപ്പെടുന്നത് Mobility and Cultural Homogenization (ചലനാത്മകവും സാസ്കാരിക ഏകത്വവും) എന്നാണ്. ചലനാത്മകത എന്നതിലൂടെ സാർവത്രിക സാക്ഷരതത്വവും, ഭാഷയുടെ ക്രമവൽക്കരണം, ഒരു നവീന പൊതുസാമൂഹിക ക്രമം രൂപപ്പെടുത്തുക എന്നതാണ്. കുറേക്കൂടി പ്രധാനപ്പെട്ട സംസ്കാരിക ഏകജാതീയതയിലൂടെ ഒരേ സംസ്കാരം, ഒരേ വിനിമയ രീതി, ഒരേ തരത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തുക എന്നതാണ് വിവക്ഷിക്കുന്നത്. ദേശീയതയുമായി ബന്ധപ്പെട്ട് ഗെൽനർ നിരീക്ഷിച്ച സംഗതികൾ ആർ എസ് എസ് സർസംഘചാലക് കേശവ് ബലിറാം ഹെഡ്ഗേവാർ ദേശത്തെ നിരീക്ഷിച്ചുകൊണ്ട് പറഞ്ഞ വാക്കുകളിൽ കണ്ടെത്താവുന്നതാണ്; 'ഏതെങ്കിലും ഒരു കേവല ഭൂപ്രദേശത്തെ ദേശരാഷ്ട്രമെന്ന വിശേഷണം ചേരില്ല. അനാദിയായ കാലം മുതൽക്കേ ഒരേ ആചാരം, ഒരേ സംസ്കാരം, ഒരേ പാരമ്പര്യം എന്നിവ പേറുന്നതാണ് ഒരു രാ




ഗീത പ്രെസ്സ്

ഷ്ട്രം.' ഇതിന്റെ പ്രായോഗികവൽക്കരണം എന്ന നിലയിൽ 1991ലെ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ബിജെപി പുറത്തിറക്കിയ പ്രകടന പത്രികയിൽ ഒരു ദേശം, ഒരു ജനത, ഒരു സംസ്കാരം എന്നിവയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഉറപ്പിച്ചുപറയുന്നുണ്ട്. വൈവിധ്യങ്ങളെ നിഷേധിക്കുന്ന ഏകത്വ സങ്കല്പം 2014ൽ ഭരണത്തിൽ എത്തിയ ബിജെപി സർക്കാർ ഭരണനയപരിപാടികളിലേക്ക് കൂടി സന്നിവേശിപ്പിക്കുകയുണ്ടായി. ഒരു രാജ്യം ഒരു ജനത എന്ന ആദ്യകാല മുദ്രാവാക്യത്തിന് ഒപ്പം ഒരു രാജ്യം ഒരു ഭാഷ (ദേവനാഗരിലിപിയിലുള്ള ഹിന്ദി), ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്, ഒരു രാജ്യം ഒരു വിദ്യാഭ്യാസം (ദേശീയ വിദ്യാഭ്യാസ നയം), ഒരു രാജ്യം ഒരു പൗരത്വം (സിഎഎ – എൻആർസി), ഒരു രാജ്യം ഒരു കമ്പോളം (കാർഷിക നിയമ ഭേദഗതി) എന്നു തുടങ്ങി ഒരു രാജ്യം ഒരു ഗ്യാസ് (പ്രകൃതിവാതക പൈപ്പ്ലൈൻ) വരെ സമഗ്രാധിപത്യത്തെ ലക്ഷ്യം വെക്കുന്ന ആശയങ്ങളായി ദേശീയതയുടെ പേരിൽ പ്രചരിപ്പിക്കുന്ന നിലയിലെത്തി കാര്യം.

ദേശീയതയെപ്പറ്റി ഏറ്റവും ശ്രദ്ധേയമായ ആശയം മുൻപോട്ട് വെച്ചത് ആംഗ്ലോ-ഐറിഷ് ചിന്തകനായ ബെനഡിക്ട് ആൻഡേഴ്സനാണ്. അദ്ദേഹത്തിന്റെ സൈദ്ധാന്തിക സമീപനങ്ങൾ രൂപപ്പെട്ടത് 1940കളിൽ ഇന്തോനേഷ്യയിൽ നടന്ന ഡച്ച് വിരുദ്ധ സ്വാതന്ത്ര്യ സമരത്തിൽ നിന്നുമാണ്. ദേശരാഷ്ട്രം എന്നാൽ ഭാവനാത്മക രാഷ്ട്രീയ സമൂഹം (Imagined Political Communities) എന്നാണ് ആൻഡേഴ്സന്റെ വാദം. ഈ ഭാവന രൂപപ്പെടുത്തുന്നതിൽ സവിശേഷമായ പങ്ക് അച്ചടി സാങ്കേതിക വിദ്യയുടെ വ്യാപനത്തിനുണ്ടെന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്. ഡച്ച് വിരുദ്ധ സ്വതന്ത്ര്യസമരത്തിന് ആക്കം പകർന്നതും ജനങ്ങളെ സംയോജിപ്പിച്ചതിലും ഇന്തോനേഷ്യൻ ഭാഷക്ക് ഉള്ള സ്ഥാനം കണ്ടെത്തിയ ആൻഡേഴ്സണ് അതിൽ നിന്നും അച്ചടി മുതലാളിത്തം (Print Capitalism) എന്ന സൈദ്ധാന്തിക പരികല്പന രൂപപ്പെടുത്തി. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിൽ അച്ചടിവിദ്യക്ക് പ്രചാരം സിദ്ധിച്ചതോടെ വാങ്മയത്തിൽ ഒതുങ്ങിയിരുന്ന പ്രാദേശിക ഭാഷാരൂപങ്ങൾ ഒരു ജനതയെ ആകെ കൂട്ടിയിണക്കും വിധത്തിൽ രൂപമാറ്റം ആർജിച്ചു. തമ്മിൽ കണ്ടിട്ടുപോലുമില്ലാത്ത ഒരു വലിയ വിഭാഗം ജനങ്ങളെ തിരശ്ചീനമായി കൂട്ടിയിണക്കുന്ന ശക്തിയായി അച്ചടിയിലൂടെ രൂപമാറ്റം വന്ന എഴുത്ത് ഭാഷക്കായി. യൂറോപ്യൻ ദേശീയതയുടെ രൂപീകരണത്തിൽ അച്ചടി ഭാഷക്കുള്ള പങ്ക് നിരീക്ഷിക്കുന്ന ആൻഡേഴ്സൺ എന്നാൽ കൊളോണിയൽ അധികാരത്തിന് വിധേയപ്പെട്ട ഇൻഡ്യ പോലുള്ള പ്രദേശങ്ങളിൽ മറ്റ് മൂന്ന് സങ്കേതങ്ങൾ; സെൻസസ്, ഭൂപടം, മ്യൂസിയം എന്നിവ കൂടി ചേർന്നാണ് ദേശീയത സങ്കൽപ്പം രൂപപ്പെടുത്തിയതെന്ന് നിരീക്ഷിക്കുന്നുണ്ട്.

അച്ചടിസാങ്കേതികവിദ്യയുടെ ജനകീയത ഇന്ത്യയിലെ ഹിന്ദുത്വ ശക്തികളും കാര്യമായി തന്നെ ഒരു നൂറ്റാണ്ടായി തങ്ങളുടെ ദേശീയത സങ്കല്പ പ്രചരണത്തിനായി ഉപയോഗിക്കുന്നുണ്ട്. 1923ൽ ജയദ്ലാൽ ഗോയങ്ക, ഹനുമൻ പ്രസാദ് പോഡ്ദാർ എന്നീ രണ്ട് മാർവാടിക്കച്ചവടക്കാർ തുടക്കം കുറിച്ച ഗീത പ്രസ് എന്ന സ്ഥാപനവും, 1926ൽ പ്രസിദ്ധീകരണം ആരംഭിച്ച അവരുടെ തന്നെ കല്യാൺ മാസികയും പിൽക്കാല ഹൈന്ദവ

രാഷ്ട്ര രൂപികരണത്തിന്റെ അടിത്തറയായ ഹിന്ദുമത സാംസ്കാരിക സ്വത്വത്തെ നിർമിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഹിന്ദി ഹൃദയഭൂമിയിൽ സവർണ്ണ ഹൈന്ദവ മൂല്യങ്ങളെ സ്വാംശീകരിക്കാനും പിൽക്കാല ഹിന്ദു ദേശരാഷ്ട്ര രൂപീകരണത്തിനും ഒരുപക്ഷേ ഗീതാ പ്രസ്സിനോളം സഹായകമായ മറ്റൊരു സ്ഥാപനമുണ്ടാവില്ല. ഇന്ത്യൻ ജാതി – ഫ്യൂഡൽ സാമൂഹിക പശ്ചാത്തലത്തിൽ വാണിജ്യ ലാഭത്തിനുമപ്പുറം ഹൈന്ദവതയിൽ വേരൂന്നിയ ഒരു ദേശരാഷ്ട്ര നിർമിതിക്ക് വേണ്ടി ഭാഷയെ (ഹിന്ദി) ബോധപൂർവം മതവുമായി സമന്വയിപ്പിച്ചുകൊണ്ട് മതബോധത്തിൽ അധിഷ്ഠിതമായ ഒരു ജനസമൂഹത്തെ നിർമിച്ചെടുക്കുവാനുള്ള ബോധപൂർവമായ ഇടപെടലാണ് നടന്നത്. ഹിന്ദിഭാഷയെ മുഖ്യ സ്ഥാനത്ത് പ്രതിഷ്ഠിച്ചപ്പോൾ ബഹുജന സംസാര ഭാഷയായ ഉർദുവിനെ അപരവൽക്കരിക്കാനും അതിനുമപ്പുറം ഹിന്ദു മുസ്‌ലിം വൈരുദ്ധ്യം വർധിപ്പിക്കാനും ഇത്തരം പ്രതിലോമ സാംസ്കാരിക ഇടപെടൽ കാരണമായി. 1925ൽ രാഷ്ട്രീയ സ്വയംസേവക് സംഘത്തിന്റെ രൂപീകരണത്തോടെ ഗീതാ പ്രസ് സംഘപരിവാറിന്റെ മുഖ്യ ആശയപ്രചാരകനും ഹിന്ദുത്വ രാഷ്ട്രനിർമിതിയിലെ കാലാൾപ്പടയുമായി മാറുകയാണ് ഉണ്ടായത്. ഹിന്ദി-ഹിന്ദു-ഹിന്ദുസ്ഥാൻ എന്ന ഒരു നൂറ്റാണ്ട് കാലമായി സംഘപരിവാർ വിവിധ തലങ്ങളിൽ പ്രയോഗിച്ചുകൊണ്ടിരുന്ന തന്ത്രം തന്നെയാണ് ഭരണ തലത്തിൽ എത്തിയ നാൾ മുതൽ ബിജെപി സർക്കാരും പ്രയോഗിക്കുന്നത്. കഴിഞ്ഞ ഒരു നൂറ്റാണ്ടായി സംഘപരിവാർ ആശയങ്ങൾ ജനങ്ങളുടെ പൊതുബോധത്തിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ ഗീതാപ്രസിനോളം പ്രാമുഖ്യം മറ്റൊന്നിനും അവകാശപ്പെടാനാവില്ല. അതുകൊണ്ട് തന്നെയാണ് ഈ വർഷത്തെ ഗാന്ധി സമാധാന സമ്മാനം ഇന്ത്യയുടെ ഭരണകൂടം ഗീതാപ്രസിന് നീക്കിവച്ചത്.

കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയിൽ എത്തിയ പത്രപ്ര



നെഹ്റു

വർത്തകനും Indian Unrest, India Today and Tomorrow എന്നീ കൃതികളുടെ കർത്താവുമായ വലൻറയിൻ ഷിറോളിനെ പോലെയുള്ളവർ ഇന്ത്യൻ ദേശീയതയെ സംബന്ധിച്ചുള്ള സാമ്രാജ്യത്വപരമായ കാഴ്ചപ്പാട് വച്ചുപുലർത്തിയവരുടെ വാദങ്ങൾ ഇതോം വ്യത്യസ്തമായിരുന്നു. അവരുടെ അഭിപ്രായത്തിൽ ഇന്ത്യ എന്നത് ഭൂമിശാസ്ത്രപരമായ ഒരാവിഷ്കാരം മാത്രമാണ്. വ്യത്യസ്തവും വംശീയപരമായി ഭിന്നരുമായ ജനവിഭാഗങ്ങൾ അധിവസിക്കുന്ന, യൂറോപ്യൻ ഭൂഖണ്ഡത്തിൽ ആകെയുള്ള ഭാഷകളെക്കാൾ അധികം സംസാരഭാഷകളുള്ള, ഏത് വർഗ വ്യത്യാസത്തേക്കാളും ഭീകരമായ ജാതി വൈജാത്യങ്ങളുള്ള ഭൂപ്രദേശമായാണവർ ഇന്ത്യയെ കണ്ടത്. ഇന്ത്യയെന്ന ദേശരാഷ്ട്രത്തെ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ ഉത്പന്നമെന്ന നിലയ്ക്കാണ് അവർ നിരീക്ഷിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായൊരു നിലപാടാണ് ഇന്ത്യൻ ദേശരാഷ്ട്രത്തെപ്പറ്റി ദേശീയ പ്രസ്ഥാനം അതിന്റെ സംഘടിത മുന്നേറ്റത്തിന്റെ ആദ്യകാലം മുതൽ വച്ചുപുലർത്തുന്നത്. 1885ൽ കോൺഗ്രസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സുരേന്ദ്രനാഥ് ബാനർജി ഒരു ദേശരാഷ്ട്രമെന്ന നിലക്ക് ഇന്ത്യ നിർമാണ പ്രക്രിയയിലാണെന്നാണ് (India as a nation in the process of making) പറയുന്നത്. സ്വാതന്ത്ര്യലബ്ധിയുടെ ആദ്യ മുഹൂർത്തത്തിൽ തന്നെ നെഹ്റു നടത്തിയ ചരിത്ര പ്രസിദ്ധമായ 'വിധിയുമായുള്ള സമാഗമ (Trust with Destiny' പ്രസംഗത്തിലും ഇതുതന്നെ അടിവരയിടുന്നുണ്ട്. പൊതുവെ ദേശീയതയുമായി ബന്ധപ്പെട്ട ആഖ്യാനങ്ങളും വാദങ്ങളും പരിഗണിക്കുമ്പോൾ ദേശരാഷ്ട്രരൂപീകരണം എന്ന പ്രക്രിയയിൽ വ്യത്യസ്ത സൈദ്ധാന്തിക പരിസരങ്ങളുമായി ബന്ധപ്പെടുത്താവുന്നതും കണ്ടെടുക്കാവുന്നതുമാണ്. അവിടെ പ്രിൻറ് കാപ്പിറ്റലിസം, ഭാഷ – സാഹിത്യം, സെൻസസ്, മ്യൂസിയം, മാപ്പുകൾ തുടങ്ങിയവയെല്ലാം സ്വാധീന/ നിർണായ ഘടകങ്ങളായി വർത്തിക്കുന്നുണ്ട്.


## ഇന്ത്യൻ ദേശീയതയുടെ ബിംബവൽക്കരണം

ഇന്ത്യൻ ദേശീയതയെപ്പറ്റി വളരെ വ്യത്യസ്തവും മൗലികവുമായ കാഴ്ചപ്പാട് മുൻപോട്ട് വയ്ക്കുന്നത് സാമൂഹിക ചിന്തകനായ പാർത്ഥ ചാറ്റർജിയാണ്. ഇന്ത്യൻ ദേശീയതയെ ഒരു നിഷ്പന്ന വ്യവഹാരമായാണ് (Derivative Discourse) ചാറ്റർജി കാണുന്നത്. ഇന്ത്യയെപ്പോലെ ബഹുഭൂരിപക്ഷം ആളുകളും നിരക്ഷരരായ ഒരു നാട്ടിൽ ആൻഡേഴ്സൻ മുൻപോട്ട് വെക്കുന്ന പ്രിൻറ് കാപ്പിറ്റലിസം മാതൃക പ്രായോഗികമല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. പിന്നെയോ, ദേശ രാഷ്ട്രങ്ങളുടെ രൂപീകരണം ഒരു ഏകതാനമായ (homogeneous empty time) ഉരുവം കൊള്ളലല്ലെന്നും മറിച്ചതൊരു ആധുനിക കാലത്തെ ബഹുസ്വരതയുടെ (heterogeneous time of modernity) ഉത്പന്നമെന്നുമാണ്.

വീണ്ടും പാർത്ഥ ചാറ്റർജി നിരീക്ഷിക്കുന്നു, കൊളോണിയൽ വിരുദ്ധ ദേശീയ പോരാട്ടങ്ങൾ കൊളോണിയൽ സമൂഹത്തിനുള്ളിൽ തന്നെ അതിന്റേതായ സ്വയാധികാര മണ്ഡലം രൂപപ്പെടുത്തുന്നുണ്ട്. സാമൂഹിക സ്ഥാപനങ്ങളുടെയും പതിവുകളുടെയും ലോകത്തെ അത് ഭൗതികം എന്നും ആത്മീയമെന്നും രണ്ട് മണ്ഡലങ്ങളാക്കി പകുക്കുന്നു.

അതിൽ ഭൗതിക മണ്ഡലമെന്ന ആശയത്തിലൂടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിൽ മേധാവിത്തമുള്ള പാശ്ചാത്യനെയും അതിന് മുൻപിൽ വഴങ്ങുന്ന പൗരസ്ത്യനെയുമാണ് വിവക്ഷിക്കുന്നത്, എന്നാൽ മറുഭാഗത്ത് ആത്മീയ മണ്ഡലം എന്നാൽ സാംസ്കാരിക ചിഹ്നങ്ങൾ പേറുന്ന ആന്തരിക തലമാണ്. അവിടെ ഇന്ത്യക്കാരൻ തന്റേതായ ഒരു പ്രതലം സൃഷ്ടിച്ചുകൊണ്ട് കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന് കളം ഒരുക്കുകയാണ്. സമാനമായ ചിന്താഗതി തന്നെയാണ് ദിപേഷ് ചക്രബർത്തിയും മുൻപോട്ട് വെക്കുന്നത്; ദേശം എന്നാൽ ബൗദ്ധികവും, യുക്തിപരവുമായി ഭാവന ചെയ്യുന്നതിനുമപ്പുറം ആന്തരിക മണ്ഡലത്തിൽ ആത്മീയ തലത്തിൽ അനുഭവിക്കുന്നതാണത്രേ. ഈ ചിന്തകന്മാരുടെ അഭിപ്രായമനുസരിച്ച് ആത്മീയ ഭാവനയിലൂടെയാണ് പലതട്ടിലുള്ള സമാന്യജന ബോധത്തിലേക്ക് ഇന്ത്യൻ ദേശീയത ബോധം കിനിഞ്ഞിറങ്ങുന്നത്. ഈ പശ്ചാത്തലത്തിൽ വേണം ഇന്ത്യൻ ദേശീയതയുമായി ബന്ധപ്പെട്ട് നിർമിക്കപ്പെട്ട ആത്മീയ ബിംബങ്ങളെ നോക്കേണ്ടത്.

1873 ഫെബ്രുവരി 10 നാണ് ബംഗാളിൽ നടന്ന മേളയിൽ പ്രദർശിപ്പിക്കപ്പെട്ട ഭാരത്മാതാ എന്ന ചിത്രം ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. 1882 ആയപ്പോഴേക്കും ബങ്കിം ചന്ദ്ര ചതോപാധ്യായ അദ്ദേഹത്തിന്റെ ബംഗാളി നോവലായ ആനന്ദമഠ് എന്ന കൃതിയിലൂടെ മാതൃദേവത സമാനമായ ഭാരതമാതാവിനെ വൈകാരികമായി വരച്ചുകാണിക്കുന്നുണ്ട്. വൈകാരിക വിക്ഷുബ്ധതയോടെ മാതൃദേവത (ദേശരാഷ്ട്രം) ഒരിക്കൽ എങ്ങനെയായിരുന്നു, ഇപ്പോൾ എങ്ങനെയാണ്, നാളെ എന്തായിരിക്കും എന്ന മൂന്ന് വ്യത്യസ്ത ഭാവങ്ങളെ അവതരിപ്പിക്കുകയാണ്, അതോടൊപ്പം വന്ദേമാതരം എന്ന വിളിയോടെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിലുള്ള വൈകാരിക തലം കൂടിയാണ് രൂപപ്പെടുത്തിയത്. നിരക്ഷരരായ ഒരു വലിയ ജനസമൂഹത്തെ ദേശീയ പ്രസ്ഥാ




നത്തിന്റെ ആദ്യനാളുകളിൽ ചേർത്തുനിർത്തുന്നത് ഇത്തരം ജനകീയ ബിംബങ്ങളിലൂടെയാണ്. ഒരു സവർണ സങ്കല്പത്തിൽ നിന്ന് ഭിന്നമായി ഏതൊരു ഇന്ത്യക്കാരനും ജീവിതത്തിൽ കണ്ടെത്താവുന്ന ഇന്ത്യൻ സ്ത്രീയുടെ രൂപമാണ് ഇവിടെ ഭാരത്മാതാവായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപപ്പെട്ട ബംഗാളി ചിത്രകല പ്രസ്ഥാനത്തിലെ അബനീന്ദ്രനാഥ ടാഗോർ ഭാരതമാതാ സങ്കല്പത്തിന് കുറേക്കൂടി മാതൃദേവത ഭാവം നൽകുന്നുണ്ട്. ചരിത്രകാരിയായ തനിക സർക്കാർ ബംഗാളി ദേശീയതയുടെ സാംസ്കാരിക മാതൃകയാണ് ഈ ചിത്രത്തെ കാണുന്നത്. അതേസമയം പുരുഷകേന്ദ്രീകൃത കൊളോണിയൽ സമൂഹത്തിന്റെ ഉത്ക്കണ്ഠകൾ കൂടി ഈ ചിത്രം പ്രതിഫലിപ്പിക്കുന്നുണ്ടെന്നും തനിക സർക്കാർ നിരീക്ഷിക്കുന്നു. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് ബാല ഗംഗാധര തിലക് അടക്കമുള്ള ആദ്യകാല ദേശീയ നേതാക്കൾ മേളകൾ, ഗണപതി ഫെസ്റ്റുകൾ തുടങ്ങിയ പ്രാദേശിക മതബിംബങ്ങളെ നിരക്ഷരരായ ആളുകളെ ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി ഉപയോഗിച്ചിരുന്നു.


ബംഗാളിലെ സ്വദേശി മുന്നേറ്റത്തോടെ ഇന്ത്യൻ ദേശീയ പ്രസ്ഥാനം വലിയ തോതിൽ ജനസഞ്ചയത്തെ ആകർഷിക്കുന്നുണ്ട്. വലിയ ജനസഞ്ചയത്തെ ഒന്നിപ്പിച്ച് നിർത്തുന്ന ഒരു ചിഹ്നം എന്നോണം മതബിംബങ്ങളുടെ സ്ഥാനത്ത് ഇക്കാലത്ത് വിവിധതരം പതാക മാതൃകകൾ ഉപയോഗിക്കുന്നുണ്ട്. തൊള്ളായിരത്തി ഇരുപതുകളിൽ ആരംഭിക്കുന്ന ഗാന്ധിയൻ കാലഘട്ടത്തോടെ ദേശീയ പ്രസ്ഥാനമൊരു ബഹുജന മുന്നേറ്റമായി മാറുന്നുണ്ട്. പ്രാദേശിക സാംസ്കാരിക ചിഹ്നങ്ങൾക്കും മതബിംബങ്ങൾക്കും അപ്പുറം വ്യത്യസ്ത തുറകളിൽ നിൽക്കുന്ന ജനങ്ങളെ ഉൾക്കൊള്ളാൻ പര്യാപ്തമായ കൂട്ടായ്മയുടെ ചിഹ്നങ്ങൾ ഇതോടെ ആവശ്യമായി വരുകയുണ്ടായി. അതോടെ മത ചിഹ്നങ്ങൾ ഒഴിവാക്കപ്പെടുകയും ഇന്ത്യൻ സ്വാഭിമാനത്തിന്റെയും സ്വയം പര്യാപ്തതയുടെയും ചിഹ്നമായ ചർക്ക ആ സ്ഥാനത്തേക്ക് വരുകയും ചെയ്യുന്നു. 1931ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനം ചർക്ക ആലേഖനം ചെയ്ത പതാകയെ അതിന്റെയും സമരത്തിന്റെയും ഔദ്യോഗിക മുദ്രയായി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അരുന്ധതി വിർമാനിയുടെ നിരീക്ഷണത്തിൽ കൊളോണിയൽ പ്രതിരോധത്തിന്റെയും മതേതരത്വത്തിന്റെയും ചിഹ്നമായി ഈ പതാക മാറ്റപ്പെട്ടു.

## ഹിംസാത്മക പുരുഷ ദേശീയത

ഭാരതമാതാ ബിംബത്തിന്റെ ജനകീയത മനസിലാക്കിയ സംഘപരിവാർ നേതൃത്വം തങ്ങളുടെ അക്രമോത്സുക ദേശീയതയിലേക്ക് അതിനെ ഉൾച്ചേർക്കാൻ ശ്രമിക്കുകയുണ്ടായി. ക്രൗര്യഭാവത്തോട് കൂടിയുള്ള മാതൃദേവത സങ്കല്പങ്ങളെ ഇവർ സൃഷ്ടിക്കുന്നുണ്ടെങ്കിലും വേണ്ട രീതിയിൽ അത് ഫലം ചെയ്യുകയുണ്ടായില്ല. ദേശീയ പ്രസ്ഥാനത്തിന്റെ മതേതര ചിഹ്നങ്ങൾക്ക് പകരം പുതിയ മത രാഷ്ട്രീയ ബിംബങ്ങൾ സൃഷ്ടിക്കുകയെന്നത് സംഘപരിവാറിനെ സംബന്ധിച്ചിടത്തോളം വലിയ രാഷ്ട്രീയ ആവശ്യമായി മാറി. വി ഡി സവർക്കർ തന്റെ Hindutva: Who is a Hindu

എന്ന കൃതിയിൽ പറയുന്നുണ്ട്, 'ഇന്നാട്ടിലെ ഓരോ കല്ലിനും മണ്ണിനും രക്തസാക്ഷിത്വത്തിന്റെയും ത്യാഗത്തിന്റെയും അനുഭവങ്ങൾ പറയാനുണ്ടാകും, സാധു മുതൽ സന്താൾ വരെയുള്ളവർ കശ്മീർ മുതൽ സിംഹാർ വരെയുള്ള ബലിഭൂമിയെ പിതൃഭൂമിയും പുണ്യഭൂമിയുമായാണ് കാണുന്നത്'. രാഷ്ട്രത്തെപ്പറ്റിയുള്ള കാഴ്ചപ്പാടിൽ ഗുണപരമായ വലിയ മാറ്റത്തിന്റെ തുടക്കം ഈ വാക്കുകളിലുണ്ട്. ദേശരാഷ്ട്രത്തെ സംബന്ധിച്ച മാതൃസങ്കല്പത്തിന് നൽകാൻ കഴിയാതിരുന്ന ഹിംസാത്മക രണോത്സുകത നൽകാൻ പിതൃഭൂമിയെന്ന പുരുഷസങ്കൽപത്തെ ഉപയോഗിക്കുകയാണിവിടെ.

വാസ്തവത്തിൽ ഇന്ത്യൻ ചരിത്രത്തിൽ ഹിംസാത്മക പുരുഷ വീരകഥാപാത്രങ്ങൾ നന്നേ കുറവാണ്. ബുദ്ധൻ മുതൽ ഗാന്ധി വരെയുള്ള ചരിത്ര വ്യക്തിത്വങ്ങൾ ഹിംസക്കെതിരായ മൂല്യവ്യവസ്ഥയുടെ ഭാഗവും, അഹിംസ പ്രചരിപ്പിച്ചവരും, രാണോത്സുകതയെ ചോർത്തിക്കളഞ്ഞവരുമാണ്. ഇന്ത്യൻ സംസ്കാരത്തെപ്പറ്റി ഊറ്റം കൊള്ളുന്ന ആർഎസ്എസ് - സംഘപരിവാർ അതിന്റെ വ്യവഹാരങ്ങളിൽ നിന്നും ബുദ്ധ ജൈന പാരമ്പര്യങ്ങളെ ഒഴിവാക്കുന്നത് ബോധപൂർവ്വമാണ്. കരുണ, മാനവികത, അഹിംസ എന്നീ ശ്രമണ തത്വങ്ങൾ ആർഎസ്എസിന്റെ ദേശീയതാമൂല്യസങ്കല്പത്തിന് കടകവിരുദ്ധമാണ്. ഗാന്ധിയെ ഒരെതിരാളി ആയി കാണുന്നതും പിന്നീട് കൊല്ലുന്നതിന്റെയും കാരണമായി കോടതി വിചാരണ വേളയിൽ പോലും പ്രതികൾ പറയുന്നത് ഗാന്ധിയുടെ അഹിംസാസിദ്ധാന്തം ഇന്ത്യൻ ജനതയെ പാദസേവ ചെയ്യുന്ന ഒരു സമൂഹവും, ദാസ്യശരീരവും മനസുമുള്ളവരാക്കി മാറ്റിയെന്നതാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസിലാവും ഗാന്ധിയുടെ ശരീരം ഒരു കർഷക ശരീരത്തെയും, അയിത്ത ശരീരത്തെയുമാണ് പ്രതീകവൽക്കരിച്ചത്. ഗാന്ധിയുടെ വാക്ക് മാത്രമല്ല, നോട്ടത്തിൽ കാണുന്ന ഗാന്ധിയുടെ ശരീരം പോലും അഹിംസാത്മകതയിൽ


മഹാത്മാഗാന്ധി

അധിഷ്ഠിതമായതാണ്. അടിസ്ഥാനപരമായി ഹിന്ദു ചരിത്രത്തിൽ എവിടെയും തന്നെ ഒരു യുദ്ധപാരമ്പര്യം ഇല്ല. പൊതുവിൽ യുദ്ധം ക്ഷത്രിയർക്ക് നല്കപ്പെട്ടിട്ടുള്ളതും ബഹുഭൂരിപക്ഷം വരുന്ന അയിത്ത ജാതിക്കാരും, ശൂദ്ര, വൈശ്യ വിഭാഗങ്ങളും ബ്രാഹ്മണരും ഇതിൽ നിന്ന് മാറിനിൽക്കുകയുമാണ് ചെയ്തത്. യുദ്ധരണോത്സുകത പ്രദർശിപ്പിക്കാനോ, എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളാനോ ബ്രാഹ്മണ്യത്തിനായില്ല. ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യൻ ജനവിഭാഗത്തെയും സ്മൃതികളും നിയമസംഹിതകളും ഉപയോഗിച്ചുകൊണ്ടവർ ആയുധം കയ്യിൽ കരുതാനുള്ള അവകാശം നിഷേധിച്ചു, ബ്രാഹ്മണ്യം അവരെ ജാതി അടിമത്തത്തിന് മാത്രമല്ല കായികപരമായി നിരായുധരാക്കുകകൂടിയാണ് ചെയ്തത്.

ദേശീയപ്രസ്ഥാനത്തിൽ കാര്യമാത്രപ്രസക്തമായ പങ്കൊന്നും ഇല്ലാതിരുന്ന സംഘപരിവാർ പിൽക്കാലത്ത് കണ്ടെത്തുന്ന ദേശീയതാപുരുഷ ബിംബങ്ങളാണ് ശ്രീരാമനും, ശിവജിയും. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് ഒരിക്കലും ഉയർന്ന് കേൾക്കാത്ത ഒരു മുദ്രാവാക്യമാണ് വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ ദേശീയതയുടെ യുദ്ധകാഹളം പോലെ ഉയരുന്ന ജയ് ശ്രീറാം വിളി. ഉത്തരേന്ത്യൻ സാഹചര്യത്തിൽ ഉടനീളം കഴിഞ്ഞ നാളുകളിൽ മതന്യൂനപക്ഷങ്ങളെ നിർബന്ധമായി തടഞ്ഞു നിർത്തി ജയ് ശ്രീറാം വിളിപ്പിച്ച സംഭവങ്ങൾ അനേകമാണ്.

മുഗളൻമാരോട് പോരാടിയ ശിവജിയിൽ മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിന്റെ, അക്രമണോത്സുകരാഷ്ട്രീയത്തിന്റെ ബിംബവൽക്കരണം സംഘപരിവാർ നടത്തുകയാണ്. സംഘപരിവാർ തങ്ങളുടെ രാഷ്ട്രീയ മുദ്രാവാക്യങ്ങളിൽ ഏറ്റവുമധികം എടുത്തുപയോഗിച്ചത് ശ്രീരാമൻ ആവുമ്പോൾത്തന്നെ ശ്രീരാമന്റെ കണ്ടു പരിചയിച്ച ചിത്രങ്ങളിലെ രൂപം ഹിംസാത്മക ദേശീയതാവികാരത്തെ സ്ഫുരിപ്പിക്കുന്ന ഒന്നായിരുന്നില്ല. കൊളോണിയൽ കാലത്ത് വെള്ളക്കാരന്റെ പൊക്കമുള്ള വിരിഞ്ഞ വെളുത്ത പുരുഷ ശരീരത്തിന് മുൻപിൽ സ്ത്രൈണവൽക്കരിക്കപ്പെട്ട ഇന്ത്യൻ പുരുഷശരീരമാതൃക തന്നെയായിരുന്നു ഇന്ത്യൻ ദൈവരൂപങ്ങൾക്കും. യുദ്ധവീരനും രണോത്സുകത പ്രദർശിപ്പിക്കുന്നവനുമായ ഒരു വീരപുരുഷനുവേണ്ടിയുള്ള അന്വേഷണം ഹിന്ദുത്വവാദികളെ ശിവജിയിൽ എത്തിച്ചു.


ചരിത്രത്തിലെ ശിവജി കൊങ്കൻ പ്രദേശത്തുള്ള ഒരു ഗോത്രത്തലവൻ ആയിരുന്നു. പിൽക്കാലത്ത് മറാത്താ പ്രദേശത്തെ ഒരു ഭൂഭാഗം വെട്ടിപ്പിടിച്ചതിന്റെ രാജാവായി ശിവജി മാറുമ്പോഴും ശൂദ്രനായ ശിവജിയെ ഒരു ക്ഷത്രിയനായി അംഗീകരിക്കാനോ, അഭിഷേകം നടത്താനോ മഹാരാഷ്ട്രയിലെ പൗരോഹിത്യ വിഭാഗമായ ചിത്പവൻ ബ്രാഹ്മണർ തയ്യാറാവുന്നില്ല. അത് കൊണ്ടുതന്നെ പുറത്തുനിന്നുള്ള പുരോഹിതരെ കൊണ്ടുവന്നാണ് ശിവജി തന്റെ കിരീടധാരണം നടത്തുന്നത്. ആർഎസ്എസിന്റെ ആദ്യ അഞ്ച് സർസംഘചാലകുമാരും ഇതേ ചിത്പവൻ ബ്രാഹ്മണർ ആയിരുന്നു. പിൽക്കാലത്ത് ഇതേ ചിത്പവൻ പേഷ്വാ ബ്രാഹ്മണർ ശിവജിയുടെ മറാത്താപാരമ്പര്യം തങ്ങളുടെ അധികാരപൂരണത്തിനായി ഏറ്റെടുക്കുകയാണ്. ശിവജിക്ക് ശേഷം മനുസ്മൃതിയിൽ അധിഷ്ഠിതമായ ഹിന്ദുരാഷ്ട്ര സങ്കൽപവും

ജാതി ഹിന്ദുത്വവുമാണ് പേഷ്വ ഭരണാധികാരികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. ഇതേ ചിഹ്നങ്ങളും മാതൃകയുമാണ് പിൽക്കാലത്ത് ആർഎസ്എസ് ഹിന്ദു രാഷ്ട്രനിർമാണത്തിന് വേണ്ടി ഉപയോഗിക്കുന്നത്. ശിവജിയുടെ ഗോത്രീയ യുദ്ധപാരമ്പര്യത്തെ ഒരു ഹിന്ദുത്വ രണാത്മക യുദ്ധപൈതൃക സൃഷ്ടിക്ക് ഉപയോഗിക്കുകയാണ് സംഘപരിവാർ ചെയ്തത്.

ശിവജിയുടെ ബിംബത്തെയും രാഷ്ട്ര സങ്കല്പത്തെയും ആർഎസ്എസിന്റെ നാഗ്പൂർ ബ്രാഹ്മണ്യം തങ്ങൾക്ക് ഉപയുക്തമായ രീതിയിൽ കയ്യടക്കുകയാണ്.

മഹാരാഷ്ട്രയിൽ മഹാത്മാ ഫൂലെയുടെ നേതൃത്വത്തിൽ കീഴാള ജനവിഭാഗം ബ്രാഹ്മണ വിരുദ്ധ മുന്നേറ്റത്തിന്റെ ഭാഗമായി സംഘടിച്ച കാലത്ത് ശിവജി ബിംബം ഉപയോഗിച്ചുകൊണ്ട് ഉയർന്ന് വരുന്ന കീഴാളരെ മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിലേക്ക് വഴിതിരിച്ചുവിടാൻ ശ്രമിക്കുകയാണ് നാഗ്പൂർ ആർഎസ്എസ് ബ്രാഹ്മണ്യം. തൊള്ളായിരത്തി ഇരുപതുകളിലും മുപ്പതുകളിലും മഹാരാഷ്ട്രയിലെ മുസ്‌ലീം വിരുദ്ധ കലാപത്തിന്റെ ചിഹ്നമായി ശിവജിയെ ഉയർത്തിക്കൊണ്ട് വർഗീയ വിഭജന രാഷ്ട്രീയവുമായി വന്നവരാണ് ആർഎസ്എസ് നേതാക്കൾ. ശിവജിയുടെ സൈന്യത്തിലെ പ്രധാന പദവികൾ വഹിച്ചിരുന്നത്, പ്രത്യേകിച്ചും കപ്പൽപ്പടയുടെ പൂർണ നിയന്ത്രണം മുസ്‌ലിം കമാണ്ടർമാർക്കായിരുന്നെന്നും, ശിവജിക്കെതിരെ മുഗളൻമാർക്ക് വേണ്ടി യുദ്ധത്തിന് വന്നത് രജപുത്രന്മാർ ആയിരുന്നുവെന്നുമുള്ള വസ്തുതകൾ തമസ്കരിക്കുകയാണ് സംഘപരിവാർ. ചരിത്രത്തിലെ ശിവജി ഒരിക്കലും മുസ്‌ലിം വിരുദ്ധനോ, ബ്രാഹ്മണ്യവുമായി കൂട്ടുചേർന്നയാളോ അല്ല.

ഒരു ബ്രാഹ്മണമേൽക്കോയ്മാവിരുദ്ധചരിത്രവ്യക്തിത്വത്തെ സംഘപരിവാർബ്രാഹ്മണ്യം ദീർഘകാല ബിംബനിർമിതിയിലൂടെ തങ്ങളുടെ യുദ്ധചിഹ്നമാക്കി മാറ്റിയെടുക്കുകയാണുണ്ടായത്. രണധീരതയുള്ള


മഹാത്മാഫൂലേ

ഒരു നേതാവിനെ തങ്ങളുടെ ചരിത്രത്തിൽ കണ്ടെത്തുന്നതിൽ പാപ്പരത്തം നേരിട്ട ആർഎസ്എസ് അതിന്റെ സാംസ്ക്കാരിക ബൗദ്ധിക തലസ്ഥാനമായ നാഗ്പൂരിനുള്ളിൽ നിന്നുമൊരു ഹിംസാത്മക ദേശീയതയുടെ പുരുഷ മാതൃകയെ കണ്ടെത്താൻ നടത്തുന്ന ശ്രമമാണ് ശിവജിയിൽ എത്തിനിന്നത്. പഴയ പേഷ്വാ ബ്രാഹ്മണ്യത്തിന്റെ പൂനാ കേന്ദ്രീകൃത മഹാരാഷ്ട്രയിൽ തന്നെ തങ്ങളുടെ ആധുനിക ആര്യാവൃത്തം നിർമിച്ചെടുക്കാനുള്ള ശ്രമമാണിത്. അത് ഹിന്ദു രാഷ്ട്രത്തിൽ ഇല്ലാത്തവരെ പുറത്താക്കാനുള്ള ശ്രമത്തിന്റെ ഭാഗവും ആധുനിക ആര്യാവൃത്ത നിർമിതിയുടെ ഉദ്ഘോഷണവും കൂടിയാണ്.

അതിന്റെ അടുത്ത കാലത്തുണ്ടായ ഏറ്റവും സുപ്രധാന കാൽ വെപ്പാണ് രാജ്യത്തിന്റെ പേര് ഇന്ത്യയിൽ നിന്നും ഭാരതത്തിലേക്ക് മാറ്റുന്നതിനായി നടത്തുന്ന പരിശ്രമങ്ങൾ. ആദ്യ പടിയെന്നോണം ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ശിക്ഷാവിധികളുടെ നാമമാറ്റം. ഇക്കഴിഞ്ഞ ആഗസ്റ്റ് 11 ന് പാർലമെൻറിൽ അവതരിപ്പിച്ച ഒരു ബില്ലിലൂടെ ഇന്ത്യൻ പീനൽ കോഡ്(IPC) ഭാരതീയ ന്യായ സംഹിത (BNS) എന്ന പേരിൽ പരിവർത്തനപ്പെടുത്തുകയുണ്ടായി. മാത്രവുമല്ല ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക ക്രയവിക്രയങ്ങളിൽ ഇന്ത്യക്കുപകരം ഭാരതം എന്ന നാമം ബോധപൂർവ്വം ഉപയോഗിക്കുന്നു. ഇതിലൂടെ ഔദ്യോഗികമായും അനൗദ്യോഗികമായും ഭരണകൂടവും ഭരണകൂട അനുകൂല പ്രചാരകരും മുന്നോട്ട് വെക്കുന്നത്. ഇന്ത്യ എന്നത് ഒരു കൊളോണിയൽ സൃഷ്ടിയാണെന്നും അതു കൊണ്ട് തന്നെ സ്വാതന്ത്ര്യാനന്തര ഇന്ത്യ കൊളോണിയൽ പാരമ്പര്യങ്ങളെയും പൈതൃകങ്ങളെയും തള്ളിക്കളഞ്ഞു കൊണ്ട് തനതായ ഭാരതീയസംസ്കൃതിയിലേക്ക് എത്തപ്പെടണമെന്നും അതിലാണ് നാം അഭിരമിക്കേണ്ടതെന്നും ഉദ്ഘോഷിക്കുകയാണ് ഇന്ത്യയിലെ വലതുപക്ഷ പ്രചാരകരായ സംഘപരിവാർ. ഭരണഘടന വിഭാവന ചെയ്യുന്ന ബഹുസ്വര സങ്കൽപ്പങ്ങളെയും, വൈവിധ്യങ്ങളെയും നിഷ്കാസനം ചെയ്തു കൊണ്ട് അതിവേഗം ഏകാത്മകമായ ഹിന്ദുത്വത്തിലേക്ക് നമ്മുടെ രാജ്യത്തെ കൊണ്ടെത്തിക്കുക എന്ന സംഘപരിവാർ പ്രത്യയശാസ്ത്രം തന്നെയാണ് ഈ സംഘടിതപ്രചരണത്തിന്റെയും ഔദ്യോഗിക നടപടിക്രമങ്ങളുടെയും അടിസ്ഥാനം. ചരിത്രം മനസിലാക്കാൻ സാധിക്കുന്ന ഓരോ മനുഷ്യനും തിരിച്ചറിയാൻ സാധിക്കുന്നത് ഇന്ത്യ എന്ന നാമം, അത് കേവലം കൊളോണിയൽ പാരമ്പര്യത്തിൽ രൂപപ്പെട്ടതല്ലെന്നും ആര്യാവർത്തത്തിനും പതിറ്റാണ്ടുകൾക്ക് മുമ്പ് സൈന്ധവ നാഗരികതയിൽ സമ്പന്നമായ ഒരു സംസ്കാരത്തിന്റെ ശേഷിപ്പിൽ നിന്നും ഉദ്ഭവം പ്രാപിച്ചതാണ് ഇന്ത്യ എന്ന നാമം എന്ന് സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാലം മുതൽ ഓരോ ഇന്ത്യക്കാരനും പഠിച്ചിട്ടുള്ളതാണ്. ആ ചരിത്ര പൈതൃകത്തെ ഉൻമൂലനം ചെയ്തു കൊണ്ട് ആര്യാവർത്തത്തിൽ അധിഷ്ഠിതമായതും വംശീയ പാരമ്പര്യത്തിന്റെ ശ്രേണിയിൽ ബന്ധിപ്പിക്കാൻ ഉതകുന്നതുമായ ഭാരതം എന്ന നാമമാറ്റം സംഘ പരിവാറിന്റെ പ്രഖ്യാപിത ഹിന്ദുരാഷ്ട്രത്തിലേക്കുള്ള അവസാനത്തെ ആശയം മാത്രമാണ്. ഇന്ത്യയിൽ നിന്നും ഭാരതത്തിലേക്കുള്ള പരിവർത്തനം മതനിരപേക്ഷതയിൽ നിന്നും



മതാധിഷ്ഠിതമായ ഹിന്ദുത്വത്തിലേക്കുള്ള മാറ്റം തന്നെയാണ്.

നീണ്ട കാലത്തെ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങളാണ് ഇന്ത്യൻ ദേശരാഷ്ട്രത്തെയും അതിന്റെ ദേശീയതയെയും നിർമിച്ചെടുത്തത്. ഭൂതകാല പൊതുപാരമ്പര്യമോ, ഏക മത-ഭാഷ സ്വത്വമോ ഇല്ലാത്ത ഇന്ത്യൻ ജനസമൂഹത്തെ ഒന്നിപ്പിച്ചത് നൂറ്റാണ്ട് കാലം നീണ്ടുനിന്ന കൊളോണിയൽ വിരുദ്ധ സമരമായിരുന്നു. അതിലൂടെ സൃഷ്ടിച്ച പൊതുസമര പൈതൃകവും അതിന്റെ മൂല്യങ്ങളുമാണ് ഇന്ത്യൻ ദേശീയതയെ നിർമിച്ചത്. ഈ പൊതു സമര പൈതൃകത്തിൽ ഒരുകാലത്തും ഭാഗമാകാതിരുന്ന ആർഎസ്എസ് - സംഘപരിവാറാണ് ഇപ്പോൾ ദേശീയതയുടെ കുത്തക അവകാശപ്പെട്ടുകൊണ്ട് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ ദേശരാഷ്ട്രമെന്നത് ബഹുസ്വരതയിൽ അധിഷ്ഠിതമാണെന്നും, എണ്ണമറ്റ മടക്കുകളുള്ള ഒരുടയാട കണക്കെ വൈവിധ്യമുള്ളതാണ് ഇന്ത്യൻ ദേശീയതയുടെ സ്വഭാവമെന്നും സുനിൽ ഖിലാനി തന്റെ Idea of India യിൽ നിരീക്ഷിക്കുന്നുണ്ട്. യൂറോപ്യൻ ദേശരാഷ്ട്രങ്ങളിൽ ആരോപിക്കുന്ന സൈദ്ധാന്തിക പരികല്പനകളാൽ ഇന്ത്യൻ ദേശരാഷ്ട്രത്തെ നിർവചിക്കാനാവില്ല. ഒരുപക്ഷേ രാമചന്ദ്ര ഗുഹ പറയും പോലെ തികച്ചും അസ്വാഭാവികമായൊരു ഭൂമികയാണ് ഇന്ത്യയുടേതെന്ന്. നിർമിച്ചെടുത്ത വാർപ്പുമാതൃകകളെക്കാളും ഉണ്മയുള്ള മനുഷ്യ വിമോചനപോരാട്ടത്തിന്റെ ജൈവികതയോടാണ് ഇന്ത്യൻ ദേശീയതക്ക് അടുപ്പം. ഉത്പന്നം എന്നതിനേക്കാൾ ഇന്നും തുടർന്നു കൊണ്ടിരിക്കുന്ന പ്രക്രിയയോടാണത് ചേർന്നിരിക്കുന്നത്. അതായത് ദേശരാഷ്ട്രങ്ങളല്ല ദേശീയതയെ നിർണയിക്കുന്നത്, മറിച്ച് ദേശീയതകളാണ് ദേശരാഷ്ട്രത്തെ നിർണയിക്കുന്നതും രൂപപ്പെടുത്തുന്നതും. ഒരു കണക്കിന് വർത്തമാനകാല ഇന്ത്യൻ ഭരണാധികാരികൾ മനഃപൂർവ്വം അവഗണിക്കുന്നതും ഇതു തന്നെയാണ്.

**രണധീരതയുള്ള ഒരു നേതാവിനെ തങ്ങളുടെ ചരിത്രത്തിൽ കണ്ടെത്തുന്നതിൽ പാപ്പരത്തം നേരിട്ട ആർഎസ്എസ് അതിന്റെ സാംസ്ക്കാരിക ബൗദ്ധിക തലസ്ഥാനമായ നാഗ്പൂരിനുള്ളിൽ നിന്നുമൊരു ഹിംസാത്മക ദേശീയതയുടെ പുരുഷ മാതൃകയെ കണ്ടെത്താൻ നടത്തുന്ന ശ്രമമാണ് ശിവജിയിൽ എത്തിനിന്നത്. പഴയ പേഷ്വാ ബ്രാഹ്മണ്യത്തിന്റെ പൂനാ കേന്ദ്രീകൃത മഹാരാഷ്ട്രയിൽ തന്നെ തങ്ങളുടെ ആധുനിക ആര്യാവൃത്തം നിർമിച്ചെടുക്കാനുള്ള ശ്രമമാണിത്. അത് ഹിന്ദു രാഷ്ട്രത്തിൽ ഇല്ലാത്തവരെ പുറത്താക്കാനുള്ള ശ്രമത്തിന്റെ ഭാഗവും ആധുനിക ആര്യാവൃത്ത നിർമിതിയുടെ ഉദ്ഘോഷണവും കൂടിയാണ്.**

*ഡോ. ബിജു ആർ ഐ, ചരിത്രവിഭാഗം അധ്യാപകൻ, എംഎസ്എം കോളേജ്, കായംകുളം.*

*ലിജോ സെബാസ്റ്റ്യൻ, ചരിത്രവിഭാഗം അദ്ധ്യാപകൻ, ബസേലിയസ് കോളേജ്, കോട്ടയം.*

റഫറൻസ്

1. Ernest Renan, What is A Nation, Paris Presses Pocket, 1992
2. Eric Hobsbwam et al, Invention of Tradition, Cambridge University Press, 1983
3. Ernest Gelner,Nations and Nationalism, Wiley Blackwell, 1983
4. Ernest Gelner, Encounters with Nationalism, Wiley Blackwell, 1994
5. Benedict Anderson, Imagined Political Community, Verso, 1983
6. Partha Chatterjee, Nationalist Thought and Colonial World A Derivative Discourse, University of Minnesota Press, 1986
7. Dinesh Chakrabarty, Provincializing Europe: Historical Thought and Historical Difference, Princeton University Press, 2009
8. Tanika Sarkar, Nationalist Iconography: Image of Women in 19th Century Bengali Literature, Economic and Political Weekly, 1 November 1987, Vol. 22 No. 47
9. Arundhathi Virmani,A Symbol of Freedom: Indian Flag and the Transformation of Nationalism 1906 - 2002, Cambridge University Press, 2007
10. Sunil Khilani, The Idea of India, Penguin India, 2004
11. Govind Panasare, Who was Shivaji, Leftword Books, 2015

**ഡോ. അനൂപ് വി.**
ശ്രീശങ്കരവിദ്യാപീഠം കോളജ്, വളയൻചിറങ്ങര

# കലാപഠനങ്ങളുടെ പ്രസക്തിയും രീതിശാസ്ത്രപരമായ സാധ്യതകളും

**“സംഗീതം അവതരിപ്പിക്കുന്നവരെ മാത്രമെ ഞാൻ പരാമർശിച്ചിരുന്നുള്ളു. ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആരും ചിത്രത്തിൽ വന്നിരുന്നില്ല. ഒരു പാരഗ്രാഫ് അവരെക്കുറിച്ചെഴുതാമെന്നാണ് ആദ്യം കരുതിയത്. അത് രാഷ്ട്രീയമായി ശരിയാണെന്നു സമർത്ഥിക്കാൻവേണ്ടി കാര്യമായി അധ്വാനമൊന്നുമില്ലാതെ, ചെയ്യാവുന്ന ഒരു എളുപ്പപണിയാണ്. എനിക്ക് അവരെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ഗൗരവമായി അന്വേഷിക്കേണ്ട ഒന്നാണ് എന്ന് തിരിച്ചറിയാൻ തുടങ്ങി”**

-ടി.എം. കൃഷ്ണ*

ഉന്നതവിദ്യാഭ്യാസരംഗത്ത് സർവ്വകലാശാലാതലത്തിൽ നിർവഹിക്കപ്പെടുന്ന കലാപഠനങ്ങളുടെ അനുഭൂതിപരവും രീതിശാസ്ത്രപരവുമായ പരിചരണങ്ങളിൽ പുതുക്കപ്പെടേണ്ടുന്ന ദിശാബോധത്തിലേക്കുള്ള ഓർമ്മപ്പെടുത്തലായി ടി.എം. കൃഷ്ണയുടെ വാക്കുകൾ മാറുന്നുണ്ട്. കലാപഠനങ്ങളുടെ രീതിശാസ്ത്രം താരതമ്യേന മറ്റു അക്കാദമിക വിഷയങ്ങളിൽ നിന്നുമന്യമായ ഒന്നായിട്ടാണ് എല്ലാക്കാലത്തും പരിചരിക്കപ്പെട്ടുപോന്നിരുന്നതും നിർവഹിച്ചുപോരുന്നതും. സർവ്വകലാശാലതലത്തിൽ പഠിക്കപ്പെടുകയും അഭ്യസിക്കപ്പെടുകയും ചെയ്യുന്ന കലാ’രൂപങ്ങൾക്ക് (Forms)’ പാരമ്പര്യവഴിക്കു ശൈലീകൃതമായി പഠിച്ചുപോന്നിരുന്ന അഭ്യസ്തവഴികളിൽ നിന്നും എന്തു വ്യതിയാനമാണ് വേണ്ടതെന്നും എന്താണ് നിലവിലുള്ളതെന്നുമൊക്കെയുള്ള ചോദ്യങ്ങൾ ഉന്നതവിദ്യാഭ്യാസതലത്തിലെ കലാപഠനത്തിന്റെ സമകാലികമാതൃകകൾവച്ചു പരിശോധിക്കുമ്പോഴാണ് ടി.എം. കൃഷ്ണയുടെ വാക്കുകളുടെ പൊരുൾ നമുക്ക് മനസ്സിലാകുന്നത്.

കേരളത്തിലെ അക്കാദമികരംഗത്തു നിർവഹിക്കപ്പെട്ടുപോരുന്ന കലാചരിത്രപഠനങ്ങളിലുൾപ്പെടെ ഈ പരിമിതി നമുക്ക് കണ്ടെത്താനാവും. അതിന്റെ പ്രധാനകാരണമെന്നത് കലപഠന ചരിത്ര നിർമ്മിതികളിലെല്ലാംതന്നെ പലപ്പോഴും



പരസ്പരാശ്രിതവും സാമൂഹികബദ്ധവും നിരന്തരം പുതുക്കപ്പെടുന്നതുമായ ഒരു രൂപമാതൃകയായി കലാരൂപങ്ങളെ കാണുന്നില്ലന്നതാണെന്നു നിരീക്ഷിക്കാവുന്നതാണ്. ശൈലികളും സമ്പ്രദായങ്ങളും ചിട്ടകളുമൊക്കെയായി പാരമ്പര്യവഴിക്കു കൈമാറ്റപ്പെട്ട കലാഭ്യസനങ്ങൾ സർവ്വകലാശാലവിദ്യാഭ്യാസരംഗത്ത് ആധുനികമാതൃകയിൽ നിർവഹിക്കപ്പെടുമ്പോൾ പഴയമാതൃകകളിൽ നിന്നും ഭിന്നമായൊരു രീതിശാസ്ത്രമാതൃക നാം വികസിപ്പിച്ചെടുക്കേണ്ടത് അനിവാര്യമാണ്.

കലാപഠനങ്ങളുടെ പാരമ്പര്യരീതിശാസ്ത്രമാതൃക, നാം മുമ്പു സൂചിപ്പിച്ചപോലെ ശൈലികളായും സമ്പ്രദായങ്ങളായും ചിട്ടകളായും നിർവഹിച്ചുപോന്നിരുന്ന ഒന്ന്, കേവല കലാഭ്യാസനങ്ങളെന്ന നിലയിൽ മോശമാണെന്നൊരു ധാരണയിലല്ല നാം ഇതിനെ കാണേണ്ടത്. സംഗീതവാദ്യരൂപങ്ങളും നൃത്തരൂപങ്ങളും ചിത്രകലാപാരമ്പര്യങ്ങളുമെല്ലാം തന്നെ അത്തരത്തിൽതന്നെയാണ് അഭ്യസിക്കപ്പെട്ടുപോന്നിരുന്നതും പുതുക്കപ്പെട്ടുപോന്നിരുന്നതും എന്നു കലാചരിത്രം വ്യക്തമാക്കുന്നുണ്ട്. ആ കാലഘട്ടത്തിന്റെ ആവശ്യവും ആ പ്രക്രിയയിലുൾപ്പെട്ടിരുന്നവരുടെ ആവശ്യവും അതിന്റെ പ്രയുക്തരീതിശാസ്ത്രത്തിന്റെ യുക്തികളായിരുന്നു. അതിനെ ഉല്ലംഘിച്ചു നിന്ന ചില വ്യക്തികളിലൂടെ അതു പുതുക്കപ്പെടുകയും പുതിയവഴി തെളിയിക്കുകയും ചെയ്തു.

പാരമ്പര്യവഴികൾ പരിശോധിക്കുമ്പോൾ അതിന്റെ പ്രയുക്തമാതൃകകൾക്കാണ് അവയുടെ അഭ്യസനത്തിൽ ഊന്നൽ നല്കിയത്. പഠിച്ചമാതൃകയിൽ അതിനു യാതൊരു കോട്ടവും വരാതെ സംരക്ഷിച്ചു തങ്ങളുടെ ധർമ്മം നിർവഹിക്കുന്ന ആചാര്യന്മാരിലൂടെ നിലനിർത്തിയ സംരക്ഷിതരൂപങ്ങൾ അക്കാലത്തെ സാമൂഹികസാഹചര്യത്തിൽ വലിയ സംഘർഷങ്ങളൊന്നുമില്ലാതെ നിലനിന്നുപോന്നിരുന്നു. എന്നാൽ സമകലിക സാമൂഹികാന്തരീക്ഷത്തിൽ, പരിണാമവിധേയമാകുന്ന സൗന്ദര്യശാസ്ത്രപരവും ഭാവുകത്വപരവുമായ അനുഭൂതിമണ്ഡലങ്ങളെക്കൂടി അഭിസംബോധന ചെയ്തുകൊണ്ടുമാത്രമേ ആവിഷ്ക്കാര‘രൂപ (form)’മെന്ന നിലയ്ക്ക് അവയ്ക്കു നിലനില്ക്കാനാവുകയുള്ളു എന്ന തിരിച്ചറിവ് സർവ്വകലാശാലതലത്തിലെ പാഠ്യപദ്ധതികളിലും ഗവേഷണമണ്ഡലങ്ങളിലും നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.


രംഗകലകളുടെ പഠനത്തിലാവട്ടെ ചിത്രകലയുടെ പഠനത്തിലാവട്ടെ അവ പാരമ്പര്യമാതൃകകളിലെന്നപോലെ പരസ്പരബന്ധമോ സാമൂഹികബന്ധമോ ഇല്ലാത്ത സ്വതന്ത്രരൂപങ്ങളാണെന്ന ധാരണ മാറേണ്ടത് ഉന്നതവിദ്യാഭ്യാസരംഗത്തെ കലാപഠനങ്ങളിലനിവാര്യമാണ്. സർവ്വകലാശാലതലത്തിൽ കലാപഠനങ്ങളിലെ കലയുടെ രൂപനിർമ്മിതിയുടെയും പരിണാമത്തിന്റെയും ചരിത്രമെന്ന നിലയിൽ ഒരു പേപ്പർ സിലബസിൽ ഉൾക്കൊള്ളുകയും അതുപഠിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതു എന്തിനാണെന്ന

ധാരണ പലപ്പോഴും കുറവാണെന്നത് ഉന്നതവിദ്യാഭ്യാസരംഗത്ത് വരുന്ന ഭൂരിപക്ഷ ഗവേഷണവിഷയങ്ങൾ പരിശോധിച്ചാൽ നമുക്ക് വ്യക്തമാകും.

ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി പോലുള്ള നൃത്തരംഗങ്ങളുടെ രൂപപരവും സൗന്ദര്യശാസ്ത്രപരവുമായ നിർമ്മതി ഉൾക്കൊള്ളുന്നതിൽ അവയുടെ 'രൂപപ്പെടലിന്റെ' സാമൂഹികരാഷ്ട്രീയചരിത്രംകൂടി പഠിക്കുക വഴി അതിന്റെ 'രൂപ (Form)'ത്തെപ്പറ്റി പുതുധാരണയുണ്ടാക്കുവാൻ നമുക്ക് സാധിക്കും. നൃത്തകലാരംഗത്തുവരുന്ന മാറ്റങ്ങളെ അനുനിമിഷം അഭിസംബോധന ചെയ്യാതെ അതിൽ നിലനില്പ് അസാധ്യമായതിനാൽതന്നെ ആ വിഷയങ്ങളിൽ ഈയൊരു മാറ്റം കുറേക്കൂടി എളുപ്പമാണ്. എന്നാൽ കൂടിയാട്ടം, കഥകളി, തുള്ളൽ തുടങ്ങിയ വിഷയങ്ങളുടെ കാര്യത്തിൽ ഈയൊരു മാറ്റമത്ര എളുപ്പമല്ല.

ചിത്രകലാരംഗത്തു സാമാന്യേന ഈയൊരു രൂപത്തെപ്പറ്റിയുള്ള ആലോചനകളും പുതുക്കപ്പെടലുകളുമൊക്കെ അക്കാദമികതലത്തിലും അല്ലാതെയും ആധുനികതയുടെ ഭാഗമായിത്തന്നെ ആരംഭിച്ചിരുന്നതായി കാണാം. സംഗീതംപോലുള്ള വിഷയങ്ങളിലും ഈയൊരു ധാരണയുടെ അഭാവം കാരണം കേരളത്തിലെ കർണ്ണാടകസംഗീതേതര വാദ്യസംഗീതപദ്ധതികളെ അഭിസംബോധന ചെയ്യുന്നതിലതു പരാജയപ്പെടുന്നു.

ഉന്നതവിദ്യാഭ്യാസരംഗത്തെ സർവ്വകലാശാലതലത്തിലെ കലാപഠനത്തിന്റെ അഭ്യസനമാതൃകകളിലെ ഈ പരിമിതിയുടെ തുടർച്ചയാണ് പ്രസ്തുവിഷയങ്ങളിലെ ഗവേഷണമാതൃകകളിലും നമുക്ക് കണ്ടെത്താനാവുക. ത്യാഗരാജസ്വാമികളുടെ കൃതികളിലെ ആത്മീയതയും ദീക്ഷിതർ കൃതികളിലെ രാഗപരിചരണവും (ഈ വിഷയങ്ങളൊന്നും മോശമാണെന്നർത്ഥമില്ല) ഒക്കെയാണ് ഇന്നും നാം ഇന്നമന്വേഷിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇത്രയധികം സംഗീതപഠനവിഭാഗങ്ങളുള്ള കേരളത്തിലെന്തുകൊണ്ട് കേരളീയസംഗീതമാതൃകകളെക്കുറിച്ചുള്ള അന്വേഷണം നടക്കുന്നില്ല എന്നത് ആലോചിക്കേണ്ടുന്ന വിഷയമാണ്. ഇടയ്ക്ക, നാഗസ്വരംപോലുള്ള സവിശേഷവാദ്യങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങളെല്ലാം അപൂർവ്വമാണ്. കേരളത്തിലെ ആട്ടരൂപങ്ങളെ സംബന്ധിച്ച അന്വേഷണങ്ങളോ എന്തിന് മോഹനിയാട്ടത്തിന്റെ ചരിത്രനിർമ്മിതികളെ സംബന്ധിച്ചുള്ള പഠനങ്ങൾപോലും (കല്യാണിക്കുട്ടിയമ്മ, Betty True Jones മുതലായ ആദ്യകാല പ്രയുക്താക്കളായ ഗവേഷകരുടെ കഠിനപരിശ്രമത്തിന്റെ നിലവാരത്തിലുള്ള) വളരെ അപൂർവ്വമാണ്. ചിട്ടമട്ടിലുള്ള അഭ്യസനപദ്ധതികളുടെ മാതൃകയിൽ അതിനനുസരിച്ചുള്ള അന്വേഷണങ്ങളും ഗവേഷണങ്ങളുമേ ഉണ്ടാവുകയുള്ളൂ.



ഉന്നതവിദ്യാഭ്യാസരംഗത്തെ കലാപഠനങ്ങളിൽ നേരിടുന്ന ഈ പരിമിതികളുടെ പശ്ചാത്തലത്തിലാണ് ടി.എം.കൃഷ്ണയെപ്പോലെയുള്ള കലാകാരന്റെ വാക്കുകളിലെ രാഷ്ട്രീയം തിരിച്ചറിയപ്പെടുന്നത്. ഒറ്റയൊറ്റയായ രൂപങ്ങളിലൂടെ ആവിഷ്കാരം നിർവഹിച്ചപോരുന്ന കലാരൂപങ്ങളുടെ സാമൂഹികവും ചരിത്രപരവുമായ സങ്കലനത്തിലൂടെ രൂപപ്പെട്ടുവരുന്ന അനുഭൂതിമണ്ഡലങ്ങളെ അതിന്റെ സമഗ്രതയിൽ ഉൾക്കൊളുകയും വ്യതിരിക്തതകളെ വിശേഷമായി പരിഗണിക്കുകയും ചെയ്യുന്നരീതിയിലുള്ള കലാപഠനരീതിശാസ്ത്രത്തിൽ ഓരോ കലാപഠനവും നിരന്തരം പുതുക്കപ്പെട്ടുകൊണ്ടിരിക്കും. അതിനനുബന്ധിയായി വരുന്ന അന്വേഷണങ്ങളും ആലോചനകളുമാകട്ടെ അതിന്റെ രാഷ്ട്രീയവും കലാപരമായധർമ്മവും നിറവേറ്റുന്നതുമായിരിക്കുമെന്ന ധാരണയാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ കലാപഠനത്തിന്റെ രീതിശാസ്ത്രനിർമ്മിതിയുടെ ആലോചനകളിൽ പ്രസക്തമാവുന്നത്.

** സെബാസ്റ്റ്യനും പുത്രന്മാരും – മൃദംഗമുണ്ടാക്കുന്നവരുടെ സംക്ഷിപ്ത ചരിത്രം* എന്ന പുസ്തകത്തിൽ നിന്ന്

**കെ പി ജയകുമാർ**
എൻ.എസ്.എസ് കോളജ് ചേർത്തല

# ഉന്നതവിദ്യാഭ്യാസ പരമ്പരകൾ സമൂഹത്തോട് ചെയ്യുന്നത്

കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ മുൻനിർത്തി മാതൃഭൂമി ദിനപത്രം "വിലയിടിഞ്ഞ് ഉന്നതവിദ്യാഭ്യാസം" എന്ന പേരിൽ പ്രസിദ്ധീകരിച്ച പരമ്പര യോടുള്ള പ്രതികരണമാണ് ഈ ലേഖനം.

എന്താണ് ഉന്നതവിദ്യാഭ്യാസം? കേരളത്തിന്റെ വൈജ്ഞാനിക മേഖലയിൽ അത് ചെലുത്തിയ സ്വാധീനമെന്താണ്? ഒരു സമൂഹം എന്ന നിലയിൽ കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ മാറ്റങ്ങൾക്ക് വിദ്യാഭ്യാസം വഹിച്ച പങ്കെന്താണ്? എന്ന പ്രാഥമികമായ ചോദ്യങ്ങളിൽ ആരംഭിക്കുകയും ഉന്നത വിദ്യാഭ്യാസമേഖലയുടെ വർത്തമാന സാഹചര്യത്തെ ഡിപ്പാർട്ട്മെന്റ് വിമർശനാത്മകമായി പരിശോധിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന വിവിധ ആലോചനകൾ പങ്കുവയ്ക്കുകയും ചെയ്യുമ്പോഴാണ് ഒരു രചന ക്രിയാത്മകമാകുന്നത്. എന്നാൽ മാതൃഭൂമി ദിനപ്പത്രത്തിൽ ഒ രാധിക എഴുതിയ "വിലയിടിഞ്ഞ് ഉന്നത വിദ്യാഭ്യാസം" എന്ന പരമ്പരയുടെ പരിഗണനാവിഷയങ്ങൾ ഇതായിരുന്നില്ല. കേരളത്തിൽ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങളോ വിവിധ കാലങ്ങളിലെ പഠന കമ്മീഷൻ റിപ്പോർട്ടുകളോ (യശ്പാൽ കമ്മീഷൻ, അനന്തമൂർത്തി കമ്മീഷൻ തുടങ്ങിയ പ്രധാനപ്പെട്ടവ പോലും) ഈ ലേഖനപരമ്പരയിൽ പരിശോധിച്ചിട്ടില്ല. മാത്രവുമല്ല, ഉന്നത വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട് മൂന്ന് കമ്മീഷൻ പഠന റിപ്പോർട്ടുകൾ ഇപ്പോൾ കേരളം ചർച്ച ചെയ്യുന്നുണ്ട്. അതും എവിടെയും പരിശോധിച്ചതായി കാണുന്നില്ല. അപ്പോൾ എവിടെനിന്നാണ് പരമ്പരയ്ക്ക് ആവശ്യമായ വിവരങ്ങൾ/ വിഭവങ്ങൾ ലഭിച്ചത്?

അധ്യാപകരെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അക്കാദമിക ഗവേഷണങ്ങളെയും അടച്ചാക്ഷേപിക്കുമ്പോൾ ലഭിക്കുന്ന മന:സുഖം മാത്രമാണ് ഈ പരമ്പരയുടെ ഇന്റൻഷൻ. വലിയൊരു സമൂഹം വിദ്യാഭ്യാസ പ്രവർത്തകരെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അവരുടെ പഠന ഗവേഷണ പ്രവർത്തനങ്ങളെയും ഭാവി സ്വപ്നങ്ങളെയും ഇത്ര അപകടകരമായും വസ്തുതാ വിരുദ്ധമായും റിപ്പോർട്ട് ചെയ്യുന്നതിലെ മനോനില ഗൗരവമായി ചർച്ച ചെയ്യണം. "പണം തരൂ സർട്ടിഫിക്കറ്റ് റെഡി" എന്നാണ് ആദ്യ ഉപശീർഷകം. കേരളത്തിൽ ഏതെങ്കിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനം സർട്ടിഫിക്കറ്റ് പണത്തിന് നൽകുന്നില്ല, പകരം ചില ഏജൻസികൾ കേരളത്തിന് പുറത്തോ, രാജ്യത്തിനു പുറത്തോ തൊഴിൽ നേടാൻ ആവശ്യമായ സർട്ടിഫിക്കറ്റ് നൽകും എന്നാണ് പറയുന്നത്. ഈ കണ്ടെത്തൽ സാമൂഹിക ഉത്തരവാദിത്തതോടെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. തൃശ്ശൂരിലെയോ കൊച്ചിയിലെയോ ഏതെങ്കിലും ഏജൻസി സർട്ടിഫിക്കറ്റുണ്ടാക്കി (കേരളത്തിൽ ഉപയോഗിക്കരുത്, പി എസ് സിക്ക് ഉപയോഗിക്കരുത് എന്ന കർശന നിർദ്ദേശത്തോടെ) വിൽക്കുന്നത് കേരളത്തിലെ സർവ്വകലാശാല

കളുടെയോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ കോളേജുകളുടെയോ കുഴപ്പമാണെന്ന് കണ്ടെത്തുന്നതിലെ സാമാന്യബോധത്തെമാത്രമല്ല, റിപ്പോർട്ടിംഗിലെ ഇന്റൻഷനെയും സംശയിക്കണം. വ്യാജ സർട്ടിഫിക്കറ്റ് നിർമ്മിക്കുന്നതും നൽകുന്നതും ഉപയോഗിക്കുന്നതും കുറ്റമാണ്. ക്രൈം റിപ്പോർട്ടിംഗിന്റെ പരിധിയിൽപ്പെടുത്തി വിശദമായി അന്വേഷിക്കുകയും പുറത്തു കൊണ്ടുവരുകയുമാണ് വേണ്ടത്. ഏതെങ്കിലും സ്ഥാപനങ്ങളോ, വ്യക്തികളോ വ്യാജ സർട്ടിഫിക്കറ്റുകൾ നിർമ്മിക്കുന്നത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസത്തിന്റെ തകരാറാകുന്നതെങ്ങനെ?

“നിലവാരമില്ലാത്ത ഗവേഷണം നഷ്ടമാകുന്ന വിശ്വാസ്യത” എന്ന ഉപശീർഷകം ചങ്ങമ്പുഴയുടെ വാഴക്കുല വിവാദത്തിലാണ് ഊന്നുന്നത്. കേരളത്തിലെ സർവ്വകലാശാലകളിലും ഗവേഷണ അക്കാദമിക സ്ഥാപനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നതും നടക്കുന്നതുമായ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ വിജ്ഞാനോൽപാദന സാധ്യതകളെക്കുറിച്ചും ധാരണയില്ല എന്നതുപോകട്ടെ, ഗവേഷണം “വാഴക്കുലയാണെന്ന്” ധരിച്ചുപോകുന്ന അറിവില്ലായ്മയെ എന്തുവിളിക്കണം? കേരളത്തിലെയും ഇന്ത്യൻ സർവകലാശാലകളിലെയും ഗവേഷണ പ്രബന്ധങ്ങൾ പബ്ലിക് ഡൊമൈനിൽ ലഭ്യമാണ്. താല്പര്യമുള്ള മേഖലയിലെ മികച്ച പ്രബന്ധങ്ങൾ വായിക്കുകയോ വെറുതെ മറിച്ചുനോക്കുകയോ ചെയ്താൽ പരിഹരിക്കാവുന്ന അറിവില്ലായ്മ മറച്ചുവയ്ക്കാൻ പിന്നെയും പിന്നെയും വാഴക്കുല തോണ്ടേണ്ടിവരുന്ന മാധ്യമപ്രവർത്തനത്തെക്കുറിച്ചും അതിന്റെ ദുരുദ്ദേശപരമായ താല്പര്യങ്ങളെക്കുറിച്ചും സംശയിക്കണം.

“കേരളം മൂന്നാം തലമുറ കുടിയേറ്റത്തിൽ” എന്ന ഉപശീർഷകമെത്തുമ്പോൾ ഉന്നത വിദ്യാഭ്യാസത്തിൽനിന്നും വഴുതി, തൊഴിൽ തേടിയുള്ള കുടിയേറ്റത്തിലേയ്ക്ക് മാറുന്നു. അവിടെയുമുണ്ട് പഠനമില്ലായ്മയുടെ വെളിപാടുകൾ. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ ഉദ്ധരിച്ച് പറയുന്നു : പതിനഞ്ച് ലക്ഷത്തോളം ആളുകൾ പഠന-തൊഴിൽ ആവശ്യങ്ങൾക്കായി പുറത്തേയ്ക്ക് പോകുന്നു എന്ന്. വസ്തുത എന്താണെന്ന് നോക്കാം.

രണ്ടായിരത്തിനുശേഷം ഗൾഫ് പ്രവാസത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചാണ് കെ സി സക്കറിയ, എസ് . ഇരുദയ രാജൻ എന്നിവരുടെ “Gulf Revisited: Economic Consequences of Emigration from Kerala: Emigration and Unemployment’ എന്ന പഠനം. തൊഴിലന്വേഷകരായി ഗൾഫിലെത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും തൊഴിൽ ഉറപ്പിച്ച് അഥവാ തൊഴിലോടുകൂടി ഗൾഫിലെത്തുന്നവരുടെ എണ്ണം കൂടിവരുന്നതുമായും പഠനം സൂചിപ്പിക്കുന്നു. ഗൾഫ് നാടുകളിൽ ഓഓർർഓ manyബേൽ സമ്മാനം ലഭിച്ചവരുടെ സംഘത്തിലെ ശാസ്ത്രജ്ഞൻ പഠിച്ചത് പെരിന്തൽമണ്ണ ചെമ്മാണിയോട് സർക്കാർ സ്കൂളിലും ക്രൈസ്റ്റ് കോളേജിലും മഹാത്മാഗാന്ധി സർവകലാശാലയിലുമായിരുന്നു. ലണ്ടനിലെ ലീഡ്സ് സർവകലാശാലയിലെ ഫിസിക്സ് പ്രോഫസർ പെരുമ്പാവൂരിലെ സാധാരണ സ്കൂളിൽ പഠിക്കുകയും കുസാറ്റിലും മഹാത്മാഗാന്ധി സർവകലാശാലയിലും ഗവേഷണം നടത്തുകയും ചെയ്ത ആളാണ്. തൃശ്ശൂരിലെ സാധാരണ സ്കൂളിലും സ്കൂൾ ഓഫ് ഡ്രാമയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലും പഠിക്കുകയും ലോകോത്തര തിയേറ്റർ വ്യക്തിത്വമായി ഉയരുകയും ചെയ്തവരുണ്ട്. അന്താരാഷ്ട്ര പ്രസ് ഫ്രീഡം പുരസ്കാരം നേടിയ മുതിർന്ന മാധ്യമ പ്രവർത്തക കേരള വർമ്മയിൽ പഠിച്ചതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലും ജവഹർലാൽ നെഹ്റു സർവകലാശാലയിലും ഹൈദരബാദ് സർവകലാശാലയിലും മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും ഇന്ത്യയിലെ പ്രധാന സർവകലാശാലകളിലും പ്രവർത്തിക്കുന്ന അധ്യാപകർ ഈ പൊതുവിദ്യാഭ്യാസത്തിലൂടെ ആ നിലയിലെത്തിയവരാണ്. ചരിത്രത്തിലും സാമൂഹ്യശാസ്ത്ര മേഖലയിലും എഞ്ചിനീയറിംഗ് ശാസ്ത്ര സാങ്കേതികമേഖലയിലും വലിയ നേട്ടങ്ങളുണ്ടായത് ഇവിടെനിന്നാണ്. മാതൃഭൂമിയിലെ മികച്ച മാധ്യമ പ്രവർത്തകർ അവരുടെ വിദ്യാഭ്യാസവും ഭാവിയും മെനഞ്ഞെടുത്തത് ഇവിടുത്തെ പൊതുവിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ, സ്ഥാപനങ്ങളിൽ നിന്നു തന്നെയല്ലേ?

## 2

പരമ്പരയുടെ രണ്ടാം അധ്യായം “മൂഢസ്വർഗത്തിൽ ഉന്നതവിദ്യാഭ്യാസം വിഭാവനചെയ്യുമ്പോൾ” എന്നതാണ്. ഞെട്ടിയ വർത്തമാനം പങ്കുവയ്ക്കുന്നതാണ് ഇൻട്രോ. ഐസറിൽ നിന്ന് ഡോക്ടറേറ്റുള്ള ഒരാൾ ഫിസിക്സിൽ അധ്യാപകനായി ചേരാൻ കാലിക്കറ്റ് സർവകലാശാലയിലെത്തിയെന്നും ഐസറിന്റെ ബിരുദം കാലിക്കറ്റിന് തുല്യമാണെന്ന സർട്ടിഫിക്കറ്റ് വേണമെന്ന് സർവകലാശാല ആവശ്യപ്പെട്ടുവെന്നും കേട്ടാണ് ഞെട്ടിയത്. സർവകലാശാല ഒരു സ്വയം ഭരണ സ്ഥാപനമാണ്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിലവിൽ വന്നത്. അവിടെ ഓരോന്നിനും കൃത്യമായ നടപടിക്രമങ്ങളുണ്ട്. ഒരാൾ ജോലിക്ക് പ്രവേശിക്കുമ്പോൾ അയാളുടെ സർട്ടിഫിക്കറ്റ് സർവകലാശാലാ നിയമത്തിന് അനുസൃതമാണോ എന്ന് പരിശോധിക്കേണ്ടേ? ഐസറിൽ നിന്നല്ല, കേംബ്രിഡ്ജിൽ നിന്ന് വന്നാലും വസ്തുതാപരിശോധന ഒഴിവാക്കാനാവില്ല. അത് സർവകലാശാലാ അധികാരത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. ഐസർപോലെയുള്ള സ്ഥാപനങ്ങളെ ഈ പരിശോധനകളിൽനിന്ന് ഒഴിവാക്കണമെങ്കിൽ അതത് സർവകലാശാലകളോ സർക്കാർ തന്നെയോ നയപരമായി തീരുമാനമെടുക്കണം.

“സർവത്ര അട്ടിമറി”എന്ന ഉപശീർഷകം ചില ആരോപണങ്ങളാണ്. ഒന്ന്: ഗാന്ധിയൻ ചിന്ത പഠിച്ച കെ എസ് യു നേതാവ് ചരിത്ര അധ്യാപകനായി. രണ്ട്: എം ജി സർവകലാശാലാ രജിസ്ട്രാർ ആയിരുന്ന ആൾ പഠിച്ച കോളേജ് ഭ്രമുഖത്തില്ല.(ഒരു പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപ

നം അടച്ചപോയാൽ അവിടെ പഠിച്ചവരുടെയൊക്കെ വിദ്യാഭ്യാസം ഒറ്റയടിക്ക് റദ്ദാവുകയില്ലെന്ന സാമാന്യബോധം ലേഖികയ്ക്ക് ആകാമായിരുന്നു.)

മൂന്ന്: നെറ്റ് ഇല്ലാത്ത ഒരാൾ പി എച്ച് ഡി ബിരുദത്തിന്റെ അടിസ്ഥാനത്തിൽ അസോസിയേറ്റ് പ്രൊഫസറായി കാലിക്കറ്റ് സർവകലാശാലയിൽ പ്രവേശനം നേടി. വാർത്ത എഴുത്തിന്റെ പ്രാഥമിക പാഠം ആര്? എന്ത്? എപ്പോൾ? എവിടെ? എങ്ങനെ? എന്തുകൊണ്ട്? എന്ന് കൃത്യമായി പറയുകയാണ്. എന്നാൽ ഇവിടെ ആരോപണങ്ങളുടെ നിഴലിൽ ആളുകളെ പേരുപോലുമില്ലാതെ നിർത്തുന്നു. ഗാന്ധിയൻ ചിന്തയ്ക്ക് ചരിത്രവുമായി ബന്ധപ്പെട്ട് തുല്യത നൽകിയെങ്കിലും പിന്നീട് അത് പുനഃപരിശോധിച്ചുവെങ്കിലും അതിനൊരു നടപടിക്രമം ഉണ്ടായിരിക്കും. വിശദമായ പരിശോധനയും അക്കാദമിക് കൗൺസിലിന്റെയും സിൻഡിക്കേറ്റിന്റെയും അംഗീകാരവും വേണം. ഇക്കാര്യത്തിൽ അയാൾ കെ എസ് യു നേതാവാണ്/ആയിരുന്നു എന്ന ആരോപണത്തിൽ പുളകം കൊള്ളുന്നതല്ലാതെ വസ്തുതകൾ എവിടെ?

മൂന്നാമത്തെ ആരോപണം പക്ഷെ അറിവില്ലായ്മയുടേതാണ്. നെറ്റ് യോഗ്യതയില്ലാത്ത ഒരാൾ പി എച്ച് ഡി യോഗ്യതയോടെ അസോസിയേറ്റ് പ്രൊഫസർ നിയമനം നേടി എന്നാണ് കണ്ടെത്തൽ. യു ജി സിയുടെ 2009 ജൂലായ് 2010 റഗുലേഷൻ പ്രകാരം അധ്യാപക നിയമനത്തിന് നെറ്റ്, ജെ ആർ എഫ്, 2010 റഗുലേഷൻ അനുസരിച്ചുള്ള ഗവേഷണ ബിരുദം ഏതെങ്കിലും മതി. 2018 യു ജി സി റഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസറായി നിയമനം ലഭിക്കാൻ പി എച്ച് ഡി നിർബന്ധവുമാണ്. പിന്നെ നെറ്റ് യോഗ്യത നേടുന്നതിനേക്കാൾ എത്രയോ കാലത്തെ കഠിനാധ്വാനവും പഠനവും ആവശ്യമാണ് പി എച്ച് ഡി നേടാൻ എന്നറിയുമോ? ഒരു ഗൂഗിൾ സെർച്ചിൽ ലഭ്യമാകുന്ന വിവരങ്ങൾപോലും പഠിക്കാതെ പരമ്പരരചന നടത്തുന്നതിൽ അറിവില്ലായ്മ മാത്രമല്ല, അസാധാരണമായ ധൈര്യവും സാമൂഹികമായ ഉത്തരവാദിത്തമില്ലായ്മയും ബൗദ്ധികമായ സത്യസന്ധതയില്ലായ്മയും കാണാം.

“അഭിമുഖം മതി മെറിറ്റ് ആര് നോക്കുന്നു” എന്ന ഉപശീർഷകം സാങ്കേതികമായ അറിവില്ലായ്മ മാത്രമല്ല, സമകാലിക സംഭവ വികാസങ്ങളിലും സാമൂഹിക വിഷയങ്ങളിലുമുള്ള അജ്ഞത കൂടി വെളിവാക്കുന്നതാണ്. ഇന്ത്യൻ സർവകാശാലകളും സാമൂഹ്യശാസ്ത്ര- ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും പിടിച്ചടക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018 യു ജി സി റഗുലേഷൻ കേന്ദ്രഭരണകൂടം നടപ്പാക്കിയത്. അതിൽ നിലവിലുണ്ടായിരുന്ന അക്കാദമിക മികവിനുള്ള മാനദണ്ഡങ്ങൾ മാറ്റി. അധ്യാപനത്തിന് അപേക്ഷിക്കുന്നവരെ ഷോർട്ട് ലിസ്റ്റ് ചെയ്യും. പിന്നീട് അവരുടെ അക്കാദമിക മികവ് പരിഗണിക്കില്ല. ഷോർട്ട് ലിസ്റ്റിൽ ഉള്ളവരെല്ലാം ഒരേ ഗണത്തിൽ പരിഗണിച്ച് അഭിമുഖം നടത്തും. എൺപത് മാർക്ക് അക്കാദമിക് മികവുള്ള ആളും അറുപത് മാർക്ക് അക്കാദമിക് മികവ് ലഭിച്ച ആളും അഭിമുഖത്തിനെത്തുന്നതു വരെ തുല്യരായിരിക്കും. അഭിമുഖത്തിൽ താല്പര്യമനുസരിച്ച് എൺപതു മാർക്ക് നേടി വന്ന ആളിന് അഞ്ചും അറുപത് മാർക്കുകാരന് ഇരുപതും മാർക്ക് നൽകാം. അങ്ങനെ വരുമ്പോൾ അഭിമുഖത്തിൽ ഒന്നാമതെത്തുന്നത് അക്കാദമിക മികവിനുള്ള മാർക്ക് കുറഞ്ഞ ആളായിരിക്കും. ജെ എൻ യു ഉൾപ്പെടെയുള്ള കേന്ദ്ര സർവകലാശാലകളിൽ സംഘപരിവാർ അക്കാദമിക്കുകളെ കുത്തിനിറയ്ക്കാൻ കേന്ദ്രസർക്കാർ കൊണ്ടുവന്നതാണ് ഈ റഗുലേഷൻ. ഈ സാധ്യത സംസ്ഥാന സർവകലാശാലകളും ഭരണകൂട താല്പര്യത്തോടെ ഉപയോഗിക്കുന്നുണ്ട്. അത് വിമർശനാത്മകമായി പരിശോധിക്കണം. എന്നാൽ, ചരിത്രത്തിന്റെ പുനരെഴുത്തുകളും ഗോമൂത്ര ശാസ്ത്രവും ഗണപതിയുടെ പ്ലാസ്റ്റിക് സർജറിയും രാവണന്റെ പുഷ്പകവിമാന സാങ്കേതിക വിദ്യയും ഇന്ത്യൻ സമൂഹത്തിൽ പടർത്തുന്ന ദുരന്തജ്ഞാനത്തോളം അപകടകരമായ റിക്രൂട്ട്മെന്റുകൾ സംസ്ഥാന സർവകലാശാലകളിൽ നടന്നിരിക്കില്ല.

“കോളേജിൽ ചേരാം പഠിക്കേണ്ടതില്ല”എന്ന ഉപശീർഷകത്തിലെ ഒന്നാം ഭാഗം അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോഴ വാദത്തിലാണ് ഊന്നുന്നത്. യോഗ്യതയെ പണംകൊണ്ട് പകരംവയ്ക്കുകയും സാമൂഹ്യനീതി അട്ടിമറിക്കുകയും ചെയ്യുന്നിടത്ത് തൊഴിൽ വരേണ്യരുടെ മാത്രമായിത്തീരും എന്നതിൽ സംശയമില്ല. അത് ഗൗരവമായി ചർച്ച ചെയ്യണം. എന്നാൽ ഇത്തരം ചർച്ചകളിൽ മാധ്യമങ്ങൾ പങ്കാളികളല്ല. സമുദായ സംഘടനകളോടുള്ള ചർച്ചയും സർക്കുലേഷൻ, മാർക്കറ്റിംഗ് താല്പര്യങ്ങളും മുന്നിട്ടു നിൽക്കുന്ന മാധ്യമ താല്പര്യങ്ങൾ “കോഴ” എന്ന അഴകൊഴമ്പൻ പ്രസ്താവനയ്ക്ക് അപ്പുറത്തേയ്ക്ക് പോയിട്ടില്ല; പോവുകയുമില്ല. എന്നാൽ ദലിത് സംഘടനകളും നവസാമൂഹ്യ പ്രസ്ഥാനങ്ങളും അട്ടിമറിക്കപ്പെടുന്ന സാമൂഹ്യനീതിയെക്കുറിച്ച് ഗൗരവമായ ചർച്ചകൾ ഉയർത്തുന്നുണ്ട്. അത്തരം സാമൂഹ്യ ചലനങ്ങളെക്കുറിച്ചുള്ള അജ്ഞത ഈ പരമ്പരയുടെ പ്രത്യേകതയാണ്. ഈ ഉപശീർഷകത്തിന്റെ രണ്ടാം ഭാഗം പിന്നെയും അറിവില്ലായ്മയുടെ പ്രകടമാക്കുന്നു. “എയ്ഡഡ് കോളേജുകളിൽ നിയമനം ലഭിച്ചാൽ പിന്നെ ഒരു നിയന്ത്രണവും ബാധകമല്ല” എന്നാണ്. പഞ്ചായത്ത് മുതൽ പാർലമെന്റ് വരെ അംഗമാകാം എന്നൊരു ആരോപണവുമുണ്ട്. പഞ്ചായത്ത്, പാർലമെന്റ് അംഗമാകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഉന്നതവിദ്യാഭ്യാസ പരിധിയിൽ വരുന്നതെങ്ങനെ? അത് നിയമവ്യവസ്ഥയ്ക്ക് വിധേയമല്ലേ? സർവകലാശാലയ്ക്കോ എയ്ഡഡ് കോളേജുകൾക്കോ തീരുമാനമെടുക്കാൻ കഴിയുന്നതാണോ? എയ്ഡഡ് അധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തനം മറ്റൊരു സംവാദമേഖലയാണ്. അതിനെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രശ്നമായി കാണുന്നതിൽ പ്രശ്നമുണ്ട്. അപ്പോഴും പഞ്ചായത്തുമുതൽ പാർലമെന്റുവരെയുള്ള വിശാലമായ

ജനാധിപത്യ പ്രക്രിയയിൽ അധ്യാപകർ ഭാഗഭാക്കാകുന്നതിലെ തകരാർ എന്താണ്? സമൂഹ്യരാഷ്ട്രീയ ചലനങ്ങളിൽ മുഖം തിരിഞ്ഞുനിൽക്കണമെന്നാണോ? അതോ രാഷ്ട്രീയം മോശം ഏർപ്പാടാണെന്ന് കരുതുന്നുണ്ടോ? രാഷ്ട്രീയ പ്രക്രിയയെക്കുറിച്ചും ജനാധിപത്യ സംവിധാനങ്ങളെക്കുറിച്ചും ജനപ്രിയ സിനിമകൾ പങ്കിടുന്ന തട്ടുപൊളിപ്പൻ രംഗങ്ങളുടെ സ്കൂളിൽ നിന്ന് ലഭിച്ച സാമൂഹ്യ ബോധമാണ് ഈ വാദത്തിന്റെ ഇന്റൻഷൻ.

ഇനി എയ്ഡഡ് അധ്യാപകരുടെ തൊഴിലിനെക്കുറിച്ചുള്ള അറിവില്ലായ്മ പരിശോധിക്കാം. അധ്യാപകനിയമനം ലഭിക്കുന്ന ഒരാൾ ആഴ്ചയിൽ നാല്പത് മണിക്കൂറാണ് അക്കാദമിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടത്. ഓരോ വർഷവും ചെയ്യുന്ന അക്കാദമിക പ്രവർത്തനങ്ങൾ, അധ്യാപനം, ഇന്റേണൽ, എക്സ്റ്റേണൽ പരീക്ഷകൾ, മൂല്യനിർണ്ണയം, പ്രോജക്ട് മാർഗനിർദ്ദേശം, റിസർച്ച് സൂപ്പർവിഷൻ, കലാ കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, കോളേജിന്റെ ഭരണകാര്യങ്ങളിൽ പങ്കെടുക്കൽ, ഗവേഷണം, പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾ എന്നീ പ്രവർത്തനങ്ങളുടെ കൃത്യമായ റിപ്പോർട്ട് ഓരോ അക്കാദമിക വർഷവും കോളേജുകളിൽ സമർപ്പിക്കണം. ഓരോ പ്രമോഷൻ കാലയളവിലും കോളേജ് മോണിട്ടറിംഗ് കമ്മറ്റി ഇത് പരിശോധിച്ച് ആധികാരിത ഉറപ്പുവരുത്തണം. യു ജി സി മാനദണ്ഡങ്ങൾക്ക് വിധേയമായി അതത് സർവകലാശാലാ വൈസ് ചാൻസലർമാർ നിയമിക്കുന്ന രണ്ടിൽ കുറയാത്ത വിഷയവിദഗ്ധരുടെ പരിശോധനയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പ്രമോഷൻ ലഭ്യമാകുക. അതായത് നിരന്തര മൂല്യനിർണ്ണയത്തിലൂടെയാണ് അധ്യാപകരും കടന്നുപോകുന്നത്. ഏതെങ്കിലുമൊരു കോളേജ് അധ്യാപിക/അധ്യാപകനോട് ഫോണിൽ ചോദിച്ചാൽ ലഭിക്കുമായിരുന്ന ഈ വിവരങ്ങൾ "നിയമനം കിട്ടിക്കഴിഞ്ഞാൽ യു ജി സി ശമ്പളം വാങ്ങി സുഖിക്കുന്നവർ"

**അഭിമുഖത്തിൽ താല്പര്യമനുസരിച്ച് എൺപതു മാർക്ക് നേടി വന്ന ആളിന് അഞ്ചും അറുപത് മാർക്കുകാരന് ഇരുപതും മാർക്ക് നൽകാം. അങ്ങനെ വരുമ്പോൾ അഭിമുഖത്തിൽ ഒന്നാമതെത്തുന്നത് അക്കാദമിക മികവിനുള്ള മാർക്ക് കുറഞ്ഞ ആളായിരിക്കും. ജെ എൻ യു ഉൾപ്പെടെയുള്ള കേന്ദ്ര സർവകലാശാലകളിൽ സംഘപരിവാർ അക്കാദമിക്കുകളെ കുത്തിനിറയ്ക്കാൻ കേന്ദ്രസർക്കാർ കൊണ്ടുവന്നതാണ് ഈ റഗുലേഷൻ. ഈ സാധ്യത സംസ്ഥാന സർവകലാശാലകളും ഭരണകൂട താല്പര്യത്തോടെ ഉപയോഗിക്കുന്നുണ്ട്.**

എന്ന തരം വിലയിരുത്തലുകളുടെ ആനന്ദത്തിൽ നിന്നുണ്ടാകുന്ന അസൂയാ മനോഭാവമാണ്. സാമൂഹ്യ- മാധ്യമ വിമർശനത്തിന് "അസൂയ" മാനദണ്ഡമാകുന്നതാണ് ഈ പരമ്പയുടെ ഗുണപാഠം.

കേരളത്തിലെ ഉന്നത വിദ്യാഭാസ ചരിത്രത്തിൽ പ്രൈവറ്റ് എയ്ഡഡ് കോളേജുകളുടെ പ്രാധാന്യം മനസ്സിലായിട്ടില്ലേ? തെക്കൻ, മധ്യ, ഉത്തര കേരളത്തിലെ വിദ്യാഭ്യാസത്തെ നിർണ്ണയിച്ചതിൽ വലിയ പ്രാധാന്യം എയ്ഡഡ് കോളേജുകൾക്കില്ലേ? കേരളത്തിലെ ആദ്യ കോളേജായ സി എം എസ് കോളേജിൽ ആ ചരിത്രം ആരംഭിക്കും. തിരുവനന്തപുരം മാർ ഇവാനിയോസ്, എം ജി കോളേജ്, കൊല്ലം എസ് എൻ, ശാസ്താംകോട്ട ഡി ബി, പത്തനംതിട്ട കാത്തലിക്കറ്റ്, ആലപ്പുഴ എസ് ഡി, പാലാ സെന്റ് തോമസ്, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്, കോട്ടയം ബസേലിയസ്, മാന്നാനം കെ ഇ, ചങ്ങനാശേരി എസ് ബി, എൻ എസ് എസ്, തൊടുപുഴ ന്യൂമാൻ, ഇടുക്കി പാവനാത്മാ, കോതമംഗലം എം എ, എറണാകുളം സെന്റ് തെരേസാസ്, എസ് എച്ച്, സെന്റ് ആൽബർട്ട്സ്, ആലുവ യു സി, ഗുരുവായൂർ ശ്രീകൃഷ്ണ, തൃശ്ശൂർ ശ്രീ കേരളവർമ്മ, സെന്റ് തോമസ്, വിമല, ഒറ്റപ്പാലം എൻ എസ് എസ്, മമ്പാട് എം ഇ എസ്, മലബാർ ക്രിസ്ത്യൻ കോളേജ്, ദേവഗിരി കോളേജ്, ശ്രീഗുരുവായൂരപ്പൻ, കണ്ണൂർ എസ് എൻ, തളിപ്പറമ്പ സർസെയ്ദ്, പയ്യന്നൂർ കോളേജ്, കാഞ്ഞങ്ങാട് നെഹ്റു.... എന്നിങ്ങനെ ഉദാഹരണങ്ങൾ എത്ര? പത്തനം തിട്ട, കോതമംഗലം തുടങ്ങിയ പഴയ പട്ടണങ്ങളോടും ഗ്രാമങ്ങളോടും ചേർന്ന് ഉയർന്നു വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വലിയ തോതിലുള്ള സാമൂഹിക നിക്ഷേപം കാണാം. കാർഷിക മിച്ചമോ, അധ്വാനമിച്ചമോ വിദ്യാഭ്യാസത്തിനായി ജനകീയമായി സ്വരൂപിക്കപ്പെട്ടു. അങ്ങനെയൊരു കാർഷിക -അധ്വാനത്തിന്റെയും ഭാവി ചിന്തയുടെയും ചരിത്രംകൂടിയുണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്. പത്തൊമ്പതാം ശതകത്തിന്റെ അന്ത്യത്തിൽ മേലുകാവിൽ നിന്ന് കോട്ടയത്തെത്തിയ മലയരയ ഗോത്രക്കാർ മിഷനറിമാരോട് ആവശ്യപ്പെട്ടത് സ്കൂളുകൾ സ്ഥാപിച്ചുതരണമെന്നാണ്. അങ്ങനെ മേലുകാവിൽ പള്ളിക്കൂടമുണ്ടായി. മലയരയർ വിജ്ഞാനം നേടി. മേലുകാവിൽ കോളേജുണ്ട്. ബിരുദ പഠനമെങ്കിലും പൂർത്തിയാക്കാത്ത മലയരയഗോത്രക്കാർ വിരളമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവുമായ ഏടാണത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, വിമൻസ്, എറണാകുളം മഹാരാജാസ്, പാലക്കാട് വിക്ടോറിയാ, ചിറ്റൂർ ഗവൺമെന്റ് കോളേജ്, കോഴിക്കോട് ആർട്സ് ആന്റ് സയൻസ്, തലശേരി ബ്രണ്ണൻ തുടങ്ങിയ സർക്കാർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പുറത്തുവന്നതിനേക്കാൾ എത്രയോ

ബ്രൃഹത്തും വൈവിധ്യവുമാർന്ന സഞ്ചയമാണ് എയ്ഡഡ് കോളേജുകളിൽ നിന്ന് പുറത്തുവന്നത്. ഇവയെല്ലാം ചേർത്താണ് നമ്മൾ പൊതുവിദ്യാഭ്യാസം എന്നു പറയുന്നത്. അപ്പോഴും ദളിത്, സാധുജന സമുദായങ്ങളുടെ രക്ഷാകർത്തൃം നാമമാത്രമാണ്. കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തിലെ വലിയ വിടവുകളിലൊന്നായി അതിനെ കാണുകയും ചർച്ചചെയ്യുകയും വേണം.

ഈ പറയുന്ന എയ്ഡഡ് കോളേജുകളിൽ എത്രയോ പ്രഗത്ഭരായ അധ്യാപകരും വിദ്യാർത്ഥികളുമുണ്ടായി; ഇന്നും ഉണ്ട്. അവരുടെയെല്ലാം അക്കാദമികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രാധാന്യത്തെ ഒറ്റയടിക്ക് റദ്ദ് ചെയ്തുകൊണ്ട് "കോളേജ് അധ്യാപകർ, യു ജി സി ശമ്പളം..." തുടങ്ങിയ പദാവലികൾ അവതരിപ്പിക്കുന്നതിലെ അല്പത്തം കാണാതിരിക്കാനാവില്ല. മികച്ച തൊഴിലിന് മികച്ച വേതനം ലഭിക്കണം. അത് ചരിത്ര അധ്യാപകരായാലും കൽത്തൊഴിലാളിയായാലും മാധ്യമപ്രവർത്തകരായാലും. ചരിത്രം ഖനിച്ചെടുക്കുന്ന വിദ്യ അറിയുന്നിടത്താണ് അതിനെ ഉന്നത മൂല്യമെന്നോ വിദ്യാഭ്യാസമെന്നോ വിളിക്കുന്നത്. അപ്പോഴാണ് അത് സാംസ്കാരിക ഇടപെടലാകുന്നത്. അത് വെറുതെ കിട്ടില്ല. കിട്ടേണ്ടതുമില്ല. ശമ്പളവും ആനുകൂല്യങ്ങളും അനിവാര്യമാണ്.

"സർക്കാർ കോളേജുകളിൽ ചിറ്റമ്മനയം" എന്ന ഉപശീർഷകം ഭരണപരമായ ചില പ്രശ്നങ്ങൾ, സർക്കാർ കോളേജ് അധ്യാപകരുടെ ആധി എന്ന നിലയിൽ വായിക്കാം. പ്രിൻസിപ്പൽ നിയമനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുമാണ്. സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം വൈകുന്നത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെ തകർത്തുകളയും എന്ന വാദത്തിന്റെ പൊള്ളത്തരം സ്വയം ആലോചിക്കേണ്ടതാണ്. അവസാനം പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് പി ജി വെയിറ്റേജ് എടുത്തുകളഞ്ഞതുമായി ബന്ധപ്പെട്ടാണ്. അത് അധ്യാപക തസ്തികകൾ കുറയുന്നതിന് കാരണമായിട്ടുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ വിചക്ഷണരും ഈ വിഷയത്തിൽ ഇടപെടുകയും ഉന്നത വിദ്യാഭ്യാസ കമ്മീഷനുകൾക്ക് മുന്നിൽ കൃത്യമായ രേഖകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. അതിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് സർക്കാരാണ്. അതൊരു ധനകാര്യ പ്രശ്നമായും ചർച്ച ചെയ്യുന്നുണ്ട്. പുതിയ സാമ്പത്തിക ക്രമത്തിൽ അതത്ര അനായാസമായിരിക്കുമെന്ന് കരുതാനാവില്ല. ഒപ്പം, പുതിയ കോഴ്സുകൾ അനുവദിച്ചും, ബാച്ചുകൾ തുടങ്ങിയും പ്രശ്നത്തെ മറികടക്കാനുള്ള നിർദ്ദേശങ്ങളും ഉയർന്നിട്ടുണ്ട്.

"ഉന്നതവിദ്യാഭ്യാസ രംഗത്ത് പണം ചെലവാക്കാതെ നേട്ടം കൊയ്യാമെന്ന മൂഢവിശ്വാസമാണ്" എന്നൊരു പ്രസ്താവനയിലാണ് ആ ഭാഗം അവസാനിക്കുന്നത്. കഴിഞ്ഞ രണ്ട് സംസ്ഥാന ബജറ്റുകളിൽ ഉന്നത വിദ്യാഭ്യാസത്തിനായി നീക്കിവച്ച തുക എത്രയാണ്? അത് പബ്ലിക് ഡൊമൈനിൽ ലഭ്യമായിട്ടും എന്തുകൊണ്ട് പരിശോധിച്ചില്ല. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നു. സർക്കാർ എയ്ഡഡ് കോളേജുകളുടെ പശ്ചാത്തല വികസനം മുതൽ സർവകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതികൾ വരെ ഇതിലുണ്ട്. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ലൈബ്രറി, ഹോസ്റ്റൽ, ലാബ് സൗകര്യങ്ങൾ ക്യാമ്പസുകളിൽ ഒരുങ്ങുന്നുണ്ട്. ഏതെങ്കിലും ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ നേരിട്ട് സന്ദർശനം നടത്തിയിരുന്നെങ്കിൽ ഈ അറിവുകേടെങ്കിലും ഒഴിവാക്കാമായിരുന്നു. ഈ വാദത്തിന്റെ മറ്റൊരു വശം തികഞ്ഞ സാമൂഹ്യ ഉത്തരവാദിത്തമില്ലായ്മയാണ്. കേന്ദ്ര ഭരണകൂടം കഴിഞ്ഞ ബജറ്റുകളിലെല്ലാം വിദ്യാഭ്യാസത്തിന്റെ വിഹിതം അടിക്കടി വെട്ടിക്കുറച്ചു. കേവലം 8.2 ശതമാനം മാത്രമാണ് കേന്ദ്രഭരണകൂടത്തിന്റെ വിദ്യാഭ്യാസ ബജറ്റ് വിഹിതം. ഇന്ത്യയുടെ പ്രാഥമികതലം മുതൽ ഉന്നതവിദ്യാഭ്യാസംവരെ പദ്ധതി നടപ്പാക്കാനാണ് ഇത്ര നിസാരമായ തുക നീക്കിവച്ചിരിക്കുന്നത്. ആ സ്ഥാനത്ത് കേരളത്തിന്റെ ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം നീക്കിവച്ചിരിക്കുന്നത് വിദ്യാഭ്യാസത്തിനായാണ്. ഈ വിവരങ്ങളൊന്നും സ്വകാര്യമല്ല.

കേന്ദ്ര സർക്കാർ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നാഷണൽ അക്രഡിറ്റേഷനിലൂടെ കോളേജുകളെ സ്വയം ഭരണസ്ഥാപനങ്ങളാക്കും. അക്കാദമിക സ്വയംഭരണം നല്ലത് തന്നെ. എന്നാൽ ഇവിടെ കോളേജ് നടത്തുന്നതിനുള്ള ശമ്പളം ഉൾപ്പെടെയുള്ള വിഭവങ്ങൾ കണ്ടെത്തേണ്ടത് അതത് കോളേജുകളാണ്. ലാഭകരമല്ല എന്ന കാരണത്താൽ ഗ്രാമങ്ങളിലെ കോളേജുകൾ അടച്ചുപൂട്ടും. ഇടുക്കി, മൂന്നാർ, ശാന്തൻപാറ തുടങ്ങിയ വിദൂര സ്ഥലങ്ങളിലെ കോളേജുകൾ പൂട്ടിയാൽ സാധാരണക്കാരുടെ വിദ്യാഭ്യാസം മുടങ്ങും. വിദ്യാഭ്യാസം പണമുള്ള വരേണ്യരായ ഒരു വിഭാഗത്തിന് മാത്രമാകും. വിദേശത്തോ, സംസ്ഥാനത്തിനു പുറത്തോ, സ്വകാര്യ സർവകലാശാലകളിലോ പോയി പഠിക്കാൻ നിവൃത്തിയില്ലാത്ത സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ വിദ്യാഭ്യാസസ്വപ്നം തകരും. സാമൂഹ്യനീതി അപ്പാടെ തകിടം മറിയും. ഇത്തരം അപകടങ്ങളെ പ്രതിരോധിക്കാനുള്ള പഠനങ്ങളും അന്വേഷണങ്ങളും ചർച്ചകളും അധ്യാപക, വിദ്യാർത്ഥി, ഉന്നത വിദ്യാഭ്യാസമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യം പരമ്പരാ രചയിതാക്കൾ അറിഞ്ഞു കാണില്ല. ഒരു പ്രദേശത്തെ കോളേജുകളെ തമ്മിൽ ബന്ധിപ്പിച്ച് ക്ലസ്റ്റർ കോളേജുകൾപോലെയുള്ള ബദൽ സാധ്യതകൾ ഉയർത്തിക്കൊണ്ടുവരാനുള്ള സാമൂഹിക ഉത്തരവാദിത്തോടെയുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. അതിസങ്കീർണവും തീവ്രവുമായ സാമൂഹിക സംവാദം ആവശ്യപ്പെടുന്ന മേഖലയാണ് ഇന്ത്യൻ വിദ്യാഭ്യാസം. കേരളം അതിന്റെ ഇങ്ങേയറ്റമാണ്. വിഭവങ്ങളുടെ അഭാവത്തിലും ബദൽ മാർഗങ്ങ

ൾ തേടുകയാണ് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖല. നമ്മുടെ കയ്യിലുള്ളത് അറിവാണ്. ജ്ഞാനം എന്ന സാധ്യതയെയാണ് തൊഴിലിലേയ്ക്കും സാങ്കേതികവിദ്യയിലേയ്ക്കും പരമ്പരാഗതവും അല്ലാത്തതുമായ തൊഴിലിടങ്ങളിലേയ്ക്കും വിന്യസിക്കുന്നത്. തൊഴിൽ നൈപുണി ഒരറിവാണ്. അറിവില്ലാതെ തൊഴിലെടുക്കാനാവില്ല, അറിവിനെ പുറത്ത് നിർത്തുന്ന തൊഴിലധിഷ്ഠിത പദ്ധതികളുമില്ല. അതിനാൽ വിദ്യാഭ്യാസം ഒരു സമഗ്ര ബോധനത്തിന്റെ സാമൂഹിക ഉത്തരവാദിത്തം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ഒരു പരമ്പരകൊണ്ട് മൂടിയാൽ മറയ്ക്കാനോ മറക്കാനോ കഴിയാത്ത ആഴമുണ്ട് ഉന്നത വിദ്യാഭ്യാസത്തിന്.

## 3

പരമ്പരയുടെ മൂന്നാം അധ്യായം "സെമസ്റ്റർ സമ്പ്രദായം കുട്ടികളോട് ചെയ്തത്" എന്നാണ്. തുടക്കം നാല് പ്രസ്താവനകളാണ്. ഒന്നാം വാചകം: "ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളെല്ലാം പൊട്ടിവീഴുന്നപോലെയാണ്." ഈ പ്രസ്താവനയുടെ അടിസ്ഥാനമെന്താണ്? ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണൻ മുതലിങ്ങോട്ടുള്ള വിദ്യാഭ്യാസ വിചക്ഷണരുടെ കർശനമായ ജാഗ്രതയിലാണ് സ്വതന്ത്ര ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ കരട് രൂപപ്പെട്ടത്. വിദ്യാഭ്യാസത്തെ പ്രധാന സാംസ്കാരിക മൂലധനമായി വികസിപ്പിക്കേണ്ടതിന്റെ അനിവാര്യതയാണ് സാമൂഹികനവോത്ഥാനത്തിന് അംബേദ്കർ മുന്നോട്ടുവച്ചത്. ക്ഷേത്രപ്രവേശനങ്ങളല്ല, വിദ്യാഭ്യാസവും അതിലൂന്നിയുള്ള സമത്വവും സാമൂഹ്യ നീതിയുമാണ് വിഭാവനചെയ്യപ്പെട്ടത്. അതായത് , മെക്കാളെ നടപ്പാക്കിയ കൊളോണിയൽ തൊഴിൽനൈപുണി വിദ്യാഭ്യാസ പദ്ധതിയെ അടിമുടി തിരുത്തിക്കൊണ്ടാണ് ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിന്റെ ഫിലോസഫി രൂപപ്പെട്ടത്.

രണ്ടാം വാചകം: "രണ്ട് പതിറ്റാണ്ട് മുമ്പ് തുടങ്ങിയ ക്രഡിറ്റ് സെമസ്റ്റർ സിസ്റ്റം എന്ത് പ്രത്യാഘാതമുണ്ടാക്കിയെന്ന് പഠനമൊന്നുമില്ല." ആദ്യവാചകത്തിലെ ആത്മരോഷത്തിന്റെ അടിസ്ഥാനം ഇതാകാം. സി ബി സി എസ് എസ് അഥവാ ചോയ്സ് ബെയ്സിഡ് ക്രഡിറ്റ് സിസ്റ്റം, ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനാപരമായ മാറ്റമായിരുന്നു. യു ജി സിയുടെ നിർദ്ദേശപ്രകാരം കേന്ദ്രഭരണകൂടമാണ് ഈ ഘടന നടപ്പാക്കിയത്. അതായത് ഇന്ത്യയിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെ ഘടന ഏകീകരിക്കുന്നു. അത്തരമൊരു ഏകീകൃത ഘടനയെക്കുറിച്ച് യു ജി സി അക്കാലത്തു തന്നെ കരട് രേഖ പുറത്തിറക്കിയിരുന്നു. അതിന്മേൽ അധ്യാപകരും വിദ്യാഭ്യാസ ചിന്തകരും വിദ്യാർത്ഥികളും പൊതുജനങ്ങളും അഭിപ്രായവും വിമർശനങ്ങളും രേഖപ്പെടുത്തി. അങ്ങനെ വിപുലമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി ബി സി എസ് എസ് നടപ്പാക്കി. വാർഷിക പഠനപദ്ധതി മാറുകയും ഒരു വർഷം രണ്ട് സെമസ്റ്റർ എന്ന രീതിയിൽ ഘടന പുനർനിർണ്ണയിക്കുകയും ചെയ്തു. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയാണത്. കേരളത്തിന് മാത്രമായി മാറിനിൽക്കാനാവില്ല. കേരളത്തിലെ വിദ്യാഭ്യാസം വാർഷിക രീതിയിൽ മതി എന്ന തീരുമാനിച്ചാൽ ഉന്നത വിദ്യാഭ്യാസത്തിന് കേരളത്തിലെ കുട്ടികൾക്ക് പ്രവേശനം ലഭിക്കില്ല. അതിന് പൊതു ഘടനയുടെ ഭാഗമായേ പറ്റൂ. അല്ലാതെ സെമസ്റ്റർ സമ്പ്രദായം കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് ഒരു പ്രഭാതത്തിൽ പൊട്ടിവീണതല്ല. ഇത് സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഒരു ഗൂഗിൾ സെർച്ചിൽ ലഭ്യമായിട്ടും പരിശോധിക്കാതിരുന്നത് എന്തു ബോധ്യത്തിന്റെ അടിസ്ഥാനത്തിലാകും?

കേരളത്തിൽ സെമസ്റ്റർ സമ്പ്രായം നടപ്പാക്കുന്നതിനുമുമ്പ് കൃത്യമായ പഠനങ്ങൾ നടന്നിരുന്നു. ഡോ. കെ എൻ പണിക്കർ, ഡോ. രാജൻ ഗുരുക്കൾ തുടങ്ങിയ വിദ്യാഭ്യാസ-ചരിത്രപണ്ഡിതരുടെ നേതൃത്വത്തിൽ ഘടന, കരിക്കുലം ഫ്രെയിംവർക്ക് പ്രായോഗികമായി നടപ്പാക്കലിന്റെ പ്രശ്നങ്ങൾ എന്നിങ്ങനെ എല്ലാ മേഖലയും പഠനവിധേയമാക്കി. അതിന്റെ റിപ്പോർട്ടുകൾ പൊതു ഇടത്തിൽ ലഭ്യമാണ്. കേരളത്തിലെ സർക്കാർ- സ്വകാര്യ കോളേജ് അധ്യാപകരുടെ സംഘടനകൾ പ്രത്യേകം കമ്മീഷനുകൾ നിയമിച്ച് പതിനാല് ജില്ലകളിലും സിമ്പോസിയങ്ങളും സെമിനാറുകളും സംഘടിപ്പിച്ച് മാറ്റങ്ങളെ നേരിടാൻ പ്രായോഗികമായി സജ്ജമായി. ഇതിന്റെയെല്ലാം ഫലമായി ഇന്ത്യയിൽ ഏറക്കുറെ മികച്ച രീതിയിൽ, (പ്രശ്നങ്ങളുണ്ടാകാം) സെമസ്റ്റർ സംവിധാനം നടപ്പാക്കിയത് കേരളമാണ്. കേരളം നടപ്പാക്കിയ മാതൃകയാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പിന്തുടർന്നത്.

മൂന്നാം വാചകം: "ഉദ്ദേശിച്ച ഫലം കിട്ടിയോ എന്ന അന്വേഷണമില്ല." എന്നൊരു അഴകൊഴമ്പൻ പ്രസ്താവനയാണ്. അന്വേഷണമുണ്ടായിട്ടുണ്ട്. പഠനങ്ങൾ നടന്നിട്ടുണ്ട്. വിമർശനങ്ങളും തിരുത്തലുകളും നിരന്തരം നടന്നുകൊണ്ടിരിക്കുന്നുണ്ട്. പബ്ലിക് ഡൊമൈനിൽ ലഭ്യമായ വിവരങ്ങൾപോലും പഠിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ ഫലം കിട്ടിയില്ലെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? നാലാം വാചകം: "അതിനിടയിലാണ് നാല് വർഷ ഓണേഴ്സ് നടപ്പാക്കുന്നത്... എല്ലാം പെട്ടെന്നായിരുന്നു." നിരുത്തരവാദപരമായ പ്രസ്താവനയാണിത്. ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ഘടനാപരമായ മാറ്റം ലക്ഷ്യമിട്ട് ദേശീയവിദ്യാഭ്യാസ നയം നടപ്പാക്കുകയാണ്. എല്ലാം പെട്ടെന്നല്ല, വളരെ കരുതിക്കൂട്ടി, ഇന്ത്യൻ ഉന്നത വിദ്യാഭ്യാസത്തിന്റെ ആന്തരിക വൈവിധ്യങ്ങളെയും സാധ്യതകളെയും അത് മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യനീതിയിലും സമത്വത്തിലും അധിഷ്ഠിതമായ മൂല്യങ്ങളെയും ഒറ്റ ഹിന്ദു ദേശീയതയിലേയ്ക്ക് മുതൽക്കൂട്ടുന്ന അപകടകരമായ പദ്ധതിയാണ് ദേശീയവിദ്യാഭ്യാസ നയം. അതിന്റെ ഘടനയാണ് നാല് വർഷത്തെ കോഴ്സ്. അത് നിർബന്ധമായും സംസ്ഥാനങ്ങൾ നടപ്പിലാക്കണമെന്നാണ് കേന്ദ്രനിർദ്ദേശം. കേരളത്തിനു മാത്രമായി മാറിനിൽക്കാനാവില്ല.

ഒറ്റ ഭാഷ, ഒറ്റ മതം, ഒറ്റ ദേശീയത, പാരമ്പര്യ വിജ്ഞാനം, യോഗ, പുരാണപാരായണം തുടങ്ങിയ വിജ്ഞാന പദ്ധതികളാണ് ദേശീയ വിദ്യാഭ്യാസ പരിപാടിയായി നടപ്പാക്കുന്നത്. ഇത് സംബന്ധിക്കുന്ന കരട് രേഖ യു ജി സി പ്രസിദ്ധീകരിക്കുന്നത് കോവിഡ് കാലത്തിനും മുമ്പാണ്. ഇന്ത്യയിലെ ലക്ഷക്കണക്കിന് അക്കാദമിക്കുകൾ ഇതിനെതിരെ വിമർശനം ഉന്നയിക്കുകയും അവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ പൊതു ഇടങ്ങളിൽ വിനിമയം ചെയ്യുകയും ചെയ്തിട്ടുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ സംരക്ഷണത്തിനായി പാർലമെന്റിന് മുന്നിൽ സമരം നടത്തിയിട്ടുണ്ട്. സാധാരണ ജനങ്ങൾ തെരുവുകളിൽ വിദ്യാഭ്യാസ സംരക്ഷണ ജാഥകൾ നടത്തിയിട്ടുണ്ട്. അതായത് അക്കാദമിക സമൂഹത്തിന്റെ അതിശക്തമായ എതിർപ്പിന് ഉള്ളിൽ നിന്നുകൊണ്ട് പാർലമെന്റിൽപോലും വേണ്ടത്ര ചർച്ച ചെയ്യാതെ കേന്ദ്രസർക്കാർ നടപ്പാക്കുന്ന അപകടകരമായ പദ്ധതിയാണ് ദേശീയ വിദ്യാഭ്യാസ നയം. കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഈ ഘടനയിൽനിന്ന് ഏതെങ്കിലും സംസ്ഥാന ഭരണകൂടത്തിനും അവരുടെ വിദ്യാഭ്യാസത്തിനും മാറിനിൽക്കാനാവില്ല. അതാണ് അതിന്റെ ദുരന്തവും. അത് ഒരു ദുരന്തമായി മനസ്സിലാക്കാനുള്ള സാമൂഹ്യബോധം ഇല്ലാതെപോയതിന്റെ ഫലമാണ് ഈ പരമ്പര.

കേരളം എന്തു ചെയ്യുന്നു? ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഘടനയെ മാത്രം സ്വീകരിക്കുകയും പ്രതിലോമകരമായ ഉള്ളടക്കങ്ങളെ കയ്യൊഴിയുകയും ചെയ്യുക എന്ന രാഷ്ട്രീയ ജാഗ്രതയാണ് കേരളം സ്വീകരിച്ചത്. അതായത് നാല് വർഷത്തെ കോഴ്സ് സ്ട്രക്ച്ചർ നടപ്പാക്കും. നടപ്പാക്കിയില്ലെങ്കിൽ പൊതുവിദ്യാഭ്യാസ, ഘടനയിൽനിന്ന് നമ്മുടെ കോഴ്സുകൾ പുറത്താകും. പക്ഷെ അതിന്റെ ഉള്ളടക്കവും കരിക്കുലം ഫ്രയിംവർക്കും അതത് പഠനവിഭാഗങ്ങളും സ്റ്റേക് ഹോൾഡേഴ്സും തീരുമാനിക്കും. സർവകലാശാലാ നിയമപരിഷ്കരണം, പരീക്ഷാ

**ജനപ്രിയ സീരിയൽ ബുദ്ധിയിൽ രൂപംകൊള്ളുന്ന ഈ സംഭാഷണ രചനാചാതുരിയാണ് പരമ്പരയുടെ ഭാഷ. പത്രറിപ്പോർട്ടിന്റെ ഭാവുകത്വം സീരിയലിന്റേതാകുമ്പോൾ ലഭിക്കുന്ന പുളകമാണ് പരമ്പരയുടെ ആനന്ദമൂല്യം.**

പരിഷ്കരണം, ഉന്നതവിദ്യാഭ്യാസ പരിഷ്കരണം എന്നീ മൂന്ന് തലങ്ങളിലൂടെയുള്ള മാറ്റത്തിനായാണ് സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചതും അവരുടെ റിപ്പോർട്ട് പുറത്തുവന്നതും ഈ പ്രതിരോധത്തെക്കൂടി മുന്നിൽ കണ്ടാണ്. ആ റിപ്പോർട്ടുകൾ പബ്ലിക് ഡൊമൈനിൽ ലഭ്യമാണ്.

നാല് വർഷത്തെ കോഴ്സുകളുടെ ഘടന, കരിക്കുലം സിലബസ് രൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ കേരള ഹയർ എജ്യുക്കേഷൻ കൗൺസിൽ സംസ്ഥാന തലത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചിരുന്നു. അധ്യാപകരും വിദ്യാർത്ഥികളും മാധ്യമപ്രവർത്തകരും രാഷ്ട്രീയ, സാമൂഹിക ചിന്തകരും പൊതുജനങ്ങളും പങ്കെടുത്ത സംവാദങ്ങൾ നടന്നു. കേന്ദ്രനയത്തിന്റെ ഭാഗമായ ഘടന സ്വീകരിക്കുമ്പോൾ തന്നെ ഉയർന്ന സാമൂഹ്യ ജാഗ്രതയോടെ വിദ്യാഭ്യാസത്തെ ക്രമപ്പെടുത്തുന്നതിനുള്ള ബൗദ്ധികവും കായികവുമായ അധ്വാനം നടന്നുകൊണ്ടിരിക്കുന്നു. ഇത് വലിയൊരു സാമൂഹിക ഉത്തരവാദിത്തമാണ്. പ്രതിരോധമാണ്. ജനാധിപത്യത്തിന്റെയും സാമൂഹ്യനീതിയുടെയും സാംസ്കാരിക വൈവിധ്യങ്ങളുടെയും അറിവിന്റെയും വീണ്ടെടുപ്പും മുന്നോട്ടു നയിക്കലും ഒരു സമരമായി മാറുന്ന കാലമാണ്.

"പരീക്ഷകൾക്കിടയിലെ വിദ്യാർത്ഥി ജീവിതം"എന്ന ഉപശീർഷകം സെമസ്റ്റർ സംവിധാനത്തിനു കീഴിലുള്ള പരീക്ഷാ നടത്തിപ്പിലെ പാളിച്ചകളെക്കുറിച്ചാണ് പറയുന്നത്. പരീക്ഷാ നടത്തിപ്പിൽ പാളിച്ചകളുണ്ട്. വിദ്യാർത്ഥി, കോഴ്സ് ബാഹുല്യവും രോഗവും അവധികളും കാലാവസ്ഥയും പ്രകൃതിപ്രതിഭാസങ്ങളും ഓണവും വിഷുവും സംക്രാന്തിയും തട്ടിക്കിഴിച്ചാൽ സമയം കുറവാണ്. അത് പരിഹരിക്കാനുള്ള പ്രയോഗിക സമീപനങ്ങൾ പരീക്ഷാ നടത്തിപ്പിൽ ഉണ്ടാകണം. ഇന്നു കാണുന്നതരം പരമ്പരാഗത പരീക്ഷാ സമ്പ്രദായം തന്നെ പുനഃപരിശോധിക്കണം. ബോധന രീതിയിലും മൂല്യനിർണയത്തിലും മാറ്റം വരണം. അത്തരം മാറ്റങ്ങൾ പുതിയ വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ ഭാഗമായി ലോകത്താകമാനം നടക്കുന്നുണ്ട്. നമ്മിലേക്കെത്താൻ അതിന്റേതായ സമയമെടുക്കും. പഠനങ്ങളും ആവശ്യമാണ്.

എന്നാൽ ഇത്തരം ഗൗരവമുള്ള പ്രശ്നത്തെ സമീപിക്കുന്നത് നോക്കൂ. "സെമസ്റ്റർ സംവിധാനം വരുന്നതിനുമുമ്പ് വാർഷിക എഴുത്ത് പരീക്ഷ മാത്രമാണുണ്ടായിരുന്നത്. ക്ലാസിൽ ഇരുന്നാലുമില്ലെങ്കിലും പഠിച്ചാൽ മാർക്ക് നേടാം" അപ്പോ ക്ലാസിൽ ഇരിക്കണോ, പോണോ? എന്താണ് നിലപാട്? ഉന്നത വിദ്യാഭ്യാസം എന്നതുകൊണ്ട് ഈ പരമ്പരാരചനയിൽ എന്താണ് ഉദ്ദേശിച്ചത്? ക്ലാസിൽ ഇരിക്കാതെ, അധ്യാപക വിദ്യാർത്ഥി സംവാദങ്ങൾ, പരീക്ഷണങ്ങൾ, ഗവേഷണ വിനിമയങ്ങൾ ബോധന രീതികൾ, പുതുവിജ്ഞാനം, വിജ്ഞാന സമ്പാദനത്തിന്റെ രീതി, രീതീശാസ്ത്രം, സഹജീവിതം, സഹജീവിപാഠങ്ങൾ... ഇതൊന്നും ആവശ്യമില്ലെന്നാണോ? ഗൈഡോ മറ്റോ വാങ്ങി വായിച്ച് വാർഷിക പരീക്ഷ എഴുതി മാർക്ക് വാങ്ങിയാൽ ഉന്നത വിദ്യാഭ്യാസം നേടാം എന്നുതന്നെയല്ലേ ഉദ്ദേശിച്ചത്?

ഈ ഭാഗം അവസാനിക്കുന്നിടത്ത് അധ്യാപകരുടെ ജോലിഭാരം സംബന്ധിച്ചും ക്ലാസുകൾ പഠിപ്പിച്ച് തീരാത്തതിനെക്കുറിച്ചും ഒരു ലഘുപ്രസംഗമുണ്ട്. ഒരു വാചകം ഇങ്ങനെയാണ് "അധ്യാപകരും ജീവനക്കാരും പുലർത്തുന്ന നിഷ്ക്രിയത്വവും. എല്ലാം അനുഭവിക്കുന്നത് വിദ്യാർത്ഥികളാണെന്നുമാത്രം" എന്താണ് ഉദ്ദേശിച്ചതെന്ന് വ്യ

ക്തമല്ല. ആര്? എവിടെ? എന്ത്? എങ്ങനെ? നിഷ്ക്രിയമായി?വിദ്യാർത്ഥികൾ അനുഭവിക്കുന്നവെന്ന് വികാരംകൊള്ളുന്ന പ്രശ്നം എന്താണ്? നിത്യജീവിതത്തിൽ ആളുകൾ പരസ്പരം പറഞ്ഞു രസിക്കുന്ന പരദൂഷണങ്ങൾ പറഞ്ഞവസാനിപ്പിക്കുമ്പോൾ "ങ്ഹാ!...എല്ലാം അവരുടെ വിധി!" എന്ന മട്ടിൽ ചില സ്റ്റേറ്റ്മെന്റുകൾ ഉണ്ടാകും. ജനപ്രിയ സീരിയൽ ബുദ്ധിയിൽ രൂപംകൊള്ളുന്ന ഈ സംഭാഷണ രചനാചാതുരിയാണ് പരമ്പരയുടെ ഭാഷ. പത്ര റിപ്പോർട്ടിന്റെ ഭാവുകത്വം സീരിയലിന്റേതാകുമ്പോൾ ലഭിക്കുന്ന പുളകമാണ് പരമ്പരയുടെ ആനന്ദമൂല്യം.

അവിടെയും നിർത്താൻ തയ്യാറല്ല, തന്റെ സീരിയൽ നിരീക്ഷണ പാടവത്തെ സ്ഥാപിക്കാൻ ഒരു വിദഗ്ധാഭിപ്രായം കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. "അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമിടയിൽ ഒരു അവിശുദ്ധ ബന്ധം തന്നെ സെമസ്റ്റർ സംവിധാനത്തിൽ ഉടലെടുത്തു..." എന്താണ് ഈ അവിശുദ്ധ ബന്ധം? ആ വാക്കിന്റെ സാമൂഹ്യ രാഷ്ട്രീയ മാനം എന്താണ്? കേരളത്തിലെ അധ്യാപക വിദ്യാർത്ഥി സമൂഹത്തെ അപകീർത്തിപ്പെടുത്തുന്ന മോറൽ പോലീസിംഗിന്റെ ഭാഷയാണ് ലേഖിക ഉദ്ധരിക്കുന്നത്. ഈ പരമ്പയിൽ ഇതുവരെയുണ്ടായ ഏക ഉദ്ധരണിയും ഇതാണ്. സേവ് യൂണിവേഴ്സിറ്റി ഫോറം കൺവീനറുടേതാണ് ഉദ്ധരണി. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു വ്യവഹാരീസംഘം എന്നതിലപ്പുറം പ്രാധാന്യം അക്കാദമികമായി ആ സംഘത്തിനില്ല. കോടതിവ്യവഹാരവുമായി നടക്കുന്ന കാരണവർ സിൻഡ്രോം ബാധിച്ച ഒരു സംഘം എന്നതിനപ്പുറം കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് അവരുടെ സംഭാവനയെന്താണ്? ഈ ഉദ്ധരണി പരിശോധിച്ചാൽ അതൊരു സദാചാര സംഘമായി മാറിയതായും തോന്നും. സദാചാര സംരക്ഷണമാണോ പരമ്പരയുടെ ഇന്റൻഷൻ?

"കാല്പപിടുത്തമാണ് സാറേ മെയിൻ"എന്ന ഉപശീർഷകം വിദ്യാർത്ഥികളുടെ രക്ഷോനായികയായി ചമയുന്ന മാധ്യമധാർമ്മികതയുടെ പ്രകടനമാണ്. ഇന്റേണൽ മാർക്കിന്റെ പേരിൽ ക്ലാസ് മുറിക്കകത്തും പുറത്തും വിദ്യാർത്ഥികൾ പീഡിപ്പിക്കപ്പെടുന്നു എന്നാണ് കഥാസാരം. നൂറ് മാർക്കിൽ എൺപത് മാർക്കിന്റെ പരീക്ഷ നടത്തുന്നത് സർവകലാശാലയാണ്. ഇരുപത് മാർക്കാണ് ഇന്റേണൽ. അതിൽ പത്ത് മാർക്ക് സർവകലാശാലാ മാതൃകയിൽ കോളേജുകളിൽ നടത്തുന്ന പരീക്ഷയിലൂടെയും മൂല്യനിർണ്ണയത്തിലൂടെയുമാണ് ലഭിക്കുന്നത്. അതായത് ആ പത്ത് മാർക്കും പരീക്ഷ എഴുതിയാണ് നേടുന്നത്. പിന്നീടുള്ള പത്തിൽ അഞ്ച് മാർക്ക് അസൈൻമെന്റിനും അഞ്ച് മാർക്ക് ഹാജർ നിലവാരത്തിനുമാണ്. കോവിഡ് കാലത്തിനുശേഷം ഹാജരിനുള്ള മാർക്ക് കേരള സർവകലാശാല ഒഴിവാക്കി. പകരം സെമിനാർ/ അസൈൻമെന്റിന് പത്ത്മാർക്ക്. ഇരുപതിൽ എട്ട് മാർക്ക് മതി ഇന്റേണൽ ജയിക്കാൻ. ആർക്കും ആരുടെയും മാർക്ക് പിടിച്ചുവയ്ക്കാൻ ഒരു പഴുതുമില്ല. കൃത്യമായി പരീക്ഷ എഴുതി, അസൈൻമെന്റ് വച്ചാൽ മുഴുവൻ മാർക്കും ലഭിക്കും. അത് വിദ്യാർത്ഥികൾക്കും അറിയാം. ഏതെങ്കിലും അധ്യാപകർ അത് നൽകാതിരിക്കുകയോ ദുരുദ്ദേശത്തോടെ വിദ്യാർത്ഥികളെ പീഡിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്താൽ കൃത്യമായി ചോദ്യം ചെയ്യാൻ കുട്ടികൾക്ക് കഴിയും. അവർക്ക് അവകാശത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുണ്ട്. അവരെ സഹായിക്കാൻ അധ്യാപകരും സംവിധാനങ്ങളുമുണ്ട്. ഇന്റേണൽ കംപ്ലയിന്റ് സെൽ, ഗ്രീവൻസ് സെൽ, എസ് സി/എസ് ടി ഗ്രീവൻസ് സെൽ, കോളേജ് ലെവൽ മോണിട്ടറിംഗ് കമ്മറ്റി എന്നിങ്ങനെ കൃത്യമായ സംവിധാനങ്ങളുണ്ട്. അതിന് മുകളിൽ സർവകലാശാലയും പൊതുസമൂഹവുമുണ്ട്. വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യവും സുരക്ഷയും സമത്വവും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

"മൂല്യനിർണയാധികാരംകൂടി കിട്ടിയതോടെ പല കോളേജുകളും സ്വതന്ത്ര റിപ്പബ്ലിക്കുകളായി."എന്നതാണ് മറ്റൊരു ഗുരുതര ആരോപണം. മൂല്യനിർണ്ണയം നടത്തുന്നത് എല്ലാക്കാലത്തും അധ്യാപകർ തന്നെയല്ലേ? അധ്യാപകർ മൂല്യനിർണ്ണയം നടത്തുന്നതിൽ എന്തോ തകരാറുണ്ട് എന്നല്ലേ ഉദ്ദേശിക്കുന്നത്? അധ്യാപക സമൂഹമാകെ കുഴപ്പക്കാരാണ് എന്ന ധാരണയല്ലേ ലേഖിക പുലർത്തുന്നത്? അതിന്റെ അടിസ്ഥാനമെന്താണ്? എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ അധ്യാപകസമൂഹത്തെ പ്രതിസ്ഥാനത്ത് നിർത്താൻ ലേഖിക ഒരുമ്പെടുന്നത്? വേണമെങ്കിൽ നിയമപരമായി നേരിടാവുന്ന അപകീർത്തികരമായ പ്രസ്താവനയാണ് ലേഖിക നടത്തിയിരിക്കുന്നത്. മാധ്യമ ധാർമ്മികതയുടെ സാമാന്യനീതിയുടെ നിഷേധവുമുണ്ട്. ആരും നിയമപോരാട്ടത്തിന് പോയേക്കില്ല, അപ്പോഴും ആരോപണം തെളിയിക്കേണ്ട ഉത്തരവാദിത്തം ലേഖികയ്ക്കുണ്ട്.

കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം നൽകുന്നതിലൂടെ ബോധന സമ്പ്രദായത്തിലുണ്ടാകുന്ന കുതിപ്പിന്റെ സാധ്യതയെക്കുറിച്ച് ലേഖികയ്ക്ക് യാതൊരു വിവരവും ഉള്ളതായി തോന്നുന്നില്ല. സർവകലാശാലാ പഠന വകുപ്പുകളിലും ഗവേഷണസ്ഥാപനങ്ങളിലും സിലബസ് രൂപീകരണം, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എല്ലാം അതത് വിഭാഗങ്ങളിലാണ് നടക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സിലബസ് രൂപീകരിക്കുന്നത് മുതൽ ബോധന രീതിയിലും സംവിധാനത്തിലും ഘടനയിലും വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കുന്നതാണ് ലോകത്തെ പ്രധാന മാതൃക. പഠനവിഷയവും സിലബസും വിദ്യാർത്ഥികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നത് വിദേശ സർവകലാശാലകളിൽ പ്രാവർത്തികമായിട്ടുണ്ട്. ബോധനമാണ്, ആ വിഷയത്തിൽ വിദ്യാർത്ഥി ആർജ്ജിക്കുന്ന സവിശേഷമായ അറിവാണ് പ്രധാനം. പരീക്ഷ, ഒരു മൂല്യനിർണ്ണയ മാർഗംപോലുമല്ല, എന്നാണ് പുതിയ വിദ്യാഭ്യാസ ചിന്ത. വിദ്യാർത്ഥികളെ ക്രിമിന

ല്യകളായി കാണുകയും പരീക്ഷ ശിക്ഷയായി കാണുകയും ചെയ്യുന്ന സമ്പ്രദായത്തിൽനിന്ന് ലോക വിജ്ഞാനമേഖല പുറത്തു കടക്കുക യാണ്. ഓപ്പൺ ടെസ്റ്റ് എക്സാമിനേ ഷൻ സാധാരണമായി കഴിഞ്ഞു. അപ്പോഴാണ് പഠിപ്പിക്കുന്ന അധ്യാ പകർ തന്നെ മൂല്യനിർണ്ണയം നട ത്തുന്ന എന്ന വിലാപം പരമ്പരാ രൂപത്തിൽ വരുന്നത്.

## 4

പരമ്പരയുടെ നാലാം അധ്യാ യം "കാര്യം നടക്കാൻ ചെരിപ്പ് തേയണം" എന്നാണ്. സർവകലാ ശാലാ-ഉന്നതവിദ്യാഭ്യാസസ്ഥാപ നങ്ങളുടെ ഭരണപരമായ തകരാറുക ളിലേയ്ക്കാണ് ഈ അധ്യായം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പുനർമൂല്യനി ർണ്ണയത്തിന് അപേക്ഷിച്ച് മാ സങ്ങൾ കഴിഞ്ഞും പരീക്ഷാഫലം ലഭിക്കാതിരുന്ന വിദ്യാർത്ഥിയുടെ പ്രശ്നമാണ് ആദ്യ ഖണ്ഡിക. ഗൗര വമാർന്ന പ്രശ്നം തന്നെയാണിത്. മൂല്യനിർണ്ണയം, പുനർമൂല്യനിർണ്ണ യം, സൂക്ഷ്മ തുടങ്ങിയ പ്രാധാന്യമു ള്ള അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടത് ഉന്നതവിദ്യാ ഭ്യാസമേഖലയിൽ അനിവാര്യമാ ണ്.

നമ്മുടെ ഭരണനിർവഹണസ്ഥാപന ങ്ങളുടെ ഘടനയിലേയ്ക്കാണ് യഥാ ർത്ഥത്തിൽ അന്വേഷണം പോകേ ണ്ടത്. വില്ലേജ് ഓഫീസ് മുതൽ സർവലകലാശാലവരെയുള്ള സ്ഥാ പനങ്ങളുടെ ഭരണപരമായ ഘടന ഒന്നുതന്നെയാണ്. ഒരിക്കലും അവ സാനിക്കാത്ത കേസുകെട്ടുകളുമായി കുമിഞ്ഞിരിക്കുന്ന കോടതികൾ മറ്റൊരുദാഹരണം. താലൂക്ക് ഓഫീ സിൽ ഭൂമി പോക്കുവരവ് ചെയ്യാൻ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കു ന്ന അതേ അനുഭവം തന്നെയാണ് പുനർമൂല്യനിർണ്ണയത്തിന് അപേ ക്ഷിച്ച് കാത്തിരിക്കുന്ന വിദ്യാർത്ഥി ക്കും ഉള്ളത്. അതായത് നമ്മുടെ ഭരണനിർവഹണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഴയ കൊളോ ണിയൽ വ്യവസ്ഥയുടെ പ്രേതബാ ധയിലാണ്. ഓരോന്നിനും ഫയൽ, ഫയൽ നോക്കാൻ ക്ലാർക്ക് മുതൽ സൂപ്രണ്ട്-രജിസ്ട്രാർ വരെ മറ്റു ചിലർ, ഓരോ മേശപ്പുറത്തും ഫയൽ വിശ്രമിക്കാനെടുക്കുന്ന സമയം, ഫയലിൽ അതത് ഉദ്യോ ഗസ്ഥർ എഴുതുന്ന കുറിപ്പ് ഇതെ ല്ലാം ആ ഫയലിന്റെ ആത്മകഥയോ ജീവചരിത്രമോ ആണ്. അതായത് സർവകലാശാലയും താലൂക്കോഫീ സും ഒരേപോലെ പ്രവർത്തിക്കുന്ന ഒരു ഭരണനിർവഹണ സംവിധാന മാണ് ഈ രാജ്യത്തുള്ളത്.

"കയറിയിറങ്ങി ഫയലുകൾ" എന്ന ഉപശീർഷകം മേൽപ്പറഞ്ഞ കാര്യ ങ്ങളുടെ തീരെ സ്പെസിഫിക് അല്ലാ ത്ത ആവർത്തനമാണ്. എന്നുമാ ത്രമല്ല, ഒരു സിസ്റ്റത്തിന്റെ തകരാ റിനെ വ്യക്തിസദാചാരത്തിലേയ്ക്ക് ചുരുക്കുകയും ചെയ്യുന്നു. ഏതാനും ഉദ്യോഗസ്ഥരുടെ പ്രശ്നമായി ഇത്ത രം ഭരണനിർവഹണ പ്രശ്നങ്ങളെ കാണുന്നതിൽ തകരാറുണ്ട്. ഒരു വ്യവസ്ഥയുടെ നടത്തിപ്പുകാർ എന്ന നിലയിലാണ് ആ ഉദ്യോഗ സ്ഥർ പ്രവർത്തിക്കുന്നത്. തകരാറ് വ്യവസ്ഥയ്ക്ക് തന്നെയാണ്. അത് ബോധ്യപ്പെടാൻ സേവനമേഖലാ മധ്യവർഗ-ഉദ്യോഗസ്ഥ സമൂഹ ത്തിന് കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാനം. സ്വയം രാഷ്ട്രീയവൽക്ക രിക്കുന്നതിൽ, ജനാധിപത്യവൽക്ക രിക്കുന്നതിൽ നമ്മുടെ സേവനമേ ഖലാ തൊഴിലാളി സംഘടനാ സം വിധാനങ്ങൾ നേരിടുന്ന പരാജയം കൂടിയായി ഇത് കാണണം.

ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിനാണ് കേരളത്തിലെ സർവകലാശാലകളുടെ ഭരണപ രമായ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ കമ്മീ ഷനെ നിയമിച്ചത്. ഉന്നത വിദ്യാ ഭ്യാസ പരിഷ്കരണത്തിനായി അം ബേദ്കർ സർവകലാശാലയിലെ വൈസ് ചാൻസലറായിരുന്ന ഡോ. ശ്യാംമേനോൻ ചെയർമാനായുള്ള കമ്മീഷനും സർവകലാശാലാ ഭരണപരിഷ്കാരം സംബന്ധിച്ച് പഠിക്കുന്നതിന് ഡോ. എൻ കെ ജയകുമാർ ചെയർമാനായുള്ള കമ്മീ ഷനും സർവകലാശാലാ പരീക്ഷാ പരിഷ്കരണത്തിനായി ഡോ. സി ടി അരവിന്ദകുമാർ ചെയർമാനായ കമ്മീഷനുമാണ് പഠനങ്ങൾ നടത്തിയത്. കമ്മീഷൻ കേരള ത്തിലെ പ്രധാന സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി. അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും കമ്മീഷന് മുന്നിൽ വിവരങ്ങൾ നൽകി. അതിന്റെ അടിസ്ഥാനത്തി ൽ തയ്യാറായ മൂന്ന് റിപ്പോർട്ടുകളും സർക്കാരിന് സമർപ്പിക്കപ്പെട്ടു. ഈ റിപ്പോർട്ടുകൾ പബ്ലിക് ഡൊമൈ നിൽ ലഭ്യമാണ്. ഇതിൽ ഇടപെ ട്ടുകൊണ്ട് ഗൗരവമായ പ്രശ്നങ്ങൾ ഉന്നയിക്കുകയും സർവകലാശാലാ ഭരണസംവിധാനത്തിന്റെ പാളിച്ച കൾ തുറന്നുകാട്ടുകയും ചെയ്യാനുള്ള വലിയ സാധ്യതയായിരുന്നു ഈ പരമ്പര. പ്രശ്നങ്ങൾ അക്കമിട്ട് അവ തരിപ്പിക്കാമായിരുന്നു. പൊതുജന ങ്ങളിലേയ്ക്ക് ഉന്നതവിദ്യാഭ്യാസ മേ ഖലയുടെ ഭരണപരമായ, അക്കാദ മികമായ, പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃത്യമായി അവതരിപ്പിക്കാമായിരുന്നു. ജന കീയമായ വിചാരണ ഉയർത്തി ക്കൊണ്ടുവരാമായിരുന്നു. എന്നാൽ, കമ്മീഷൻ റിപ്പോർട്ടിനെ റിവ്യൂ ചെ യ്യാനുള്ള വലിയ മാധ്യമാവസരം ഇല്ലാതാക്കി. കാരണം അങ്ങനെ ചില പഠനങ്ങൾ ഉണ്ടെന്ന വിവരം പോലും റിപ്പോർട്ടു തയ്യാറാക്കുന്ന ഒരു ഘട്ടത്തിലും അറിഞ്ഞതായി തോന്നുന്നില്ല. അതതു മേഖലയിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചു ള്ള ഇത്തരം അജ്ഞതമൂലം മാധ്യ മപ്രവർത്തനത്തിന്റെ അന്ത:സത്ത യും അന്തസും ചോർന്നുപോകുന്നു. ഗൗരവമുള്ള വിഷയങ്ങൾ ജനങ്ങളി ലേയ്ക്ക് എത്താതെപോകുന്നു. പൊതു സംവാദങ്ങൾ രൂപപ്പെടുന്നതിൽ നിന്ന് സമൂഹത്തെ കേവല വിവാദ ങ്ങളിൽ തളയ്ക്കുന്നു.

"ബി.കോം പഠിച്ചയാൾക്ക് സാധാ രണഗതിയിൽ പി ജി പഠനത്തിന് ഭാഷാവിഷയങ്ങൾക്ക് അനുമതി യില്ല" എന്നാൽ "കാസർകോഡ് ഇത്തരമൊരു അപേക്ഷയിൽ തീരുമാനമായത് മണിക്കൂറുക ൾകൊണ്ടാണ്" എന്നൊരു ആരോ പണവും പരമ്പര ഉന്നയിക്കുന്നു. മാറുന്ന വിദ്യാഭ്യാസത്തെക്കുറിച്ചും വിവിധ വിഷയങ്ങളിലേയ്ക്ക് പട രുന്ന അന്തർവൈജ്ഞാനിക പഠനങ്ങളുടെ സാധ്യതകളെക്കുറി

ച്ചുമുള്ള അറിവില്ലായ്മയാണ് ഈ ആരോപണം. ബി.കോം പഠിച്ച, ആളിന് ഭാഷാവിഷയത്തിൽ പി ജി എടുക്കാൻ അനുമതി ഏതെങ്കിലും സർവകലാശാല നിഷേധിക്കുന്നുവെങ്കിൽ അതാണ് തെറ്റ്. കമ്പാർട്ട്മെന്റുകളായി വിദ്യാഭ്യാസത്തെ വിഭാവന ചെയ്യുന്ന കാലം കഴിഞ്ഞു. വിജ്ഞാന സമ്പാദനത്തിനും അറിവുൽപ്പാദനത്തിനും ഏത് വഴിക്കും സഞ്ചരിക്കാനാകുന്ന അന്തർവൈജ്ഞാനിക പാതത്തിന്റെ സാധ്യതകളാണ് ഉന്നതവിദ്യാഭ്യാസം അന്വേഷിക്കുന്നത്.

എഞ്ചിനിയറിംഗ് പഠനത്തിനൊപ്പം സാമ്പത്തികശാസ്ത്രം പഠിക്കുമ്പോൾ ആസൂത്രണ കാഴ്ചപ്പാടിൽ ഉണ്ടായേക്കാവുന്ന മാറ്റം പ്രധാനമല്ലേ? ബയോ സയൻസിനൊപ്പം ബയോ ടെക്നോളജി പഠിക്കുന്നതിലൂടെ ആരോഗ്യ സാങ്കേതിക വിദ്യാരംഗത്തുണ്ടായേക്കാവുന്ന കുതിപ്പ് ആലോചിച്ച് നോക്കൂ. ചരിത്രവും ആന്ത്രപ്പോളജിയും ജനിതകപഠനവും പരസ്പരബന്ധിതമായോ പൂരകമായോ പഠിക്കുന്നതിലൂടെ വിജ്ഞാനമേഖലയിലുണ്ടാകുന്ന മാറ്റം എത്രമാത്രം പ്രധാനമായിരിക്കും? വിദ്യാർത്ഥികൾ ഇന്ന് സാഹിത്യവും ചലച്ചിത്രവും തിയേറ്ററും പരസ്പര പൂരകങ്ങളായി പഠിക്കുന്നു. ഒരറിവും ഒന്നിൽ മാത്രമായി നിൽക്കുന്നില്ല എന്ന ധാരണ പുതുതലമുറ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കമാണ്. ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായ ചരിത്രകാരൻ ഡി ഡി കൊസാംബി ഗണിതശാസ്ത്രജ്ഞനായിരുന്നു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ ഗണിതശാസ്ത്രവകുപ്പിന്റെ അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ച കൊസാംബിയാണ് ഇന്ത്യൻ ചരിത്രവിജ്ഞാനീയത്തിന്റെ ഭാവി മാറ്റി എഴുതിയത്. ഗണിത ശാസ്ത്രജ്ഞൻ ചരിത്രം പഠിക്കുന്നേ എന്ന് അറിവുള്ളവർ വ്യാകുലപ്പെടുന്നില്ല. ഇന്ത്യൻ എൻഡോളജിസ്റ്റായിരുന്ന വി എസ് സുക്താങ്കാർ സംസ്കൃത പണ്ഡിതനായിരുന്നു. അദ്ദേഹം കേംബ്രിഡ്ജിൽ നിന്ന് ഗണിതശാസ്ത്രത്തിലാണ് പഠനം പൂർത്തിയാക്കിയത്. സൗത്ത് ഏഷ്യൻ പഠനത്തിലും സംസ്കാര പഠനത്തിലും മഹാഭാരത ചരിത്രപഠനത്തിലും സുക്താങ്കാർ നൽകിയ സംഭാവനകൾ അന്തർവൈജ്ഞാനിക പഠനത്തിന്റെ വലിയ മേഖലയാണ്. ഇത്തരം വിജ്ഞാന വിസ്ഫോടനത്തെക്കുറിച്ചുള്ള തുറന്ന സാധ്യതകൾ ചർച്ച ചെയ്യുമായിരുന്ന പരമ്പര, ബികോം വിദ്യാർത്ഥിയുടെ ബിരുദാനന്തര ഭാഷാപഠനം എന്ന കൊട്ടംപാതകത്തെക്കുറിച്ച് വ്യാകുലപ്പെടുന്നു! ഇത്തരം വ്യാകുലമാതാക്കളാണ് വിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണത്തെയും വൈവിധ്യവൽക്കരണത്തെയും എല്ലാക്കാലത്തും എതിർത്ത് പോന്നിട്ടുള്ളത്. രണ്ടായിരത്തിന്റെ തുടക്കത്തിൽ "പാഠം" ഗ്രൂപ്പ് കേരളസമൂഹത്തിൽ ഉയർത്തിക്കൊണ്ടുവന്ന "അസംബന്ധ വിചാരണകൾ" ഇതിന്റെ പൂർവപാഠമാണ്. "അതിനാൽ പാഠം ഒരു അശ്ലീലമാണ്" എന്ന ശീർഷകത്തിൽ ഡോ. വി സി ഹാരിസ് മാധ്യമം ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനം പാഠക്കാർക്ക് ലഭിച്ച ചരിത്രപരമായ പ്രഹരമായിരുന്നു. എന്നാൽ, പഴയ പാഠപ്രേതം ഉന്നതവിദ്യാഭ്യാസത്തെ ചുറ്റിപ്പറക്കുന്നതിന്റെ ഗതികേടുകൂടിയാണ് ഇത്തരം പരമ്പരകൾ.

**എഞ്ചിനിയറിംഗ് പഠനത്തിനൊപ്പം സാമ്പത്തികശാസ്ത്രം പഠിക്കുമ്പോൾ ആസൂത്രണ കാഴ്ചപ്പാടിൽ ഉണ്ടായേക്കാവുന്ന മാറ്റം പ്രധാനമല്ലേ? ബയോ സയൻസിനൊപ്പം ബയോ ടെക്നോളജി പഠിക്കുന്നതിലൂടെ ആരോഗ്യ സാങ്കേതിക വിദ്യാരംഗത്തുണ്ടായേക്കാവുന്ന കുതിപ്പ് ആലോചിച്ച് നോക്കൂ.**

"ബോർഡിൽമാത്രം സ്റ്റഡീസ് വേറെ" എന്ന ഉപശീർഷകം സിലബസ് രൂപീകരണവുമായി ബന്ധപ്പെട്ട് അതത് വിഷയങ്ങളിൽ പ്രാഗത്ഭ്യമില്ലാത്തവരെ സ്വജനപക്ഷപാതത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നു എന്ന ആരോപണമാണ്. ബോർഡ് ഓഫ് സ്റ്റഡീസ് അതത് പഠനവകുപ്പിലെ വിഷയ വിദഗ്ധരുടെ സംഘമാണ്. പതിനഞ്ച് വർഷമെങ്കിലും അധ്യാപനപരിചയമുള്ള ആളായിരിക്കും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ. അധ്യാപകരുടെ ശില്പശാലകൾ സംഘടിപ്പിച്ചോ, ഔപചാരിക/ അനൗപചാരിക ചർച്ചകളും കൂടിയാലോചനകളും നടത്തിയോ വേണം സിലബസ് രൂപീകരിക്കാൻ. അങ്ങനെ രൂപീകൃതമാകുന്ന സിലബസ് സംബന്ധിച്ച് തർക്കമുണ്ടായാൽ പുനഃപരിശോധിക്കാനും മാറ്റങ്ങൾ വരുത്താനും കഴിയും. അതായ ത് സിലബസ് ഇരുമ്പുലക്കയല്ല. എന്നാൽ ലേഖിക ആരോപിക്കുന്നതുപോലെ ഇത്തരം അക്കാദമികമായ സംവിധനത്തിലൂടെ കടന്നുപോകാതെ സിലബസും പാഠ്യപദ്ധതിയും രൂപീകരിക്കുന്നുണ്ടെങ്കിൽ ഗൗരവമായി വിമർശിക്കണം. വിഷയ വിദഗ്ധരല്ലാത്തവർ ഉൾപ്പെടുന്നുണ്ടെങ്കിൽ അതും ഗുരുതകരമാണ്. അത് സ്പെസിഫിക് ആയി പുറത്തുകൊണ്ടുവരണം. അതിനുള്ള ശ്രമം പരമ്പരയിൽ ഇല്ല.

എന്നാൽ, അന്തർവൈജ്ഞാനിക പാതത്തിന്റെ കാലത്ത് മറ്റ് മേഖലകളിൽ പ്രാഗത്ഭ്യമുള്ളവരെ ഉൾപ്പെടുത്തി ബോർഡ് രൂപീകരിക്കുന്നതിൽ, -അതിൽ ലേഖിക ആരോപിക്കുന്ന സ്വജനപക്ഷപാതവും സങ്കുചിത താല്പര്യവും ഇല്ലെങ്കിൽ -തകരാറൊന്നുമില്ല. ചരിത്രത്തിന്റെ സിലബസ് രൂപീകരിക്കുമ്പോൾ നരവംശപഠനവകുപ്പിൽ നിന്നോ, ആർക്കിയോളജി വകുപ്പിൽനിന്നോ, ബയോ ടെക്നോളജി വിഭാഗത്തിൽ നിന്നോ വിദഗ്ധർ ഉണ്ടാകുന്നതിൽ തകരാറില്ല. ഭാഷാ സിലബസ് രൂപീകരിക്കുമ്പോൾ ഒരു ചരിത്രപണ്ഡിതന്റെയോ, മാധ്യമ വിദഗ്ധന്റെയോ, നവസാങ്കേതിക വിദഗ്ധന്റെയോ സേവനം പ്രയോജനപ്പെടുത്തണം. ബോർഡ് ഓഫ് സ്റ്റഡീസ് എന്നത് ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി വിഭാവന ചെയ്യേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസം എന്നതിന്റെ ഊന്നൽ വിദ്യാഭ്യാസത്തിലും അറിവുൽപ്പാദനത്തിലുമാണ്. ഭരണ പരമായ അതിന്റെ നിർവഹണം മറ്റൊരു സംവാദമേഖലയാണ്. അക്കാദമിക പ്രവർത്തനങ്ങളെ മുറിപ്പെടുത്തുകയോ, വൈകിക്കുക യോ ചെയ്യുന്ന ഭരണനിർവഹണം എതിർക്കപ്പെടണം. സർവകലാശാ ലകൾ അതിന്റെ അക്കാദമികവും ഭാവനാപൂർണ്ണവുമായ സ്വയംഭര ണത്തിലേയ്ക്ക് വികസിക്കണം. അതത് ഭരണകൂടത്തിന്റെ/ കാല ത്തിന്റെ താല്പര്യങ്ങളല്ല, സമൂഹത്തി ന്റെ വിജ്ഞാനരൂപീകരണമാണ് ആത്യന്തികമായി നടക്കേണ്ടത്. ബാക്കിയെല്ലാം പിന്നാലെ വരണം. അതിലേയ്ക്ക് നയിക്കുന്ന സംവാദ ങ്ങൾ രൂപപ്പെടുത്താൻ മാധ്യമങ്ങ ൾക്ക് കഴിയേണ്ടതാണ്. നിർഭാ ഗ്യവശാൽ, കേവല പരദൂഷണ പ്രചാരണത്തിനപ്പുറം പഠനവും വിമർശനവും ഉന്നയിക്കാൻ കഴിയു ന്നില്ല. അതിന്റെ ഉദാഹരണമാണ് ഈ പരമ്പരയും.

## 5

പരമ്പരയുടെ അഞ്ചാമത്തെയും അവസാനത്തെയും അധ്യായ ത്തിന്റെ തലക്കെട്ട് "സർവത്ര ആശയക്കുഴപ്പം തിരക്കിട്ട് നീക്കം" എന്നാണ്. ഇതുവരെ പ്രസിദ്ധീ കരിച്ച പരമ്പരയ്ക്ക് പൊതുവിൽ അനുയോജ്യമായ ശീർഷകമാ ണിത്. "സർവത്ര ആശയക്കുഴപ്പം തിരക്കിട്ട് നീക്കം" ഒരു പരമ്പര തയ്യാറാക്കാൻ ഇറങ്ങിപ്പുറപ്പെ ടുംമുമ്പ് നടത്തേണ്ട ഗൃഹപാഠങ്ങളു ടെ അഭാവത്തിലാണ് "സർവത്ര ആശയക്കുഴപ്പം" നിറഞ്ഞൊരു പരമ്പര പ്രസിദ്ധീകരിക്കേണ്ടിവ ന്നത്. പരമ്പര വസ്തുതാപരമായി വിമർശിക്കപ്പെട്ടതോടെ ആശയക്കു ഴപ്പം വർദ്ധിക്കുന്നു. ഓരോ വരിയും സ്വയം ഖണ്ഡിക്കുന്ന, നിരന്തരം കോൺട്രഡിക്റ്റ് ചെയ്യുന്ന വാക്യ ങ്ങളുടെ പരമ്പരയായി അത് മാറി. തുടങ്ങുന്നത് ഇങ്ങനെ: "നേരത്തേ യു പി എ സർക്കാരിന്റെ കാലത്ത് നിർദ്ദേശിച്ച ദേശീയ വിദ്യാഭ്യാസ നയമാണ് ഇപ്പോൾ യു ജി സി നട പ്പാക്കുന്നത്." വലിയ വിഢിത്തമാ ണ് ഈ ആദ്യവാചകം. നാഷണൽ എജ്യൂക്കേഷൻ പോളിസി (എൻ ഇ പി), അഥവാ ദേശീയ വിദ്യാഭ്യാസ നയം യു പി എ സർക്കാരല്ല, എൻ ഡി എ സർക്കാരാണ് മുന്നോട്ടുവ ച്ചത്. "National education policy 2020, Ministry of Human Resource Development, Government of India" എന്ന് 174 പേജുള്ള ആ ഡോക്യുമെന്റ് പബ്ലിക് ഡൊമൈ നിൽ ലഭിക്കും. 2020ൽ ഇന്ത്യ ഭരിക്കുന്ന സർക്കാർ നരേന്ദ്രമോദി നേതൃത്വം നൽകുന്ന എൻ ഡി എ സർക്കാരാണെന്ന് പ്രാഥമിക ജ്ഞാനം ഒരു റിപ്പോർട്ടർക്ക് വേ ണ്ടതല്ലേ?

2005ൽ ഒരു ദേശീയ നയം പ്ര ഖ്യാപിച്ചിട്ടുണ്ട്. അത് NEP അല്ല NPE ആണ്. പേരിൽ മാത്രമല്ല, ഘടനയിലും പ്രത്യയശാസ്ത്ര ഉള്ളട ക്കത്തിലും വ്യത്യാസമുണ്ട്. യു പി എ സർക്കാർ The National Policy on Education (NPE), WTO മാനദ ണ്ഡങ്ങൾക്കനുസൃതമായി ഉന്നതവി ദ്യാഭ്യാസ മേഖല ഉദാരമാക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. മൻമോ ഹൻസിങിന്റെ ഉദാരസാമ്പത്തിക നയത്തിന്റെ ആസൂത്രണ ലക്ഷ്യങ്ങ ൾ പേറുന്നതായിരുന്നു ആ നയം. പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഭരണം നടത്തി യിരുന്ന യു പി എയ്ക്ക് പല കാരണ ങ്ങളാൽ നയം നടപ്പാക്കാനാകുമാ യിരുന്നില്ല. എന്നാൽ ഘടനാപര മായ മാറ്റങ്ങൾ വിദ്യാഭ്യാസത്തിൽ കൊണ്ടുവന്നത് ആ നയത്തിന്റെ തുടർച്ചയാണ്. അതിലപ്പുറം വിദ്യാ ഭ്യാസത്തിന്റെ ഉള്ളടക്കത്തിലോ, സംസ്ഥാന സർക്കാരുകളുടെ അധികാരത്തിലോ പ്രാദേശിക സർവകലാശാലകളുടെ സ്വാതന്ത്ര്യ ത്തിലോ ഇടപെടാൻ ആ നയം ശ്ര മിച്ചിരുന്നില്ല. എന്നാൽ, ഇപ്പോൾ നടപ്പാക്കുന്ന ദേശീയ വിദ്യാഭ്യാസ നയമാകട്ടെ (NEP 2020) ഇന്ത്യൻ ജനാധിപത്യത്തിനും മതേതരത്വ ത്തിനും വിജ്ഞാനസമൂഹത്തിന്റെ ഭാവിക്കും ഭീഷണിയാണ്. രണ്ടു നയങ്ങളും രണ്ടാണെന്നും രണ്ട് കാലത്തുണ്ടായവയാണെന്നും അതിന്റെ പ്രത്യയശാസ്ത്ര ഘടന യിൽതന്നെ വ്യത്യാസമുണ്ടെന്നും ലേഖികയ്ക്ക് മനസ്സിലായിട്ടില്ല. ആദ്യ വാചകംതന്നെ വസ്തുതാവിരുദ്ധമാ ണെന്നർത്ഥം.

തുടർന്നുള്ള വാചകം ഇതാണ്" കേരളത്തിൽ അതുടൻ നടപ്പാ ക്കാൻ സർവകലാശാലയ്ക്കുമേൽ സമ്മർദ്ദമുണ്ട്" ഏത്? 2005ലെ യു പി എ നയമോ? അതോ എൻ ഡി എ സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയമോ(NEP 2020)? വ്യക്തതയില്ല. സർവത്ര ആശയക്കു ഴപ്പം തന്നെ! വ്യക്തതയില്ലെങ്കിലും ദേശീയ വിദ്യാഭ്യാസനയം 2020 നടപ്പാക്കുന്നതായിരിക്കാം ലേഖിക ഉദ്ദേശിക്കുന്നതെന്ന് സൗകര്യ ത്തിനുവേണ്ടി ഊഹിക്കാം. അങ്ങ നെയെങ്കിൽ ആര് സമ്മർദ്ദം ചെ ലുത്തി? കേരളത്തിന് മാത്രമായി അങ്ങനെയൊരു സമ്മർദ്ദമുണ്ടോ? ഇല്ല. ഇന്ത്യയിൽ മുഴുവൻ നടപ്പാ ക്കാൻ നിർദ്ദേശിക്കുന്നതാണ് ദേശീയ വിദ്യാഭ്യാസനയം 2020. അതിൽ കേരളത്തിന് മാത്രമായി മാറി നിൽക്കാനാവില്ല. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയവും ജനാധിപത്യപരവും വിജ്ഞാന

**ഇന്ത്യയിൽ മുഴുവൻ നടപ്പാക്കാൻ നിർദ്ദേശിക്കുന്നതാണ് ദേശീയ വിദ്യാഭ്യാസനയം 2020. അതിൽ കേരളത്തിന് മാത്രമായി മാറി നിൽക്കാനാവില്ല. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയവും ജനാധിപത്യപരവും വിജ്ഞാനകേന്ദ്രിതവുമായ ഉള്ളടക്കത്തെ അപായപ്പെടുത്തുന്നതാണ് ദേശീയവിദ്യാഭ്യാസനയം 2020. അതുകൊണ്ടുതന്നെ അത് നടപ്പാക്കുന്നതിൽ അക്കാദമിക് സമൂഹത്തിന് ആശങ്കയും ഭയവുമുണ്ട്.**

കേന്ദ്രിതവുമായ ഉള്ളടക്കത്തെ അപായപ്പെടുത്തുന്നതാണ് ദേശീയ വിദ്യാഭ്യാസനയം 2020. അതുകൊണ്ടുതന്നെ അത് നടപ്പാക്കുന്നതിൽ അക്കാദമിക് സമൂഹത്തിന് ആശങ്കയും ഭയവുമുണ്ട്.

എന്നാൽ, നാല് വർഷത്തെ കോഴ്സ് ഘടനയിലേയ്ക്ക് മാറാതെ മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളത്തിനും നിൽക്കാനാവില്ല. അതുകൊണ്ടുതന്നെ, ആ ഘടനയ്ക്കുള്ളിൽ എന്തുതരം വിദ്യാഭ്യാസ പദ്ധതിയാണ് ഉണ്ടായിരിക്കേണ്ടത് എന്നത് സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ നടന്നു/നടക്കുന്നു. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ കരിക്കുലം ഫ്രയിംവർക്ക് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസം സംബന്ധിക്കുന്ന ശ്യാം മേനോൻ കമ്മീഷൻ റിപ്പോർട്ടും പൊതു ഇടത്തിൽ ലഭ്യമാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ആശങ്കയുള്ളവർക്കും പ്രതീക്ഷയും വിമർശനവുമുള്ളവർക്കും ഈ ഡോക്യുമെന്റുകൾ മുൻനിർത്തി ചർച്ച ചെയ്യാം. പകരം, "സർവത്ര ആശയക്കുഴപ്പം" എന്ന് വാവിട്ട് നിലവിളിച്ച് ഉന്നത വിദ്യാഭ്യാസത്തെ കൂവി തോൽപ്പിക്കാം എന്നു കരുതുന്ന പരമ്പരകൾകൊണ്ട്കേരളത്തിനോ ഉന്നതവിദ്യാഭ്യാസത്തിനോ ഗുണമില്ല.

"വിദ്യാർത്ഥികളുടെ ഭാവി, പരീക്ഷണങ്ങൾക്ക് മുമ്പ് വേണ്ടത്ര തയ്യാറെടുപ്പില്ല, ലാഭമുണ്ടാക്കാൻ ലക്ഷ്യമിടുന്ന സ്ഥാപനങ്ങൾ വരും, ഫീസ് എത്രവേണമെങ്കിലും കൂട്ടാം..." തുടങ്ങി എവിടെയും പാകമായ കുവലുകൾകൊണ്ടാണ് പരമ്പരയുടെ ഒരു ഭാഗം നിറച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച്, അഥവാ വിദ്യാഭ്യാസത്തിന്റെ ഭാവി സംബന്ധിച്ച് ആശങ്കയുള്ളതുകൊണ്ടാണല്ലോ വിവിധ കമ്മീഷനുകൾ രൂപംകൊണ്ടതും പഠനങ്ങൾ നടന്നതും അതിൻമേൽ കരിക്കുലം ഫ്രയിം വർക്ക് രൂപം കൊണ്ടതും പൊതു ഇടത്തിൽ ചർച്ചകൾ നടക്കുന്നതും. പിന്നെ പരീക്ഷണങ്ങളുടെ സമയം സംബന്ധിച്ച ലേഖികയുടെ ആശങ്ക പ്രധാനമാണ്. നയം പ്രഖ്യാപിക്കുകയും നടപ്പാക്കാൻ

**വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച്, അഥവാ വിദ്യാഭ്യാസത്തിന്റെ ഭാവി സംബന്ധിച്ച് ആശങ്കയുള്ളതുകൊണ്ടാണല്ലോ വിവിധ കമ്മീഷനുകൾ രൂപംകൊണ്ടതും പഠനങ്ങൾ നടന്നതും അതിൻമേൽ കരിക്കുലം ഫ്രയിം വർക്ക് രൂപം കൊണ്ടതും പൊതു ഇടത്തിൽ ചർച്ചകൾ നടക്കുന്നതും**

സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നത് കേന്ദ്ര ഭരണകൂടമാണ്. സമയപരിധിക്കുള്ളിൽ പരമാവധി കുറ്റമറ്റതാക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസം മികച്ച രീതിയിൽ നിലനിൽക്കണമെന്ന് കേന്ദ്രഭരണാധികാരികൾ ആഗ്രഹിക്കുന്നില്ല. പൊതു കലാലയങ്ങൾ പൂട്ടിപ്പോകണമെന്നും അവിടേയ്ക്ക് ലാഭം ലക്ഷ്യമിടുന്ന സ്ഥാപനങ്ങൾ വരണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. പൊതുകലാലയങ്ങൾ പൂട്ടിപ്പോയാൽ, ഫീസ് എത്രവേണമെങ്കിലും കൂട്ടാം. അത് നൽകി പഠിക്കാൻ കഴിയാത്ത സാധാരണക്കാർ വിദ്യാഭ്യാസത്തിന് പുറത്താകും. സംവരണം ഉൾപ്പെടെയുള്ള സാമൂഹ്യനീതി അട്ടിമറിക്കപ്പെടും. ഉന്നതവിദ്യാഭ്യാസം വീണ്ടും വരേണ്യരുടേത് മാത്രമാകും. ഹൈടെക് ബ്രാഹ്മണ്യത്തിന്റെ സാമൂഹ്യവ്യാപനം ലക്ഷ്യമിടുന്നതാണ് ദേശീയവിദ്യാഭ്യാസനയം 2020. അതിൽ മറ്റെല്ലാ ജനവിഭാഗങ്ങളും വീണുപോകും. ഈ രാഷ്ട്രീയ യാഥാർത്ഥ്യത്തെ മുന്നിൽ കണ്ടുകൊണ്ടാണ് കേരളത്തിലെ അക്കാദമിക്കുകളും വിദ്യാർത്ഥികളും, പൊതുജനങ്ങളും ഉന്നത വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ ഉണർന്നിരിക്കുന്നത്. ഇത് മനസ്സിലാക്കാനുള്ള സാമൂഹിക ഉത്തരവാദിത്തം മാധ്യമപ്രവർത്തകർക്കും പരമ്പരരചയിതാക്കൾക്കുമുണ്ടാകേണ്ടതാണ്. പുര കത്തുമ്പോൾ പരമ്പരയെഴുതുന്ന ദുഷ്ടലാക്കിനപ്പുറമാണ് മാധ്യമ ധാർമ്മികത.

എന്തായിരുന്നു ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഫിലോസഫി? അത് അടുത്തറിയണമെങ്കിൽ ശാന്തിനികേതൻ സന്ദർശിക്കണം. ടാഗോർ സ്ഥാപിച്ച ശാന്തിനികേതൻ വിശ്വഭാരതി സർവകലാശാലയാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ റിപ്പബ്ലിക്കൻ മാതൃക. ജീവിതത്തിൽ ഒരിക്കലെങ്കിലും ശാന്തിനികേതൻ സന്ദർശിച്ചിട്ടുള്ളവർ കണ്ടിട്ടുണ്ടാകാം സർവകലാശാലയിൽ നിന്ന് സമൂഹത്തിലേയ്ക്ക് പടരുന്ന ജ്ഞാനവൃക്ഷത്തിന്റെ വേരുകൾ, അതിന്റെ ശിഖരങ്ങൾ, ഇലച്ചാർത്തുകൾ, അവിടെ ഇളവേൽക്കുന്ന മനുഷ്യസഞ്ചയം... അത് മറ്റൊരു ലോകമായിരുന്നു. അറിവും മനുഷ്യജീവിതവും കലയും ശാസ്ത്രവും സാഹിത്യവും ഭാഷകളും ഒഴുകിനിറയുന്ന മഹാസമുദ്രം. വലതുകേന്ദ്ര നയങ്ങൾ വിശ്വഭാരതിയിലും വിഷം ചേർത്തു. നൊബേൽ സമ്മാനജേതാവും വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനുമായ അമർത്യാ സെന്നിന് വീടൊഴിയാൻ സർവകലാശാല നൽകിയ നോട്ടീസ് "ഭരണകൂട ഭീകരത"യുടെ വർത്തമാന ഉദാഹരണമാണ്. ബാവുലുകൾ സദാ സഞ്ചരിക്കുന്ന, അന്തരീക്ഷമാകെ സൂഫി സംഗീതവും ബാവുൽ ഗാനവും അലയടിക്കുന്ന, ബംഗളാ കാവ്യങ്ങൾ ആലപിക്കുന്ന മരച്ചുവടുകളുള്ള, വഴിയോരങ്ങളിൽ ചിത്രശില്പങ്ങൾ വിൽക്കുന്ന ഗ്രാമീണർ കാത്തുനിൽക്കുന്ന, നാട്ടകങ്ങളിലെ കരകൗശല വസ്തുക്കൾ വിൽപനയ്ക്കുവച്ചിരിക്കുന്ന അന്തിച്ചന്തകളുള്ള, ശാസ്ത്രവും ഗണിതവും സാമൂഹ്യശാസ്ത്രവും സാമ്പത്തികശാസ്ത്രവും തർക്കിച്ചുറപ്പിക്കുന്ന രാപ്പകൽ തുറന്നിരിക്കുന്ന കഫറ്റീരിയകളുള്ള, ഉറങ്ങാത്ത ലൈബ്രറികളുള്ള ശാന്തിനികേതന്റെ നൂറ്റാണ്ട് പാരമ്പര്യത്തെയും വിജ്ഞാന ചരിത്രത്തെയുമാണ് തീവ്രവലതുപക്ഷം ഭയപ്പെടുന്നത്. ശാന്തിനികേതനിലേയ്ക്ക് ഹിന്ദുപരിവാർസൈന്യം പടനയിക്കുന്നതെപ്പോൾ എന്നേ ഭയപ്പെടേണ്ടതുള്ളൂ.

തൊള്ളായിരത്തി എൺപതുക ളിലാണ് കോട്ടയത്ത് ഗാന്ധിയൂ ണിവേഴ്സിറ്റി സ്ഥാപിക്കുന്നത്. കെ കരുണാകരനായിരുന്ന മുഖ്യമന്ത്രി. പിന്നീട് നയനാർ മുഖ്യമന്ത്രിയാ യപ്പോൾ പേര് മഹാത്മാഗാന്ധി സർവകലാശാല എന്നാക്കി. ഇന്ത്യ യിലെ പ്രശസ്ത വിദ്യഭ്യാസചിന്തക നും അധ്യാപകനും എഴുത്തുകാരനു മായ യു ആർ അനന്തമൂർത്തിയെ വൈസ് ചാൻസലറായി നിയമിച്ചു. അന്തർവൈജ്ഞാനിക പഠനം ലക്ഷ്യമിട്ട് സ്കൂളുകൾ സ്ഥാപിച്ചു. ഇന്ത്യയിലെ പ്രഗത്ഭരായ മലയാളി ശാസ്ത്ര–സാമൂഹ്യശാസ്ത്ര–സാഹിത്യ അധ്യാപകരെ വിവിധ കോളേ ജുകളിൽനിന്നും സർവകലാശാ ലകളിൽനിന്നും അനന്തമൂർത്തി കോട്ടയത്തേയ്ക്ക് ക്ഷണിച്ചു. ജി ശങ്ക രപ്പിള്ള സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ഡയറക്ടറായി, ഭാഷാ ശാസ്ത്രജ്ഞ നും വൈയാകരണനുമായ മൂസത്, പ്രൊഫ. ആർ നരേന്ദ്രപ്രസാദ്, ഡി. വിനയചന്ദ്രൻ, പി പി രവീന്ദ്രൻ, പി ബാലചന്ദ്രൻ, വി സി ഹാരിസ്. കെ എം കൃഷ്ണൻ... സാഹിത്യത്തി ലെ പ്രതിഭകൾ ലെറ്റേഴ്സിലെത്തി. രാജൻ ഗുരുക്കൾ, രാഘവവാര്യർ, മു രളീധരൻ, നിസാർ അഹമ്മദ്, സന ൽമോഹൻ, റാം മോഹൻ, രാജു, എ കെ രാമകൃഷ്ണൻ, കെ എം സീതി... സാമൂഹ്യശാസ്ത്ര ചരിത്ര അന്താരാ ഷ്ട്ര പഠനരംഗത്ത് അനന്തമൂർത്തി അണിനിരത്തിയ പ്രതിഭകളാണി ത്. നിയമനങ്ങളിൽ സർക്കാർ ഇടപെട്ടില്ല. ഇഷ്ടക്കാരെയോ സ്വ ജനങ്ങളെയോ നിയമിക്കണമെന്ന് കത്ത് കൊടുത്തില്ല. സ്കൂളുകൾ സ്ഥാപിക്കുന്നതിലും അതിലേയ്ക്ക് ഏറ്റവും മികച്ച അധ്യാപകരെ നിയ മിക്കുന്നതിനും സർവകലാശാലയ്ക്ക് സ്വാതന്ത്ര്യം നൽകി.

ചരിത്രവും സാമൂഹ്യശാസ്ത്രവും സാ ഹിത്യവും തിയേറ്ററും ചലച്ചിത്ര പഠനവും സമന്വയിക്കുന്ന അന്ത ർവൈജ്ഞാനിക പഠനകേന്ദ്രം അനന്തമൂർത്തിയുടെ സ്വപ്നമായിരു ന്നു. വലിയൊരു പാരമ്പര്യത്തിന്റെ തുടക്കമായി അത്. ശാസ്ത്രത്തിലും ചരിത്രത്തിലും സാഹിത്യത്തി ലും അന്താരാഷ്ട്ര പഠനത്തിലും തൊണ്ണൂറുകൾ മുതൽ മഹാത്മാഗാ

**കേരളത്തിലെ ഭരണ പ്രതിപ ക്ഷ കക്ഷികൾക്ക് ഒരുമിച്ച് കൈകോർക്കാവുന്ന, കോ ർക്കേണ്ട പ്രധാന സാമൂഹിക പ്രശ്നമായി ദേശീയവിദ്യാഭ്യാസ നയം മാറിയില്ല. ദേശീയ വിദ്യാ ഭ്യാസ നയത്തെക്കുറിച്ചുള്ള അജ്ഞതയും അവഗണന യും വലിയ രാഷ്ട്രീയ ദുരന്ത ത്തിന്റെ ആമുഖമാണെന്ന് കേരളത്തിലെ രാഷ്ട്രീയ പാർട്ടി കൾ തിരിച്ചറിയണം. ഇപ്പോൾ നിങ്ങൾ ആഘോഷിക്കുന്ന എല്ലാ വിവാദങ്ങളും അതിന് പിന്നിലേ വരൂ**

ന്ധി സർവകലാശാല നൽകിയ സംഭാവനകൾ ഈ പാരമ്പര്യ ത്തിന്റെ മികച്ച ഉദാഹരണമാണ്. നൊബേൽ സമ്മാന ജേതാക്കൾ, മികച്ച അധ്യാപകർ, അന്താരാഷ്ട്ര പ്രശസ്തരായ ശാസ്ത്രജ്ഞർ, ഡി പ്ലോമാറ്റുകൾ, ശാസ്ത്ര അധ്യാപകർ, അന്താരാഷ്ട്ര പ്രശസ്തരായ തിയേറ്റ ർ പ്രതിഭകൾ, മികച്ച എഴുത്തുകാർ, ചലച്ചിത്ര പ്രവർത്തകർ, മാധ്യമപ്ര വർത്തകർ, രാഷ്ട്രീയക്കാർ... കേരള ത്തിന്റെ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തെ ചരിത്രത്തിലെ വലിയ അക്കാദമിക ബൗദ്ധിക സാന്നി ധ്യമാണ് മഹാത്മാഗാന്ധി സർവ കലാശാല. അത് സാധ്യമായത് അക്കാദമിക സ്വാതന്ത്ര്യത്തിൽനി ന്നാണ്. രാഷ്ട്രീയമോ, പക്ഷപാതപ രമോ ആയ ഇടപെടലുകളില്ലാതെ സർവകലാശാലയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചതിന്റെ സാധ്യത. പിന്നീടത് തുടർന്നോ? തുടരാനാകുന്നുണ്ടോ എന്നത് പരി ശോധിക്കണം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന കാതലായ, ആഴത്തിലുള്ള മാറ്റങ്ങളെ മന സ്സിലാക്കാനോ അതിനൊപ്പം നിന്നുകൊണ്ടോ അല്ലാതെയോ വിമർശനം ഉന്നയിക്കാനോ തി രുത്താനോ ഉള്ള ശ്രമകരമായ ദൗത്യം ഏറ്റെടുക്കാൻ രാ ഷ്ട്രീയ–വിദ്യാർത്ഥി–മാധ്യമ പ്രവ ർത്തകർക്ക് കഴിയുന്നില്ല. കാരണം, അതിന് ആഴത്തിലുള്ള പഠനവും ചിന്തയും ആവശ്യമുണ്ട്. ദേശീ യവിദ്യാഭ്യാസനയത്തെക്കുറിച്ച് കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയോ, അവരുടെ വിവിധ വി ദ്യാർത്ഥി–അധ്യാപക- സർവീസ് സംഘടനകളോ എന്തെങ്കിലും പറ ഞ്ഞതായോ പരിപാടികൾ സംഘ ടിപ്പിച്ചതായോ കാണുന്നില്ല. അത്ത രം സാമൂഹികമായ ആശങ്കകൾ ഇല്ലെങ്കിൽ, വിദ്യാഭ്യാസത്തിന്റെ ഭാവിയെക്കുറിച്ച് ആകുലപ്പെടുന്നി ല്ലെങ്കിൽ നിങ്ങളുടെ രാഷ്ട്രീയവിദ്യാ ഭ്യാസത്തിൽ, അതിന്റെ പ്രായോ ഗികതയിൽ അക്കാദമിക സമൂഹം സംശയാലുക്കളായിരിക്കും.

ഇവിടെ, ഏറ്റവും എളുപ്പമുള്ള മാർഗം സാധാരണ വിവാദങ്ങളിലേയ്ക്ക് ചു രുങ്ങുക എന്നതാണ്. അതാണ് പ്ര തിപക്ഷം നിരന്തരം ചെയ്തുകൊണ്ടി രിക്കുന്നത്. കേരളത്തിലെ ഭരണ പ്രതിപക്ഷ കക്ഷികൾക്ക് ഒരുമിച്ച് കൈകോർക്കാവുന്ന, കോർക്കേണ്ട പ്രധാന സാമൂഹിക പ്രശ്നമായി ദേ ശീയവിദ്യാഭ്യാസ നയം മാറിയില്ല. ദേശീയ വിദ്യാഭ്യാസ നയത്തെക്കു റിച്ചുള്ള അജ്ഞതയും അവഗണന യും വലിയ രാഷ്ട്രീയ ദുരന്തത്തിന്റെ ആമുഖമാണെന്ന് കേരളത്തിലെ രാ ഷ്ട്രീയ പാർട്ടികൾ തിരിച്ചറിയണം. ഇപ്പോൾ നിങ്ങൾ ആഘോഷിക്കു ന്ന എല്ലാ വിവാദങ്ങളും അതിന് പിന്നിലേ വരൂ. അഥവാ ഇത്തരം വിവാദങ്ങൾക്ക് നിയമപരമായും സാങ്കേതികമായും പരിഹാരമുണ്ട്. എന്നാൽ ദേശീയവിദ്യാഭ്യാസ നയം സമൂഹത്തിൽ സൃഷ്ടിക്കുന്ന വിള്ളലുകൾക്കും പിളർപ്പുകൾക്കും മുറിവുകൾക്കും പരിഹാരമില്ല. ചരി ത്രത്തിൽ അതിന് വലിയ വില കൊടുക്കേണ്ടിവരും.

**ഡോ. ഹബീബ് സി.**
ഫാറൂഖ് കോളജ്, കോഴിക്കോട്

# കേരളത്തിലെ കാഴ്ചയില്ലാത്തവരുടെ വിദ്യാഭ്യാസ അവസരങ്ങളും തൊഴിലും അതിജീവനവും ഒരു ഹ്രസ്വ ചരിത്രവായന

കാഴ്ചയില്ലാത്തവരുടെ ചരിത്രം വിശകലനം ചെയ്യുമ്പോൾ ആ സമൂഹം വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയിരുന്നതായി ഈ മേഖലയിൽ പഠനം നടത്തിയ ഫാ.ഗബ്രിയേൽ അദ്ദേഹത്തിന്റെ Story of Blindness എന്ന പുസ്തകത്തിൽ വിവരിക്കുന്നു. അതിൽ പ്രധാനമായും ഉന്മൂലനം വഴിയും ദൈവികവത്കരണം വഴിയും അവരെ അന്യവത്കരണത്തിന് വിധേയമാക്കിയ സെപറേഷൻ സ്റ്റേജ് അഥവാ വേറിട്ട് നിർത്തുന്ന ഘട്ടം,യാചനയ്ക്ക് അവകാശവും അംഗീകാരവും നൽകിയിരുന്ന ചാരിറ്റി സ്റ്റേജ് അഥവാ വാട്സ് സ്റ്റേജ് അല്ലെങ്കിൽ ഔദാര്യഘട്ടം, വിവിധ സാധ്യതകൾ വഴി വിമോചനത്തിനു വേണ്ടി ശ്രമങ്ങൾ നടന്നിരുന്ന Emancipatory stage അഥവാ വിമോചന ഘട്ടം, ഒടുക്കം അവകാശാധിഷ്ഠിതമായ പരിഗണനകൾ സമൂഹം നൽകിയിരുന്ന അവകാശ ഘട്ടം അഥവാ റൈറ്റ് ബേസ്ഡ് സ്റ്റേജ് എന്നിവയാണ് അദ്ദേഹം തിരിച്ചറിഞ്ഞിട്ടുള്ള ഘട്ടങ്ങൾ.കാഴ്ചയില്ലാത്തവരുടെ സാംസ്കാരിക സാമൂഹിക അസ്തിത്വം നിർണ്ണയിക്കുന്നതിൽ (പൊതുവിൽ മറ്റ് ഭിന്നശേഷിക്കാരുടെ സാംസ്കാരിക സാമൂഹിക അസ്തിത്വം നിർണ്ണയിക്കുന്നതിലും) സവിശേഷമായ പങ്ക് വഹിച്ചത് ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളായിരുന്നു. പൊതുവിൽ വിധിയുടെ വൈപരീത്യം എന്ന നിലയ്ക്ക് ശാരീരിക ഭിന്നതയുള്ളവരായിത്തീർന്ന അഥവാ ഡിസേബിൾഡായിത്തീർന്ന ആളുകളെ വെറും സഹതാപത്തോടു കൂടെ മാത്രം നോക്കിക്കണ്ടിരുന്ന ഒരു സമൂഹമാണ് ഉണ്ടായിരുന്നത്. ശാരീരിക ഭിന്നതയുള്ളവർക്ക് ഔദാര്യമായി ചില അടിസ്ഥാന സൗകര്യങ്ങളും അംഗീകാരങ്ങളും അവകാശങ്ങളും നൽകിയിരുന്നുവെങ്കിലും പൊതുവിൽ പൂർണ്ണശരീരമുള്ളവരായി അംഗീകരിക്കപ്പെട്ട ധാരാളം പേർ യുദ്ധാനന്തരം ശാരീരിക ഭിന്നതയുള്ളവരായി ത്തീർന്നപ്പോൾ അത്തരക്കാരോട് രാഷ്ട്രങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള ബാധ്യതയുള്ള അവസ്ഥ സംജാതമായി.അതുകൊണ്ടുതന്നെ അവരുടെ പുനരധിവാസത്തിന് വേണ്ടി ചില പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും അവരുടെ പരിരക്ഷണത്തിനു വേണ്ടി നിയമങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ രൂപീകരിക്കുന്നതിനും ഇത്തരം രാഷ്ട്രങ്ങൾ തയ്യാറായി.ഈ ഘട്ടത്തിലാണ് ശാരീരിക ഭിന്നതയുള്ളവർക്ക് വിശേഷിച്ച് കാഴ്ചയില്ലാത്തവർക്ക്

അനുകൂലമായ ഒട്ടേറെ നടപടികൾ വികസിത വികസ്വര രാജ്യങ്ങളിൽ കൈക്കൊണ്ടത്.

ഇതുപോലെ തന്നെ പ്രസക്തമായ ഒന്നാണ് 1950 കളോട് കൂടി ലോകത്തിൽ ശാരീരിക ഭിന്നതയുള്ള ജനവിഭാഗങ്ങൾ അവർക്ക് വേണ്ടി പ്രവർത്തിക്കുന്നതിനും ശബ്ദിക്കുന്നതിനും പ്രസ്ഥാനങ്ങൾ ആരംഭിച്ച കാലഘട്ടം. ഔദാര്യമായി ഭരണകൂടങ്ങൾ വച്ചു നീട്ടുന്ന ആനുകൂല്യങ്ങൾ കൊണ്ട് പൂർണ്ണമായി തൃപ്തിപ്പെടുക സാധ്യമല്ലെന്ന് തിരിച്ചറിഞ്ഞ ഇക്കൂട്ടർ തങ്ങളുടെ പരമാധികാരത്തെ സ്ഥാപിച്ചെടുക്കുന്നതിനും അവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അവകാശങ്ങൾ വാങ്ങിയെടുക്കുന്നതിനും ശക്തമായ കൂട്ടായ്മകൾ വേണം എന്ന് തിരിച്ചറിയുകയും അമേരിക്കയിൽ നാഷണൽ ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളിലെ പ്രസ്ഥാനങ്ങളും സമാനമായി വികസ്വര രാജ്യങ്ങളിൽ ഉള്ള പ്രസ്ഥാനങ്ങളും വളർന്നു വരുന്ന ഒരവസ്ഥയുണ്ടായി. ഇങ്ങനെ വളർന്നു വന്ന പ്രസ്ഥാനങ്ങളിൽ ശ്രദ്ധേയമായത് കാഴ്ചയില്ലാത്തവർക്ക് വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ആയിരുന്നു.ലോകത്തിൽ തന്നെ ശാരീരിക ഭിന്നതയുള്ള വിഭാഗങ്ങൾക്കിടയിൽ ആഗോളതലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒക്കെ ഏറ്റവും ആസൂത്രിതമായ സംവിധാനങ്ങൾ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കാഴ്ചയില്ലാത്തവർക്ക് ഇടയിലാണ്.ആ അർത്ഥത്തിൽ ഇന്ത്യയിൽ കാഴ്ചയില്ലാത്തവരുടെ ഒരു കൂട്ടായ്മ ശക്തമായി രൂപപ്പെട്ടത് 1967 സെപ്റ്റംബർ 11ന് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് രൂപപ്പെട്ടപ്പോഴായിരുന്നു.

ജ്ഞാനവിനിമയവും ജ്ഞാനനിർമ്മിതിയും ഏതൊരു പാർശ്വവത്കൃത സമൂഹത്തിന്റെയും വളർച്ചയിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. പല പാർശ്വവത്കൃത ജനവിഭാഗങ്ങളും ജ്ഞാനനിർമ്മിതിയും ജ്ഞാനവിനിമയവും തൊഴിലും അതിജീവനവും സാധ്യമാക്കിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളും സംവിധാനങ്ങളും സ്ഥാപിച്ചതിലൂടെയും അതുവഴിയുണ്ടാക്കിയ ചെറുത്തുനിൽപ്പിലൂടെയുമായിരുന്നു."വിദ്യ കൊണ്ട് പ്രബുദ്ധരാവുക,സംഘടന കൊണ്ട് ശക്തരാവുക" എന്ന് ശ്രീനാരായണഗുരു പറഞ്ഞത് ഈ അർത്ഥത്തിൽത്തന്നെ ആയിരുന്നല്ലോ.ഇതേ സാധ്യത തന്നെയാണ് കേരളത്തിലെ കാഴ്ചയില്ലാത്തവരുടെ വിദ്യാഭ്യാസ-തൊഴിൽ അതിജീവനത്തിന്റെ പശ്ചാത്തലത്തിലും അനുവർത്തിച്ചത്.പരമാധികാരത്തോടു കൂടി തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തെ ബോധവത്കരിക്കുന്നതിനും കാലാ കാലങ്ങളിൽ അവർക്ക് വേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും മേടിച്ചെടുക്കുന്നതിനും കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് എന്ന കാഴ്ചയില്ലാത്തവരുടെ കേരളത്തിലെ സംഘടന സഹായിച്ചു.

**പല പാർശ്വവത്കൃത ജനവിഭാഗങ്ങളും ജ്ഞാനനിർമ്മിതിയും ജ്ഞാനവിനിമയവും തൊഴിലും അതിജീവനവും സാധ്യമാക്കിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളും സംവിധാനങ്ങളും സ്ഥാപിച്ചതിലൂടെയും അതുവഴിയുണ്ടാക്കിയ ചെറുത്തുനിൽപ്പിലൂടെയുമായിരുന്നു**

## 1967 ന് മുൻപുള്ള വിദ്യാഭ്യാസ സാഹചര്യം

1967 ൽ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് രൂപം കൊണ്ട ശേഷം 1969 ൽ ആണ് ആദ്യമായി ശക്തമായ സമരം സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയത്.ഈ സമരത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് അന്ന് കാഴ്ചയില്ലാത്തവർക്കുണ്ടായിരുന്ന പരിമിതമായ തൊഴിലവസരങ്ങൾ നൽകിയിരുന്ന ബ്ലൈൻഡ് സ്കൂളുകളിലെ തൊഴിലവസരങ്ങളിൽ 25%കാഴ്ചയില്ലാത്തവർക്കായി സംവരണം ചെയ്യണം എന്നുള്ളതായിരുന്നു.മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് അക്കാലത്ത് സ്ഥാപിക്കപ്പെട്ട ബ്ലൈൻഡ് സ്കൂളുകളിൽ ഈ അവകാശം നൽകിയിരുന്നു. എന്നാൽ പിൽക്കാലത്ത് കേരള ഗവൺമെന്റ് ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തപ്പോൾ ഇത് അംഗീകരിക്കപ്പെടാതെ പോയ പശ്ചാത്തലത്തിലാണ് പ്രധാനമായും ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് പത്ത് ദിവസത്തോളം നീണ്ടു നിൽക്കുന്ന സത്യാഗ്രഹത്തിലേയ്ക്ക് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ അന്നത്തെ പ്രവർത്തകർ പോയത്. ഇതിന്റെ തുടർച്ച എന്ന നിലയിൽ പിൽക്കാലത്ത് അഞ്ചോളം കാഴ്ചയില്ലാത്ത വ്യക്തികൾക്ക് അറ്റാച്ച്മെന്റ് കോഴ്സ് എന്നൊരു പ്രത്യേക കോഴ്സ് പൂർത്തിയാക്കിയതിന് ശേഷം കേരളത്തിലെ ഗവൺമെന്റ് അന്ധവിദ്യാലയങ്ങളിൽ ജോലി നൽകിയിരുന്നു.

1967 ൽ കെഎ എഫ് ബി രൂപീകരിക്കുന്ന കാലത്ത് കേരളത്തിലെ കാഴ്ചയില്ലാത്തവർക്ക് ഹൈസ്കൂളിൽ പഠിക്കുന്നതിനുള്ള സ്വതന്ത്രസംവിധാനം ഇല്ലായിരുന്നു.ഏഴാം ക്ലാസ് സ്പെഷ്യൽ സ്കൂളിൽ നിന്ന് പൂർത്തിയാക്കുന്ന കാഴ്ചയില്ലാത്തവർ തിരുവനന്തപുരത്ത് വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചു കൊണ്ട് ഞാൻ ഏഴാം ക്ലാസ് പൂർത്തിയാക്കിയിട്ടുണ്ട് അതുകൊണ്ട് എട്ടാം ക്ലാസിൽ ഒരു പൊതുവിദ്യാലയത്തിൽ പഠിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന ഉത്തരവിനുള്ള അപേക്ഷ സമർപ്പിക്കുകയും ഇത്തരുണത്തിൽ നൽകുന്ന അപേക്ഷ ഗവൺമെന്റ് അംഗീകരിച്ചു ഓർഡർ നൽകുന്ന പക്ഷം ഹൈസ്കൂളിൽ പഠിക്കാനുള്ള സാധ്യത മാത്രമാണ് ലഭ്യമായിരുന്നത്.പിൽക്കാലത്ത് കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ ഇടപെടലിനെ തുടർന്നാണ് ബ്ലൈൻഡ് സ്കൂളുകളിൽ

പഠനം പൂർത്തിയാക്കിയവർക്ക് ഹൈസ്കൂളിൽ തുടർന്ന് പഠിക്കുന്ന തിനും ഹൈസ്കൂൾ വിദ്യാഭ്യാസം ആവശ്യമുള്ള കാഴ്ചയില്ലാത്ത ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും അതത് ബ്ലൈൻഡ് സ്കൂളുകളുടെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന തിനുമുള്ള അവസരം ലഭിക്കുകയും ഇതിനുവേണ്ട സൗകര്യങ്ങൾ ഗവൺമെന്റ് പ്രദാനം ചെയ്യുകയും ചെയ്തത്.

1960 കളിലെ ഏറെ പ്രസക്തമായ ഒരനുഭവം ഇവിടെ വിവരിക്കുകയാ ണ്.കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ സ്ഥാപകാംഗങ്ങ ളിൽ പ്രധാനിയായിരുന്ന പിൽ ക്കാലത്ത് സംസ്ഥാന പ്രസിഡന്റും കേരള സ്കൂൾ ഫോർ ദ് ബ്ലൈൻഡ് മങ്കടയിൽ അദ്ധ്യാപകനുമായിരുന്ന ഒരു പക്ഷേ പൂർണമായും കേരള ത്തിൽ വിദ്യ അഭ്യസിച്ച ആദ്യമാ യി പിജി പൂർത്തിയാക്കിയ പി.വാ സു മാസ്റ്റർ അദ്ദേഹത്തിന്റെ എസ് എസ് എൽ സി പഠനം പൂർത്തി യാക്കി പ്രീഡിഗ്രി പഠനത്തിനായി തൃശ്ശൂർ സെന്റ്. തോമസ് കോളേ ജിൽ ചെല്ലുകയുണ്ടായി.അവിടെയു ള്ള അന്നത്തെ പ്രിൻസിപ്പലും മറ്റ് അദ്ധ്യാപകരും അദ്ദേഹത്തെ കണ്ട് സംസാരിച്ച ശേഷം കാഴ്ചയില്ലാ ത്ത ഒരാൾക്ക് ഇവിടെ പഠിക്കുക സാധ്യമല്ല എന്ന് പറഞ്ഞു അദ്ദേ ഹത്തെ തിരിച്ചയയ്ക്കുകയായിരുന്നു. അദ്ദേഹവുമായി 'ഐ വേഴ്സസ് ഐ' എന്ന ഒരു പ്രസിദ്ധീകരണത്തിനു വേണ്ടി ഞാൻ നടത്തിയ ഒരു അഭിമുഖത്തിൽ അദ്ദേഹം ഈ അനുഭവം വിവരിക്കുന്നുണ്ട്.തുടർന്ന് അവിടെ നിന്ന് ആകസ്മികമായി കണ്ട ഒരു കൂട്ടുകാരന്റെ സഹായ ത്തോടെ കേരള വർമ്മ കോളജിൽ എത്തിയ അദ്ദേഹത്തോട് അവി ടുത്തെ പ്രിൻസിപ്പൽ വർമ്മ സാർ അല്പനേരം കാത്തിരിക്കാൻ ആവ ശ്യപ്പെട്ടു.അവിടെ മുൻപ് കാഴ്ചയി ല്ലാത്ത ഒരു സുഹൃത്തിനോടൊപ്പം പഠിച്ചിരുന്ന ഒരു അദ്ധ്യാപകൻ ജോലി ചെയ്തിരുന്നത് കൊണ്ട് അദ്ദേഹം നൽകിയ വിവരം അനുസരിച്ച് അദ്ദേഹത്തിന് പ്രീ ഡിഗ്രിയ്ക്ക് അഡ്മിഷൻ നൽകുകയും ചെയ്തുവത്രേ.അവിടെനിന്ന് തന്നെ

**പ്രീഡിഗ്രിയും ഡിഗ്രിയും പിജിയും നല്ല മാർക്കിൽ പാസായി ഗവേഷണം വരെ തുടങ്ങി വച്ച ഒരാൾക്ക് അക്കാലത്ത് അദ്ധ്യാപകപരിശീലനത്തിന് യോഗ്യതയില്ല എന്ന് പറയുന്ന വിധം നമ്മുടെ സമൂഹത്തിന്റെ നിയമങ്ങളും ചട്ടങ്ങളും കാഴ്ചയില്ലാത്തവർക്ക് വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിരുന്നത്.**

ഡിഗ്രി പൂർത്തിയാക്കിയ അദ്ദേഹം തിരുവനന്തപുരത്ത് പോയി പിജി പൂർത്തിയാക്കുകയും "അരബിന്ദോ യുടെ കവിതകളിലെ മായ" എന്ന വിഷയത്തിൽ ഗവേഷണം ആരം ഭിക്കുകയും ചെയ്തു.എന്നാൽ കൃത്യ സമയത്തു സ്കോളർഷിപ്പ് നൽകാ ത്തത് കൊണ്ട് അദ്ദേഹത്തിന് അത് പൂർത്തിയാക്കാൻ കഴിയാതെ പാതിവഴിയിൽ വിട്ടുപോരികയുമാ ണ് ചെയ്തത്. ബിഎഡ് പഠിക്കുന്ന തിന് വേണ്ടി മൂത്തകുന്നം ട്രെയ്നിങ് കോളജിലെ പ്രിൻസിപ്പൽ ആയ സുകുമാർ അഴീക്കോടിനെ സമീപി ച്ചപ്പോൾ നിലവിൽ ഈ കോഴ്സ് കാ ഴ്ചയില്ലാത്തവർക്ക് അനുവദനീയമല്ല എന്ന് ഈ കോഴ്സിന്റെ പ്രോസ്പെ ക്ടസിൽ എഴുതി വച്ചിട്ടുണ്ടെന്നും അതുകൊണ്ട് അഡ്മിഷൻ തരാൻ നിർവാഹമില്ല എന്നും യൂണിവേഴ്സി റ്റിയെ സമീപിച്ച സ്പെഷ്യൽ ഓർ ഡർ വാങ്ങുന്ന പക്ഷം അഡ്മിഷൻ നൽകുന്ന കാര്യം പരിഗണിക്കാ മെന്നുമായിരുന്നുവത്രേ അദ്ദേഹം പറഞ്ഞത്.അനുയോജ്യനായ ഒരു സഹായിയെ കണ്ടെത്തി യൂണി വേഴ്സിറ്റിയിൽ പോയി സ്പെഷ്യൽ ഓർഡർ വാങ്ങാനുള്ള സാധ്യത അന്ന് അദ്ദേഹത്തിന് ഇല്ലാത്തത് കൊണ്ട് അദ്ദേഹം ബിഎഡ് ഉപേ ക്ഷിച്ച് കൊണ്ട് കാഴ്ചയില്ലാത്തവർ ക്ക് പ്രത്യേക പരിശീലനം നൽകി യിരുന്ന ഡെറാഡൂണിൽ പോയി കൈത്തൊഴിൽ പഠിക്കാൻ ശ്രമിച്ച അനുഭവം ആണ് പങ്കുവച്ചത്. പ്രീഡിഗ്രിയും ഡിഗ്രിയും പിജിയും നല്ല മാർക്കിൽ പാസായി ഗവേഷ ണം വരെ തുടങ്ങി വച്ച ഒരാൾക്ക് അക്കാലത്ത് അദ്ധ്യാപകപരിശീല നത്തിന് യോഗ്യതയില്ല എന്ന് പറ യുന്ന വിധം നമ്മുടെ സമൂഹത്തിന്റെ നിയമങ്ങളും ചട്ടങ്ങളും കാഴ്ചയില്ലാ ത്തവർക്ക് വിരുദ്ധമായ നിലപാ ടാണ് സ്വീകരിച്ചിരുന്നത്.ഇവിടെ വേണം നമുക്ക് പിൽക്കാലത്ത് കാ ഴ്ചയില്ലാത്ത സമൂഹം നേടിയെടുത്ത മാറ്റങ്ങളെക്കുറിച്ച് വിലയിരുത്താൻ. പടിപടിയായി കാഴ്ചയില്ലാത്തവരു ടെ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നുതുടങ്ങി.സാധാരണ സ്കൂളുക ളിൽ, ഇൻക്ലൂസീവ് സ്കൂളുകളിൽ അവർക്ക് അഡ്മിഷൻ നൽകുന്നതി നുള്ള സാഹചര്യങ്ങൾ അന്താരാഷ്ട്ര തലത്തിലും, ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒക്കെ രൂപപ്പെട്ട വിവിധ സംവിധാനങ്ങ ളുടെ ഭാഗമായി മുന്നോട്ട് വന്നു.1980 കളുടെ ആദ്യ ഘട്ടത്തിൽ കാഴ്ചയി ല്ലാത്തവർക്ക് ബ്രെയ്ൽ പുസ്തകം അച്ചടിക്കുന്നതിന് വേണ്ടി ശ്രീ കാർത്തിക തിരുനാൾ ഷഷ്ട്യബ്ദി പൂർത്തി സ്മാരക ബ്രെയ്ൽ പ്രസ് എന്ന പേരിൽ ഗവൺമെന്റ് സഹാ യത്തോടെ തിരുവനന്തപുരത്ത് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഒരു ബ്രെയ്ൽ പ്രസ് ആരംഭിച്ചു.അതുവരെ പരിമിതമായ അർത്ഥത്തിൽ പകർത്തിയെഴുതി മാത്രം ബ്രെയ്ൽ വായിച്ചിരുന്ന കാഴ്ചയില്ലാത്തവർക്ക് ആ ബ്രെയ്ൽ പ്രസ് പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് വലിയ ഒരു വാതായനം തുറന്നു കൊടുത്തു. അതിനെത്തുടർന്നാണ് പ്രീഡിഗ്രി ഡിഗ്രി പഠനങ്ങൾക്കുള്ള ഹോസ്റ്റൽ സംവിധാനം വികസിപ്പിച്ചെടുക്കുന്ന തിനു വേണ്ടി അഥവാ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന തിന് വേണ്ടി കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഇടപെടലുകൾ നടത്തിയത്.അങ്ങനെ ബുക്കുമണി യും പ്രത്യേക വായനാസഹായി വച്ച് വായിക്കുന്നതിനുള്ള റീഡേഴ്സ്

**തൊഴിൽ സംബന്ധിച്ച കാഴ്ചയില്ലാത്തവരുടെ ഏറെ പ്രധാനപ്പെട്ട സമരങ്ങളിൽ ഒന്നാണ് ബിഎഡിനും ടിടിസിക്കും അവസരം ലഭിക്കുന്നതിന് വേണ്ടി നടത്തിയിട്ടുള്ള സമരങ്ങൾ.**

അലവൻസും പിൽക്കാലത്ത് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനുള്ള ഹോസ്റ്റൽ ഗ്രാന്റും കാഴ്ചയില്ലാത്തവർക്ക് ലഭിച്ചു തുടങ്ങി.ഇത് കാഴ്ചയില്ലാത്തവരുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റം കൊണ്ടുവന്നു.പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കാഴ്ചയില്ലാത്തവർക്ക് ഹോസ്റ്റൽ സംവിധാനവും അദ്ധ്യാപക അനദ്ധ്യാപക നിയമനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കുകയും ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളായി ഏതാണ്ട് 12 വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.ഇതോടുകൂടി അടിസ്ഥാന വിദ്യാഭ്യാസത്തിലും ഉന്നതവിദ്യാഭ്യാസത്തിലും കാഴ്ചയില്ലാത്തവർക്ക് ശക്തമായ ഇടം കേരളത്തിൽ സാധ്യമായി.ഇതോടൊപ്പം തന്നെ 1990 ന് ശേഷം എല്ലാ വിദ്യാലയങ്ങളിലും കാഴ്ചയില്ലാത്ത വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള അവസരം നിയമം മൂലം സാധ്യമായി.

1969 ൽ അന്നത്തെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ ജനറൽ സെക്രട്ടറിയും ലയോള കോളജിലെ സോഷ്യോളജി അദ്ധ്യാപകനുമായിരുന്ന ജോർജ്കുട്ടി കാരേപ്പറമ്പിൽ അദ്ദേഹത്തിന്റെ എംഎ ഡിസർട്ടേഷന്റെ ഭാഗമായി കേരള കാഴ്ചയില്ലാത്ത ജീവനക്കാരുടെ, തൊഴിലെടുക്കുന്ന വ്യക്തികളുടെ സർവേ നടത്തിയപ്പോൾ വെറും 12 പേർക്കാണ് അന്ന് ഔദ്യോഗികമായി തൊഴിലുണ്ടായിരുന്നത് എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ അതിനു ശേഷം വിവിധ കാലഘട്ടങ്ങളിൽ കാഴ്ചയില്ലാത്ത സമൂഹം നടത്തിയ സമരങ്ങളും ഇടപെടലുകളും മൂലമാണ് കാഴ്ചയില്ലാത്തവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമായത്.ഈ തൊഴിൽ ലഭ്യതയ്ക്ക് വേണ്ടി പ്രത്യേക പ്ലേസ്മെന്റ് സെൽ തന്നെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് രൂപീകരിച്ചിരുന്നു.ആദ്യകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും സന്ദർശിച്ചു കൊണ്ട് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ പ്രതിനിധികളും പ്ലേസ്മെന്റ് ഓഫീസറും അവിടെയുള്ള ജീവനക്കാരെ,അധികാരികളെ കാഴ്ചയില്ലാത്തവർക്ക് ഉള്ള തൊഴിലവസരങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെപ്പേർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുകയും ചെയ്തു.1980 കളിൽ ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടികളുടെ ഭാഗമായി ഒരുപാട് പേർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം നിലവിൽ വന്നെങ്കിലും അതിന്റെ പൂർണ്ണമായ ഗുണഫലം എല്ലാവർക്കും ലഭിച്ചില്ല.1978 ൽ ഓമനക്കുഞ്ഞമ്മ കമ്മീഷൻ എന്ന പേരിൽ കാഴ്ചയില്ലാത്തവരുടെ കേരളത്തിലെ അവസ്ഥ എന്താണെന്ന് പഠിക്കുന്നതിന് വേണ്ടി ഒരു ഏകാംഗകമ്മീഷനെ ഗവൺമെന്റ് നിയമിച്ചു.പ്രധാനമായും കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ സമ്മർദ്ദത്തെ തുടർന്നാണ് ഈ കമ്മീഷനെ നിയമിച്ചത്.1980 കളുടെ മധ്യത്തിൽ പ്രസ്തുത കമ്മീഷന്റെ തൊഴിലുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന നിഗമനങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ശക്തമായി ഇടപെടുകയും ഇന്ത്യയിൽ തന്നെ ആദ്യമായി വിവിധ ഭിന്നശേഷിക്കാരായ ആളുകൾക്ക് നൂറ് വീതം തസ്തികകൾ സംവരണം ചെയ്യുന്നതിന് അന്നത്തെ ഭരണകൂടം തീരുമാനിക്കുകയും അത് പടിപടിയായി നടപ്പിലാക്കുകയും ചെയ്തു.1995 ൽ ഭിന്നശേഷി അവകാശ നിയമം (Rights of Persons with Disabilities Act, 2016) ശാരീരിക ഭിന്നതയുള്ളവരുടെ മാഗ്നാ കാർട്ട എന്ന് വിശേഷിപ്പിക്കപ്പെട്ട ഭിന്നശേഷി നിയമം നടപ്പിലായതിന് ശേഷമാണ് ദേശീയ തലത്തിൽ സംവരണം എന്ന തത്വം കൃത്യമായി നടപ്പിലായത്.ഈ നിയമം തന്നെ നടപ്പിലാക്കുന്നത് ഏതാണ്ട് രണ്ട് ദശാബ്ദം നീണ്ടു നിന്ന ഇന്ത്യയിലെ കാഴ്ചയില്ലാത്തവരുടെ ഐതിഹാസികമായ സമരം മൂലമാണ്.

തൊഴിൽ സംബന്ധിച്ച കാഴ്ചയില്ലാത്തവരുടെ ഏറെ പ്രധാനപ്പെട്ട സമരങ്ങളിൽ ഒന്നാണ് ബിഎഡിനും ടിടിസിക്കും അവസരം ലഭിക്കുന്നതിന് വേണ്ടി നടത്തിയിട്ടുള്ള സമരങ്ങൾ.ആദ്യകാലത്ത് നേരത്തെ സൂചിപ്പിച്ചത് പോലെ ബിഎഡ്, ടിടിസി പോലുള്ള കോഴ്സുകളുടെ പ്രോസ്പെറ്റസിൽ കാഴ്ചയില്ലാത്തവർക്ക് ഇത്തരം കോഴ്സുകൾ അനുവദനീയമല്ല എന്ന് കൃത്യമായി എഴുതി വച്ചിരുന്നു.ആദ്യമായി കാലിക്കറ്റ് സർവ്വകലാശാലയാണ് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് നടത്തിയ സമരവും ഇടപെടലുകളും പരിഗണിച്ച് കാഴ്ചയില്ലാത്തവർക്ക് ബിഎഡിന് അനുവാദം നൽകിയത്.ഏതാണ്ട് 1999-2000 കാലഘട്ടത്തിൽ ആണ് മഹാത്മാഗാന്ധി സർവ്വകലാശാല ഈ അവസരം നൽകുന്നത്.അതും കഴിഞ്ഞാണ് ടിടിസി പഠനത്തിനുള്ള ഔദ്യോഗികമായ അവസരം കാഴ്ചയില്ലാത്തവർക്ക് നൽകുന്നത്.ഇതിന് മുമ്പ് പരിമിതമായ അർത്ഥത്തിൽ ചിലരെങ്കിലും അതത് സ്ഥാപനങ്ങളുടെയോ മറ്റ് ഭരണകൂടത്തിന്റെയോ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്പെഷ്യൽ ഓർഡറുകൾ വാങ്ങി ഇത്തരം കോഴ്സുകൾ പഠിച്ചിട്ടുണ്ടായിരുന്നു.എന്നാൽ 1990 കൾക്ക് ശേഷം ബിഎഡിനും അതിനെ തുടർന്ന് ടിടിസിയ്ക്കും അവസരം ലഭിച്ച ശേഷമാണ് കേരളത്തിൽ

കാഴ്ചയില്ലാത്തവരുടെ തൊഴിൽ രംഗത്ത് വിസ്ഫോടനാത്മകമായ മാറ്റം സാധ്യമായത്.കേരളത്തിലെ കാഴ്ചയില്ലാത്തവരുടെ തൊഴിൽവിഭവശേഷിയിൽ 70%ൽ അധികവും അദ്ധ്യാപകമേഖലയിലാണ് എന്നത് ശ്രദ്ധേയമാണ്.1995 ലെ PWD act ന് ശേഷം ഗവൺമെന്റ് മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശം ഔദ്യോഗികമായി,ഒരവകാശമായി പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും കേരളത്തിൽ പലയിടങ്ങളിലും ഇത് നടപ്പിലാക്കിയിരുന്നില്ല.2000-2005 കാലഘട്ടങ്ങളിൽ ഈ നിയമനങ്ങൾ ജില്ലാ കളക്ടേറ്റ് വഴിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രോസസ് വഴിയായിരുന്നു നടപ്പിലാക്കേണ്ടിയിരുന്നതെങ്കിലും ഈ നിയമനങ്ങളിൽ പലതും അതത് പ്രദേശങ്ങളിൽ കെഎഫ്ബി നടത്തിയ ആഴ്ചകളോളം നീണ്ടുനിന്ന സമരങ്ങൾ വഴിയാണ് സാധ്യമായത്.പലപ്പോഴും അവസരോചിതമായി ഇത്തരം തൊഴിലവസരങ്ങൾ നൽകുന്നതിന് വിമുഖത കാണിച്ച ഭരണകൂടങ്ങളോട് കൃത്യമായ, പ്രഖ്യാപിതമായ സമരം വഴി തങ്ങളുടെ അവകാശങ്ങൾ പിടിച്ചു വാങ്ങുന്ന ഒരു രീതിയായിരുന്നു കാഴ്ചയില്ലാത്തവർ അക്കാലത്ത് പ്രദർശിപ്പിച്ചത്.പിൽക്കാലത്ത് ഇത്തരം നിയമനങ്ങൾ പിഎസ്സി യ്ക്ക് വിട്ട ശേഷം ഒരു പാട് ബാക് ലോഗ് കാഴ്ചയില്ലാത്തവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് നൽകുന്നതിന് വേണ്ടി ഉണ്ടായിരുന്നു.ഈ മേഖലയിലും ഐതിഹാസികമായ സമരവും അതിനോടൊപ്പം നിയമപരമായ പോരാട്ടവും കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡും സമാനമായ പ്രസ്ഥാനങ്ങളും നടത്തിയിരുന്നു.അങ്ങനെയാണ് 2011-16 കാലഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഭിന്നശേഷിക്കാർക്ക് ബാക് ലോഗ് നികത്തുന്നതിന് വേണ്ടിയുള്ള നിയമനപ്രക്രിയ ആരംഭിക്കുന്നതിനായി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്.

**ഇന്ന് വിദ്യാഭ്യാസ തൊഴിൽ രംഗത്തെ കാഴ്ചയില്ലാത്തവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യത്തെയും അവരുടെ വിഭവശേഷിയെയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒട്ടേറെ പ്രസക്തമായ നിർദ്ദേശങ്ങൾ RPD Act ഉം UNCRPD യും ഉൾപ്പെടെയുള്ള നിയമങ്ങൾ മുന്നോട്ടു വയ്ക്കുന്നു.**

## സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ

ഗവൺമെന്റ് മേഖലയിൽ മാത്രം നിലനിന്നിരുന്ന തൊഴിലവസരങ്ങൾ ഗവൺമെന്റ് സഹായത്തോടു കൂടി പ്രവർത്തിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളിലും വേണമെന്ന ചർച്ച ഉയർന്നു വന്നത് 2016 ൽ RPD Act നിലവിൽ വന്ന ശേഷമാണ്. RPD ACT ൽ വിദ്യാഭ്യാസ തൊഴിൽ സംവരണങ്ങൾ സ്വകാര്യ പൊതു മേഖലകളിൽ ഒരുപോലെ നൽകണമെന്ന ധാരണ മുന്നോട്ടു വയ്ക്കുകയും പിൽക്കാലത്ത് അത് കൂടുതൽ ശക്തമായി ചർച്ചാവിധേയമാകുന്ന ഒരവസരം രൂപപ്പെടുകയും ചെയ്തു. ഇതെല്ലാം പരിഗണിച്ചാണ് കേരള ഗവൺമെന്റ് 2018 ൽ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാഴ്ചയില്ലാത്തവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് 4% തൊഴിൽ സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്.എന്നാൽ സാങ്കേതികമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനപ്പുറത്ത് കൃത്യമായ മാർഗ്ഗരേഖയോ തുടർപ്രവർത്തനങ്ങളോ ഈ മേഖലയിൽ ഗവൺമെന്റിന്റെ പക്ഷത്ത് നിന്ന് ആദ്യ ഘട്ടത്തിൽ ഉണ്ടായില്ല.തുടർന്ന് ഇത്തരം നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് വേണ്ടി മാനേജ്മെന്റ് കൺസോർഷ്യം ഹൈക്കോടതി സിംഗിൾ ബെഞ്ചിനെയും ഡിവിഷൻ ബെഞ്ചിനെയും സുപ്രീം കോടതിയെയും സമീപിച്ചപ്പോൾ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഉൾപ്പെടെയുള്ള ഈ മേഖലയിലെ നിരവധി പ്രസ്ഥാനങ്ങളുടെ ശക്തമായ ചെറുത്തുനിൽപ്പിന്റെ കൂടി ഫലമായിട്ടാണ് ഈ അവകാശം ഇന്ന് നേടിയെടുക്കാൻ കഴിഞ്ഞത്.ഉന്നത വിദ്യാഭ്യാസ മേഖലയിൽ കെ എഫ് ബി ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളുടെ സമയോചിതമായ ഇടപെടലിനെ തുടർന്ന് കൃത്യവും സമയബന്ധിതവുമായ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചുകൊണ്ടുള്ള രണ്ട് ഓർഡറുകൾ 2021 ജനവരിയിലും 2022 മേയിലും ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുകയുണ്ടായി.എന്നാൽ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് പല അവ്യക്തതകളും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.ഹൈക്കോടതിയിൽ വിവിധ ഘട്ടങ്ങളിലുള്ള കേസിൽ പ്രധാനമായും അവകാശം നിഷേധിക്കപ്പെട്ടവർക്ക് വേണ്ടി പ്രവർത്തിച്ചിരുന്നത് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ആയിരുന്നു.ഇന്ന് കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്.കൃത്യമായി ഈ അവകാശം അർഹരായ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നതിന് വേണ്ടി കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഇപ്പോഴും സമുചിതമായി ഇപ്പോഴും സുപ്രീം കോടതിയിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണ്.

ഇന്ന് വിദ്യാഭ്യാസ തൊഴിൽ രംഗത്തെ കാഴ്ചയില്ലാത്തവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യത്തെയും അവരുടെ വിഭവശേഷിയെയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒട്ടേറെ പ്രസക്തമായ നിർദ്ദേശങ്ങൾ RPD Act ഉം UNCRPD യും ഉൾപ്പെടെയുള്ള നിയമങ്ങൾ മുന്നോട്ടു വയ്ക്കുന്നു. പ്രധാനമായും ഇത്തരക്കാരുടെ വിഭവശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിന് അവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്രാപ്തിയും അവർക്ക് റീസണബിൾ അക്കോമഡേഷനുള്ള അനുയോജ്യമായ സൗകര്യങ്ങളും നൽകണം എന്ന നിർദ്ദേശം ആക്റ്റ് വിവക്ഷിക്കുന്നുണ്ട്.സംവരണതത്വങ്ങൾ പാലിക്കുന്നതിനും അടിസ്ഥാന സൗ

കര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കെട്ടിടങ്ങളും നടവഴികളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർമ്മിക്കുന്നതിനുമുള്ള മാർഗ്ഗരേഖകൾ RPD Act ന്റെ തുടർച്ച എന്ന നിലയ്ക്ക് ഇന്ന് മുന്നോട്ട് വന്നിട്ടുണ്ട്.സാങ്കേതിക വിദ്യാരംഗത്ത് സ്ക്രീൻ റീഡറുകളും OCR കളും ഇതര സംവിധാനങ്ങളും വന്നതോടുകൂടി കാഴ്ചയുള്ള ഒരാൾ, അഥവാ കൂടുതൽ വിശാലമായി പറഞ്ഞാൽ ശാരീരിക പൂർണ്ണതയുണ്ടെന്ന് വിശ്വസിക്കുന്ന ആളുകൾ ചെയ്യുന്ന ഏറെക്കുറെ എല്ലാ കാര്യങ്ങളും സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിമിതർ എന്ന് വിലയിരുത്തുന്ന ആളുകൾക്ക് ചെയ്യാൻ കഴിയുന്ന തലം നിലവിൽ വന്നിരിക്കുന്നു.അവർക്ക് അന്യമാകുന്ന അവയവശേഷി വഴിയുള്ള സംവേദനമൊഴിച്ചുള്ള മറ്റുള്ളതെല്ലാം അവർക്ക് ചെയ്യാൻ കഴിയും വിധത്തിലുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.ഇവിടെ മഹത്വവത്കരണമോശൂന്യവത്കരണമോ നടത്തി ദ്വന്ദങ്ങളിലേയ്ക്ക് അവരെ ചുരുക്കുന്ന, ഇത്തരം ശാരീരിക ഭിന്നതയുള്ളവരുടെ പരമാധികാരത്തെ മാനിക്കാതെ അവരുടെ ഭിന്നതയെ പൂർണ്ണമായി തിരിച്ചറിയാത്ത ഒരു സാമൂഹിക ഘടനയാണ് തടസ്സമായി നിൽക്കുന്നത്.ഡിസ് എബിലിറ്റി അഥവാ ശാരീരിക ഭിന്നത എന്നുള്ളത് ഒരു ശാരീരിക പരിമിതിയോ ജൈവിക പരിമിതിയോ മാത്രമല്ല മറിച്ച് അത് ഒരു സാമൂഹിക പരിമിതിയാണ് എന്ന് ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

കാഴ്ചയില്ലാത്തവർ ഉൾപ്പെടെയുള്ള ശാരീരിക ഭിന്നതയുള്ളവരുടെ അതിജീവനചരിത്രം ഒരുപാട് രാഷ്ട്രീയ പോരാട്ടങ്ങൾ വഴി രൂപപ്പെട്ടു വന്നിട്ടുള്ളതാണ്.പലപ്പോഴും സമൂഹം ഒന്നും ഔദാര്യമായി ഇത്തരക്കാർക്ക് നൽകുന്നതല്ല. ഔദാര്യം എന്നതൊഴിച്ച് സമൂഹത്തിന്റെ ഒരു മുന്നൊരുക്കമായും സമൂഹത്തിന് ഒഴിച്ചുകൂടാൻ വയ്യാത്തതായും ഈ വിഭാഗത്തോടുള്ള നീതിപൂർവ്വകമായ പ്രവർത്തനങ്ങൾ വരേണ്ടതാണ്.ഏത് പൂർണ്ണശരീരമുള്ള വ്യക്തിയും ജീവിതത്തിന്റെ ഏത്

**ശാരീരിക പൂർണ്ണതയുണ്ടെന്ന് വിശ്വസിക്കുന്ന ആളുകൾ ചെയ്യുന്ന ഏറെക്കുറെ എല്ലാ കാര്യങ്ങളും സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിമിതർ എന്ന് വിലയിരുത്തുന്ന ആളുകൾക്ക് ചെയ്യാൻ കഴിയുന്ന തലം നിലവിൽ വന്നിരിക്കുന്നു. അവർക്ക് അന്യമാകുന്ന അവയവശേഷി വഴിയുള്ള സംവേദനമൊഴിച്ചുള്ള മറ്റുള്ളതെല്ലാം അവർക്ക് ചെയ്യാൻ കഴിയും വിധത്തിലുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.**

ഘട്ടത്തിലും ശാരീരിക ഭിന്നതയുള്ളവരായിത്തീരാമെന്നിരിക്കെ ഇവരുടെ മാനവവിഭവശേഷി കൂടി കൃത്യമായി പ്രയോജനപ്പെടുത്തുന്നതിനായി സമൂഹത്തിന് ആവശ്യം വേണ്ട മുന്നൊരുക്കങ്ങൾ ആയാണ് ഇത്തരക്കാർക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളെ സമൂഹം വീക്ഷിക്കേണ്ടത്.ഔദാര്യത്തിന്റെ തലത്തിൽ നിന്നും അവകാശങ്ങളിലേക്കും പരമാധികാരത്തിൽ അധിഷ്ഠിതമായ കഴിവുകൾ തിരിച്ചറിയുന്നതിലേയ്ക്കും സമൂഹം മാറേണ്ടതുണ്ട്.1995 ൽ നിയമം നിലവിൽ വന്ന് ഏതാണ്ട് ഇരുപത് വർഷം കഴിഞ്ഞിട്ടും 1979 ൽ നിലവിൽ വന്ന GOMS 198 എന്ന നിയമത്തിൽ അനുശാസിച്ചിരുന്ന, ഒരു വ്യക്തിയ്ക്ക് ഒരു സ്ഥാപന മേധാവിയായി ഒരിക്കലും പ്രവർത്തിക്കാൻ കഴിയില്ല എന്ന നിയമം നിലനിന്നിരുന്നു.2014 ൽ അന്നത്തെ ദേശീയ ഭിന്നശേഷി കമ്മീഷണർ ആയിരുന്ന പ്രസന്നകുമാർ പിഞ്ച കേരളം സന്ദർശിച്ചപ്പോൾ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് നടത്തിയ സമുചിതമായ ഇടപെടലിനെ തുടർന്ന് ഈ കരിനിയമം ഇല്ലാതാവുകയും അതിന് മുമ്പ് കാലാകാലങ്ങളിൽ ഭരിച്ചിരുന്ന ഭരണകൂടങ്ങളുടെ ഔദാര്യമായി മാത്രം ഏതെങ്കിലും ബ്ലൈൻഡ് സ്കൂളുകളിൽ പ്രധാനാദ്ധ്യാപക തസ്തിക ലഭിച്ചിരുന്നെങ്കിൽ ഇന്ന് ഹൈസ്കൂളിലും യുപി സ്കൂളുകളിലും പ്ലസ്ടുകളിലും മാത്രമല്ല ഡിഇഒ മാരായിപ്പോലും കാഴ്ചയില്ലാത്തവർ നിയമിക്കപ്പെടുന്ന ഒരു സാഹചര്യം സംജാതമായിരിക്കുന്നു.ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം നൽകണം എന്ന RPD Act ന്റെ അനുച്ഛേദം പൂർണമായ അർത്ഥത്തിൽ പലയിടങ്ങളിലും ഇനിയും നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിലും ഇതിന് വേണ്ടിയുള്ള നിയമയുദ്ധങ്ങൾ ഈ മേഖലയിലെ പ്രസ്ഥാനങ്ങൾ തുടർന്ന് കൊണ്ടിരിക്കുന്നു.

കേരളത്തിന്റെ സവിശേഷത പരിസ്ഥിതി സന്തുലനം പാലിക്കുന്ന കാര്യത്തിലും വികസനം സംബന്ധിച്ച സമീപനത്തിലാണെങ്കിലും സ്ത്രീശാക്തീകരണം സംബന്ധിച്ച വിഷയത്തിലും ഇതര പാർശ്വവത്കൃത സമൂഹങ്ങളുടെ പുനരധിവാസ സംവിധാനങ്ങളിലാണെങ്കിലും കേരളത്തിന് തനതായ ഒരു മാതൃക ഉണ്ടായിരുന്നു.ഈ അർത്ഥത്തിൽ പരിഗണിക്കുമ്പോൾ ഭിന്നശേഷി മേഖലയിലും വിശേഷിച്ച് കാഴ്ചയില്ലാത്തവരുടെ പുനരധിവാസ -അതിജീവനമേഖലയിലും കൃത്യമായ ഒരു കേരള മാതൃക വികസിച്ചിട്ടുണ്ട് എന്ന് എല്ലാ അർത്ഥത്തിലും പറയാൻ കഴിയും.ഇത്തരത്തിൽ ഒരു സാധ്യത കേരളത്തിന് നൽകിയത് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിനെപ്പോലെ വളരെ ശ്രേണീബദ്ധമായി പ്രവർത്തിക്കുന്ന കാഴ്ചയില്ലാത്തവരുടെ അവകാശപ്പോരാളി, കാഴ്ചയില്ലാത്തവരുടെ ജനാധിപത്യ കൂട്ടായ്മ, കാഴ്ചയില്ലാത്തവരുടെ സേവനദാതാവ് എന്നിങ്ങനെ വിവിധ തലത്തിൽ പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനമാണ്.

**ഡോ. സോണി ജോൺ ടി**
ക്രൈസ്റ്റ് കോളജ്, ഇരിങ്ങാലക്കുട

# കായികവിദ്യാഭ്യാസം: പരിവർത്തനത്തിന്റെ വഴികൾ

പഠനവും അറിവുസമ്പാദനവും അറിവുത്പാദനവും അറിവിന്റെ ഉപയോഗവുമൊക്കെ മാനവരാശിയുടെയും അനുബന്ധ ജീവിതസാഹചര്യങ്ങളുടെയും അതിജീവനത്തിന് ഒട്ടും ഒഴിച്ചു കൂടാൻ കഴിയാത്ത ഘടകങ്ങളാണെന്നത് അവിതർക്കിതമാണ്. അതിൽത്തന്നെ മനുഷ്യശരീരത്തെയും വളരെ സവിശേഷമായി മനുഷ്യചലനത്തെയും അതിന്റെ പരിണാമത്തെയും വികാസത്തെയും ചലനോപയോഗരീതികളെയുമെല്ലാം ആഴത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന ശാസ്ത്രശാഖയാണ് കായികവിദ്യാഭാസം. ചലനമെന്നത് ജീവന്റെ സവിശേഷ ലക്ഷണങ്ങളിലൊന്നായതുകൊണ്ടുതന്നെ മനുഷ്യരുടെ അതിജീവനത്തിലും വികാസത്തിലും അതിനു നിർണ്ണായക പങ്കുണ്ട്. ഏതൊരു പഠനശാഖയെയും പോലെ പുലർത്തുന്ന രീതികളിലും സംഘാടനത്തിലും ഉൾക്കൊള്ളിക്കുന്ന പാഠ്യവിഷയങ്ങളിലുമെല്ലാം കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടത് കായികവിദ്യാഭാസത്തെ പരിഷ്കരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒഴിച്ചുകൂടാനാവാത്ത പ്രക്രിയയാണ്.

മനുഷ്യ ചലന സംസ്കാരത്തിന്റെ ഏറ്റവും ഉദാത്തമായ ആവിഷ്കാരങ്ങളാണ് ആധുനിക കായിക മത്സരങ്ങൾ. വംശീയതയിലും സാമ്പത്തിക ഉച്ചനീചത്വത്തിലും മതപരമായ വിശ്വാസത്തിലും സാംസ്കാരികതലത്തിലുമെല്ലാം ഭിന്നിപ്പിന്റെ സാഹചര്യം ഉടലെടുക്കുമ്പോഴും മനുഷ്യരാശിക്ക് അത്തരം അതിർവരമ്പുകൾക്കപ്പുറത്തേക്ക് ഒന്നിപ്പിന്റെ ആശാവഹമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ സ്പോർട്സിനു കഴിയുന്നത്ര ക്ഷമതയിൽ വേറേതെങ്കിലുമൊരു മേഖലക്ക് കഴിയുന്നുണ്ടെന്ന് കരുതാനാവില്ല. കായിക മത്സരങ്ങൾ വിവിധ സമൂഹങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ ഇടപെടലുകൾക്കു വേദിയാവുക മാത്രമല്ല, ഭാഷാദേശവ്യത്യാസമില്ലാതെ മികച്ച കായിക താരങ്ങൾ മാനവഹൃദയങ്ങൾ കീഴടക്കുക കൂടി ചെയ്യുന്നു. ലോകക്കപ്പും ഒളിമ്പിക്സും ഏഷ്യൻ ഗെയിംസുമൊക്കെ പോലെയുള്ള മഹാമേളകൾ കേവലം മത്സരവേദികൾ മാത്രമല്ല, വിവിധ മാനവ സംസ്കാരങ്ങളുടെ സങ്കലനവേദികൾ കൂടിയാണ്. എന്നാൽ കായികവിദ്യാഭ്യാസമെന്നത് കേവലം കായിക മത്സരങ്ങളുടെ പരിശീലനമോ സംഘാടനമോ പങ്കാളിത്തമോ പ്രകടന നേട്ടമോ മാത്രമല്ല, അത് മനുഷ്യ



ചലനപഠനവും ചലനവികാസവും മനുഷ്യരുടെ കായികക്ഷമതയും ആരോഗ്യവും സക്രിയജീവിതശൈലിയും മനുഷ്യരുടെ മാനസികോല്ലാസവുമൊക്കെയായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു ബൃഹത്‌മേഖലയാണ്. ഒരുപക്ഷേ, കേരളത്തിൽ അത്രയധികമൊന്നും ആഴത്തിൽ സ്പർശിച്ചപരിശോധിക്കപ്പെടുകയോ പഠിക്കപ്പെടുകയോ ചെയ്യാത്ത മേഖല കൂടിയാണ് കായിക വിദ്യാഭ്യാസം എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിക്കു വകയുണ്ടെന്നു കരുതാനാവില്ല.

കായിക വിദ്യാഭ്യാസ മേഖല ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന മേഖലകളിലൊന്ന് കുട്ടികളുടെ വളർച്ചയും വികാസവുമാണ്. അതിൽത്തന്നെ ശരീരവളർച്ചയും ശാരീരിക പ്രവർത്തനങ്ങളുടെയും വ്യവസ്ഥകളുടെയും വികാസവും ചാലകവികാസവുമെല്ലാം കായിക വിദ്യാഭ്യാസവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നവയാണെങ്കിലും അവയൊന്നും വേണ്ട രീതിയിൽ പഠിക്കപ്പെടുകയോ അനുബന്ധമായ അറിവുകളുടെ സൂക്ഷ്മമായ പ്രയോഗം നടപ്പിൽ വരുത്തുകയോ ചെയ്യുന്നില്ല. കുട്ടികളുടെ വളർച്ചയുടെ തോതനുസരിച്ച് അവർക്കാവശ്യമുള്ള ചലനാധിഷ്ഠിത കളികളും അഭ്യാസങ്ങളും ഒരുക്കുകയും അവയുടെ കൃത്യമായ നിരീക്ഷണത്തിനും വിലയിരുത്തലിനുമൊപ്പം കാലാനുസൃതമായ മാറ്റങ്ങൾ അവയിൽ കൊണ്ടുവരേണ്ടതുമുണ്ട്. കുട്ടികളുടെ നാഡീപേശി ഏകോപനവും വ്യക്തിത്വവികസനത്തിലെ മറ്റു ഘടകങ്ങളുടെ വികാസവുമെല്ലാം സാധ്യമാക്കുന്നതിൽ കായികവിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ട്. കളികളിലൂടെ സാധ്യമാകുന്നത്ര സാമൂഹികവികാസം മറ്റുമാധ്യമങ്ങളിലൂടെ നേടിയെടുക്കുക ദുഷ്കരമാണ്. അതുപോലെതന്നെയാണ് ഒട്ടു മിക്ക വ്യക്തിത്വവികസന ഘടകങ്ങളുടെ കാര്യവും. കുട്ടികളുടെ പ്രായത്തിനും വളർച്ചക്കുമനുസരിച്ച് കളികളും മറ്റു കായികാഭ്യാസ മുറകളും പാകപ്പെടുത്തുന്നതിനും സംഘടിപ്പിക്കുന്നതിനും അതിനുതകുന്ന അധ്യാപന രീതികൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അത്തരത്തിലൊരു സമൂലമാറ്റം കായികാദ്ധ്യാപകപരിശീലനപരിപാടികളിൽ കൊണ്ടുവരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. അമിതവണ്ണവും തെറ്റായ ആഹാര രീതികളും കായികാഭ്യാസത്തിലുള്ള കുറവും യുവത്വത്തിൽത്തന്നെ കുട്ടികളെ ജീവിതശൈലീരോഗികളാക്കി മാറ്റുന്നു. ശാസ്ത്രവും ചരിത്രവും ഗണിതവുമൊക്കെ പഠിക്കുന്നതിനേക്കാളും ഒരുപക്ഷെ പ്രാധാന്യമർഹിക്കുന്നതാണ് ശരിയായ കായികാഭ്യാസ സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുകയെന്നുള്ളത്. കുട്ടികൾ അക്കാദമികമായ ഉന്നത നിലവാരം പുലർത്തുമ്പോൾ തന്നെ ആവശ്യം വേണ്ട കായികസംസ്കാരം കൂടി വളർത്തിയെടുത്തില്ലെങ്കിൽ ജീവിതശൈലീരോഗങ്ങൾക്ക് എളുപ്പത്തിലവരെ കീഴ്പ്പെടുത്താൻ കഴിയുമെന്ന വസ്തുത മനസ്സിലാക്കി വേണം സ്കൂളുകളിലെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പാഠ്യപദ്ധതികൾ പരിഷ്കരിച്ചെടുക്കുവാൻ.

ഉന്നതവിദ്യാഭ്യാസരംഗത്തെ കായിക വിദ്യാഭ്യാസം ഇന്നും മത്സരാധിഷ്ഠിത കായികമത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുപുറമെ മിക്കവാറും ബിരുദബിരുദാനന്തര കായികാദ്ധ്യാപക കോഴ്സുകൾ മാത്രമായി പരിമിതപ്പെട്ടുപോകുന്നത് ഒട്ടും ശുഭോദർക്കമായ സംഗതിയല്ല. ലോകമെമ്പാടും വിവിധ കായിക ശാസ്ത്രവിഷയങ്ങൾ ഐച്ഛികമായി പഠിക്കാൻ കഴിയുന്ന തരത്തിലുള്ള പാഠ്യപരിപാടികൾ ഇന്ന് ലഭ്യമാ



ണ്. നമ്മുടെ സർവ്വകലാശാലകളും അത്തരത്തിൽ പാഠ്യപദ്ധതികൾ ഒരുക്കി മുന്നോട്ടു വരേണ്ടതുണ്ട്. പ്രധാന കായികശാസ്ത്രവിഷയങ്ങളായ കായികമനഃശാസ്ത്രം, കായികശരീരശാസ്ത്രം, കിൻസിയോളജി, ബയോമെക്കാനിക്സ്, കായിക സാമൂഹ്യശാസ്ത്രം, കായിക ചരിത്രം, സ്പോർട്സ് മാനേജ്മെൻറ്, സ്പോർട്സ് ജേണലിസം, സ്പോർട്സും അന്താരാഷ്ട്ര ബന്ധങ്ങളും തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകം പ്രത്യേകം പാഠ്യപദ്ധതികൾ ലഭ്യമാക്കാൻ സർവ്വകലാശാലകൾ മുന്നോട്ടുവരേണ്ടതുണ്ട്. അതുപോലെതന്നെ കായികക്ഷമതയുമായി ബന്ധപ്പെട്ട സ്ട്രെങ്ത് ആൻഡ് കണ്ടിഷനിംഗ് വിദഗ്ദ്ധർക്കുള്ള പരിശീലനപരിപാടി, സ്പോർട്സ് ഫിസിയോതെറാപ്പി തുടങ്ങിയ കോഴ്സുകളും പ്രാധാന്യമർഹിക്കുന്നവയാണ്. മത്സരാധിഷ്ഠിത കായികാഭ്യാസത്തിനുതകുന്ന തരത്തിലുള്ള പരിശീലകരെ തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കാനുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുന്നതിനും യൂണിവേഴ്സിറ്റികൾ മുന്നോട്ടുവരേണ്ടതുണ്ട്. മറ്റു സ്ഥാപിത വിജ്ഞാന മേഖലകളിൽനിന്നുള്ള വിദഗ്ധർ തങ്ങളുടെ അറിവിനെ സ്പോർട്സുമായി സമന്വയിപ്പിക്കുന്നതിനു തയ്യാറാവേണ്ടതുണ്ട്. അത്തരത്തിൽ സ്പോർട്സിനെയും കായികവിദ്യാഭ്യാസത്തെയും മറ്റു വിഷയങ്ങളുമായി ചേർത്ത് പഠിക്കുന്നത് സ്പോർട്സിന്റെ ഒരു അക്കാദമിക് വിഷയമെന്ന നിലക്കുള്ള വികാസത്തിന് ഏറ്റവും ഉചിതമാകുമെന്ന കാര്യത്തിലും തർക്കമില്ല. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് ശാരീരികമാനസിക ഔത്സുക്യവും (physical and mental wellness) മനുഷ്യരുടെ ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട പഠനപരിപാടികളും. കായികവിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിക്കേണ്ട മറ്റൊരു മേഖല പുറംലോക വിദ്യാഭ്യാസവുമായി (outdoor education) ബന്ധപ്പെട്ടതാണ്. ക്യാംപിങ്ങും ട്രക്കിങ്ങുമൊക്കെയുൾപ്പടെയുള്ള സാഹസിക കായിക പരിപാടികൾ ഇന്ന് ലോകമെമ്പാടും വലിയ പ്രചാരമുള്ളവയാണ്. കുട്ടികളുടെ വ്യക്തിത്വവികാസത്തിലും ജീവിതാവസ്ഥകളെ നേരിടാനുള്ള ആത്മവിശ്വാസത്തിലും വലിയ രീതിയിലുള്ള ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കെല്പുള്ളവയാണ് ഇത്തരം പരിപാടികൾ. അത്തരം മേഖലകളിലെ വിദഗ്ധരെ സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന പഠനപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ നമ്മുടെ സർവ്വകലാശാലകൾക്കു കഴിയേണ്ടതുണ്ട്.

സ്പോർട്സ് ഇന്ന് ഏറ്റവും വേഗത്തിൽ വികസിക്കുന്ന തൊഴിൽ മേഖലകളിലൊന്നാണ് എന്ന് നിസ്സംശയം പറയാൻ കഴിയും. സ്പോർട്സിന്റെ വിനോദമൂല്യം തന്നെയാണ് അത്തരമൊരു പ്രസക്തിക്കാധാരം. സ്പോർട്സിന്റെ സാർവദേശീയ സ്വീകാര്യത മറ്റു വിനോദ മാധ്യമങ്ങൾക്ക് അവകാശപ്പെടാനാവില്ല. ആ വിനോദത്തെ ഉൽപ്പാദിപ്പിക്കുന്നതിലും ജനങ്ങളിലേക്കെത്തിക്കുന്നതിലും അതുമായി ബന്ധപ്പെട്ട പഠനങ്ങളിലും ശാസ്ത്രീയ ഗവേഷണങ്ങളിലുമൊക്കെത്തന്നെ വലിയ രീതിയിലുള്ള സാധ്യതകൾ ഒളിഞ്ഞിരിപ്പുണ്ട്. അത്തരം മേഖലകളിലേക്ക് അവശ്യം വേണ്ട വിദഗ്ധരെ ഉൽപ്പാദിപ്പിക്കുന്നതിനോടൊപ്പം തന്നെ ആ മേഖലകളിലെ വിജ്ഞാനവികസനവും കൂടി സാധ്യമാക്കിയെടുക്കേണ്ടതുണ്ട്. അതിനുതകുന്ന ഗവേഷണവും ആഴത്തിലുള്ള പഠനങ്ങളും ഏറ്റെടുക്കാൻ സർവ്വകലാശാലകളും അക്കാദമിക വിദഗ്ധരും മുന്നോട്ടുവരണം.

# എകെപിസിടിഎ സംസ്ഥാന പ്രവർത്തക ക്യാമ്പ്




എകെപിസിടിഎ സംസ്ഥാന പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു.കേരളത്തിലെ എയ്ഡഡ് കോളേജ് അധ്യാപകരുടെ സംഘടനയായ എകെപിസിടിഎയുടെ പ്രവർത്തക ക്യാമ്പ് മൂവാറ്റുപുഴയിൽ ക്രൈസ്റ്റ് നിർമ്മല സെന്ററിൽ വച്ച് നടത്തി. രണ്ട് ദിവസമായി നടന്ന ക്യാമ്പിൽ വിവിധ കമ്മറ്റികളുടെ പ്രവർത്തന മാർഗ രേഖകളും ദേശീയ തലത്തിലും സംസ്ഥാനതലത്തിലും നിലനിൽക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും സാധ്യതകളും ചർച്ചയായി. സംസ്ഥാന പ്രസിഡന്റ് ഡോ. ബിജുകുമാർ കെ അധ്യക്ഷനായ ഉദ്ഘാടന സമ്മേളനത്തിൽ സെക്രട്ടറി ഡോ. സി പത്മനാഭൻ സംഘടനാ പ്രവർത്തന രേഖയും സബ് കമ്മിറ്റി ചുമതലയുള്ള പ്രവർത്തക സമിതി അംഗങ്ങൾ വിവിധ കമ്മിറ്റികളുടെ ഈ അക്കാദമിക വർഷത്തെ പ്രവർത്തന മാർഗരേഖയും അവതരിപ്പിച്ചു. കേരളത്തിലെ സമഗ്രമായ ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടത്തിയ പാനൽ ചർച്ചയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം പോൾ വി കാരന്താനം മോഡറേറ്റർ ആയി. പാനലിസ്റ്റുകളായി കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. പ്രമോദ് വെള്ളച്ചാൽ, എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം ഹരികൃഷ്ണൻ പി, സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. എ. എസ് സുമേഷ്, എംജി സർവകലാശാല അക്കാദമിക് കമ്മറ്റി കൺവീനർ ഡോ. ലിബിൻ കുര്യാക്കോസ് എന്നിവർ സംസാരിച്ചു. അഖിലേന്ത്യാ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ സാഹചര്യത്തെക്കുറിച്ച് ഐഫക്ടോ ദക്ഷിണ മേഖല സെക്രട്ടറി ഡോ. ജോജി അലക്സ് പ്രബന്ധം അവതരിപ്പിച്ചു. സംഘടനാചരിത്ര അവതരണം പുരോഗമന കലാസാഹിത്യ സംഘം മുൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. വി എൻ മുരളി നടത്തി. സർവകലാശാല മേഖല തലത്തിൽ പ്രവർത്തനരേഖയുടെ മേൽ നടന്ന ചർച്ചക്ക് ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ മറുപടി നൽകി. ക്യാമ്പ് സമാപന സമ്മേളനത്തിൽ സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. വിനോദ് കുമാർ ജേക്കബ്, വനിതാ കമ്മിറ്റി കൺവീനർ ആശ പ്രഭാകർ, സംസ്ഥാന വൈസ് പ്രസിഡന്റ് ഷാജിത എസ്,പ്രവർത്തക സമിതി അംഗം ജിഷാ മേരി മാത്യു, സാംസ്കാരിക വേദി കൺവീനർ സോന പി, ജേർണൽ എഡിറ്റോറിയൽ ബോർഡ് അംഗം ശ്രീലക്ഷ്മി എ ആർ, പ്രവർത്തക സമിതി അംഗം ശ്രീലത സി., സർവീസ്





സെൽ കൺവീനർ ഡോ. സുഷമാ രാജ് ആർ.വി, എറണാകുളം ജില്ലാ സെക്രട്ടറി ഡോ. എസ് മോഹൻ, എംജി സർവകലാശാല മേഖലാ സെക്രട്ടറി ഡോ. അരുൺ എ യു, എറണാകുളം ജില്ലാ പ്രസിഡൻറ് ഡോ. ജേക്കബ് എബ്രഹാം എന്നിവർ സംസാരിച്ചു.

AKPCTA വർക്കേഴ്സ് ക്യാമ്പിനോട് അനുബന്ധിച്ച സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ടി.ആർ.മനോജ് കായംകുളം MSM കോളേജ് യൂണിറ്റ് അംഗമായ ഡോ.സമീർ.കെ.എച്ച് എന്നിവർ നടത്തിയ സൈക്കിൾ പ്രാചാരണ യാത്രയ്ക്ക് പ്രവർത്തക ക്യാപ് നടക്കുന്ന മൂവാറ്റുപുഴ നെസ്റ്റ് സെന്ററിൽ സ്വീകരണം നൽകി.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് – നീട്ടിവെച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (കൈ) നം. 151/2023/(42)/ധന.** **തിരുവനന്തപുരം, തീയതി, 10/10/2023**

---

പരാമർശം - 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021
2. സ.ഉ (അ) നം.42/2021/ധന. തീയതി 26.02.2021
3. സ.ഉ (അ) നം.21/2022/ധന. തീയതി 18.02.2022
4. സ.ഉ (അ) നം.31/2023/(34)/ധന. തീയതി 30.03.2023

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും, സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടേയും ശമ്പള സ്കെയിലുകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ട് പരാമർശം (1) മുതൽ (3) വരെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകളിൽ പരാമർശം (1) ഖണ്ഡിക 43, പരാമർശം (3) ഖണ്ഡിക 34 എന്നിവ പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി 25% വീതം 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു.

2) സംസ്ഥാനം അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു ജീവനക്കാരുടെ പി .എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് നീട്ടി വെച്ച് കൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് അയവ് വന്നിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു 01.10.2023 ന് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ നീട്ടിവെച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1/5914628/2023

അടിയന്തിരം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

നം. ഡി2/165/2022/ഉ.വി.വ.

18-10-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള സർവകലാശാല
രജിസ്ട്രാർ, എം.ജി. സർവകലാശാല
രജിസ്ട്രാർ, കാലിക്കറ്റ് സർവകലാശാല
രജിസ്ട്രാർ, കണ്ണൂർ സർവകലാശാല

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ യു.ജി.സി./എ.ഐ.സി.ടി.ഇ. സ്ക്രീമിന് കീഴിൽ വരുന്ന അദ്ധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നത് - സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നത് - തത്കാലം നിർത്തി വയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 11.08.2023 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സംസ്ഥാനത്തെ യു.ജി.സി./എ.ഐ.സി.ടി.ഇ. സ്ക്രീമിന് കീഴിൽ വരുന്ന അദ്ധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നത് സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച സൂചന കത്തിന്മേൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നടപടി സ്വീകരിക്കേണ്ടതില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
ബിജിമോൾ കെ ചാക്കോ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Suryasree S
Date: 18-10-2023 11:04:56

പകർപ്പ് :
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവ്വീസ് ചട്ടങ്ങൾ – ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.102/2023/ധന.** **തീയതി, തിരുവനന്തപുരം, 26.09.2023.**

---

പരാമർശം :- 1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 03.02.2021 ലെ കെ 3–3804/2020/മെവിവ നമ്പർ കത്ത് .

2. 09.06.2022 ലെ സ. ഉ. (പി) നം. 5/2022/ഉ.ഭ.പ.വ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03/06/2023 ലെ ഡി.എച്ച്.എസ്/1356/2023/എം.എസ്.പി 3 നമ്പർ കത്ത്.

**ഉത്തരവ്**

വൃക്ക സംബന്ധമായ അസുഖം കാരണം ഡയാലിസിസിന് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം പ്രത്യേക ആകസ്മിക അവധി അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. സമാന ആവശ്യം ഉന്നയിച്ച് റഗുലർ ജീവനക്കാരിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ നിബന്ധനകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷം പരമാവധി 15 (പതിനഞ്ച്) ദിവസം പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മറ്റ് തരത്തിൽ തീർപ്പാക്കിയ പഴയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല.

4. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി (ധനകാര്യ-വ്യയം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II ), കേരള, തിരുവനന്തപുരം.

O.(Ms)No.547/2023/HEDN

GOVERNMENT OF KERALA

**Abstract**

Higher Education - Technical - AICTE Pay Revision 2016 - Government/Government Aided Engineering Colleges - Revision of scale of pay of Teachers/Faculty of Institutions under the purview of AICTE Scheme - Clarified - Orders - issued.

**HIGHER EDUCATION (G) DEPARTMENT**

G.O.(Ms)No.547/2023/HEDN Dated,Thiruvananthapuram, 03-10-2023

Read 1. F.No.61-1/RIFD/7th CPC/2016 - 17 dated 01.03.2019 of AICTE, New Delhi.
2. G.O.(Ms) No.154/2020/HEdn dated 31.03.2020.
3. G.O.(Rt) No.649/2020/HEdn dated 21.05.2020.
4. G.O.(Ms) No.55/2021/HEdn dated 02.02.2021
5. G.O.(Rt) No.254/2021/HEdn dated 10.02.2021
6. G.O.(Ms) No. 99/2021/H.Edn dated 16.02.2021.
7. G.O.(P) No.70/2021/(1)Fin dated 30.04.2021
8. Letter No.L2/4768/2022/DTE dated 08.03.2022 from the Director of Technical Education, Thiruvananthapuram.

**ORDER**

As per the notification read as 1st paper above, the All India Council for Technical Education (AICTE) had revised the Pay Scales, Service Conditions and Minimum Qualifications for the Appointment of Teachers and Other Academic Staffs in Technical Institutions (Degree level) and Measures for the Maintenance of Standards in the Technical Education.

2. In tune with the AICTE notification, Government had revised

the Pay scales, Service conditions and Minimum Qualifications for the Teachers and Other Academic staffs in Technical Institutions (Degree level) in accordance with the AICTE Regulations/revisions and certain cancellations were made. Vide government order read as 6th paper above, revised orders for the scale of pay of the teachers/faculties of Government/Government aided Engineering colleges were revised in line with the AICTE notification.

3. The Director of Technical Education, vide letter read 7th above, has sought for clarifications on the date of effect of the revised scale of pay admissible with the salary, which is not mentioned in the Government order read as 6th above. Various representations received from the pensioners of the Technical Education Department.

4. Government have examined the matter in detail and are pleased to issue the following clarifications by fixing the date of encashment of the disbursement of the 7th AICTE pay revision as 01/03/2021 (date of drawal of revised salary in cash) to the faculty members of Engineering Colleges and the pay revision benefits upto 28.02.2021 as arrears, which has to be credited to the respective GPF account on receipt of the central share of arrears of 7th AICTE pay revision of Engineering college teachers. In the case of faculties who have retired from service in between 01/01/2016 and 28/02/2021, they are also eligible for 7th AICTE Pay Revision on the same date in which they are disbursed to the faculties who are continuing in service.

(By order of the Governor)
C AJAYAN
ADDITIONAL SECRETARY

To:

The Director of Technical Education
The Accountant General (A&E) Kerala, Thiruvananthapuram
The Regional Director, AICTE, Southern Region, Bangalore.
The Principals of all Engineering Colleges.(Through DTE)
The Finance (Education C) Department (2067537/EDN-C2/152/2022-Fin)
The Higher Education (J) Department

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി സമ്പൂർണ്ണ സൗജന്യ ബസ് യാത്ര അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

G.O.(Rt) No.434/2023/TRANS തീയതി,തിരുവനന്തപുരം, 04-10-2023

---

പരാമർശം:- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ലക്ഷ്യത്തിലേയ്ക്കുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2023 ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17/08/2023 തീയതിയിലെ ഗതാഗത വകുപ്പ് മന്ത്രിയുടെ 211/Note/2023/M(Trans) നമ്പറിലുള്ള കുറിപ്പ്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി./പ്രൈവറ്റ് ബസ്സുകളിൽ സമ്പൂർണ്ണ സൗജന്യ ബസ് യാത്ര അനുവദിച്ച് ഉത്തരവാകുന്നു.

2) പ്രസ്തുത ആനുകൂല്യം 2023 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA M
JOINT SECRETARY

To

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ratheesh R
Date: 04.10.2023 17:10:32

# ശില്പശാല




എ കെ പി സി ടി എ കേരള സർവകലാശാല മേഖല കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളെ സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചു.സമഗ്രമായ കരിക്കുലം പരിഷ്കരണത്തിലെ സാധ്യതകളും വെല്ലുവിളികളും ശില്പശാല ചർച്ച ചെയ്തു. ഐഫക്ടോ സോണൽ സെക്രട്ടറി  പ്രൊഫ ജോജി അലക്സ് ഉദ്ഘാടനം നിർവഹിച്ചു. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം പ്രൊഫ.പോൾ കാരന്താനം മുഖ്യാതിഥിയായി. സംസ്ഥാന പ്രസിഡന്റ് പ്രൊഫസർ കെ ബിജുകുമാർ, വൈസ് പ്രസിഡന്റുമാരായ ഡോ ഷാജിത എസ്, ഡോ ടി ആർ മനോജ്, അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ എ എസ് സുമേഷ്, ഡോ ലിബിൻ കുര്യാക്കോസ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ എസ് ശ്രീവൽസൻ, എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി  പ്രൊഫസർ രാജേന്ദ്രൻ, മുൻ ട്രഷറർ ശ്രീമോഹന കൃഷ്ണൻ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി. സംസ്ഥാന സെക്രട്ടറി സോജു എസ് സ്വാഗതവും തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ രഞ്ജു ആർ കൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു. 60 ഓളം സംഘടനാ അംഗങ്ങൾ സജീവമായി പങ്കെടുത്തു.



പുതിയ ബിരുദ കരിക്കുലം രൂപീകരണവുമായി ബന്ധപ്പെട്ട് എകെപിസിടിഎ എംജി സർവകലാശാല മേഖല കമ്മറ്റി ശിൽപ്പശാല സംഘടിപ്പിച്ചു. അടുത്ത അക്കാദമിക വർഷത്തോടെ ആരംഭിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് രൂപീകരണത്തിന് പഠന ബോർഡ് അംഗങ്ങളായ അധ്യാപകർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. ഐഫക്ടോ ദക്ഷിണ മേഖല സെക്രട്ടറി ഡോ. ജോജി അലക്സ് ശില്പശാല ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ എംജി മേഖല സെക്രട്ടറി ഡോ. എ യു അരുൺ, സിൻഡിക്കേറ്റ് അംഗം ഹരികൃ



ഷ്ണൻ പി, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗം പോൾ വി. കാരന്താനം, പത്തനംതിട്ട ജില്ല സെക്രട്ടറി റെയ്സൺ സാം രാജു, സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. സുമേഷ് എഎസ്, മേഖല അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. ലിബിൻ കുര്യാക്കോസ്, പ്രവർത്തക സമിതി അംഗം ജിഷ മേരി മാത്യു എന്നിവർ സംസാരിച്ചു.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.305

ISSN 2454-4795
Rs.11/- OCTOBER - NOVEMBER - 2023




Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**